2026 JANUARY
VOL 25
ISSUE 1
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക




JESUS YOUTH
A MISSIONARY
MOVEMENT AT
THE SERVICE OF
THE CHURCH

www.jykairosmedia.org



Image by Kairos Media

**വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ CMI (10/02/1805 - 03/01/1871)**

ആലപ്പുഴ, കൈനകരിയിൽ കുര്യാക്കോസ് ചാവറയുടെയും മറിയം തോപ്പിലിന്റെയും മകനായി ജനിച്ചു. പൗരസ്ത്യ കത്തോലിക്കാ സഭയായ സീറോ–മലബാർ സഭാംഗവും, പുരോഹിതനും, തത്ത്വചിന്തകനും, സാമൂഹിക പരിഷ്കർത്താവുമായിരുന്നു. കാർമെലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റിന്റെ (CMI) സഹസ്ഥാപകനും ആദ്യത്തെ പ്രിയോർ ജനറലുമായിരുന്നു. 1871 ജനുവരി 3ന് 65 വയസ്സുള്ളപ്പോൾ എറണാകുളത്തെ കൂനമ്മാവിൽ അന്തരിച്ചു. കൂനമ്മാവിലെ സെന്റ് ഫിലോമിനാസ് ഫൊറോന പള്ളിയിൽ അദ്ദേഹത്തെ സംസ്കരിച്ചു.

എഡിറ്റേഴ്സ് റൂം -
അഡ്വ. കെ.ജെ. ജോൺസൺ
jjadvocatesjy@gmail.com



# ദൈവപുത്രന്മാരെ നിങ്ങൾക്ക് സ്വാഗതം

യേശുവിന്റെ പ്രസിദ്ധമായ മലയിലെ പ്രസംഗത്തിലെ ഒരു തിരുവചന ഭാഗമാണ് "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവപുത്രർ എന്ന് വിളിക്കപ്പെടും" എന്നത്. നാം വ്യാപരിക്കേണ്ടത് എങ്ങനെയാണെന്നുള്ള വിളികൂടിയാണിത്. തെറ്റിധാരണകളും വിദ്വേഷങ്ങളും വളരെ എളുപ്പം പരക്കുന്ന ഈ ലോകത്തിൽ സമാധാനത്തിന്റെ വക്താക്കളാകുന്നവർ വിരളമാണ്. പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ഒഴിവാക്കുന്നവരല്ല സമാധാനപാലകർ, മറിച്ച് ശാന്തഹൃദയത്തോടെയും സൗഖ്യമായ മനസ്സോടെയും സംഘർഷമുള്ള ഇടങ്ങളിൽ ധൈര്യപൂർവം ഇറങ്ങിച്ചെന്ന് പരിഹാരത്തിന് പ്രവർത്തിക്കുന്നവരാണ് ഇവർ.

ഒരു കഥ കേട്ടിട്ടുണ്ട്; നാട്ടിലെ പ്രമാണികുടുംബത്തിലെ ചേട്ടനും അനുജനും തമ്മിൽ തർക്കമുണ്ടായി. ഒരു വീട്ടിൽ താമസിച്ചിരുന്നവർ വീട്ടിൽ നിന്നു മാറി. അനുജൻ തൊട്ടടുത്ത് വീടുവച്ചു. പരസ്പരം സ്നേഹിക്കുന്നതിനെക്കാൾ പതിന്മടങ്ങായി ഇവർ തമ്മിൽ ശത്രുത കൂടി. അനുജന്റെ വീടിനെ മറയ്ക്കാൻ വലിയൊരു മതിൽ പണിയാൻ ചേട്ടൻ തീരുമാനിച്ചു. ഉള്ള മതിൽ ഉയർത്തി, മരപ്പലകകൊണ്ട് മറയ്ക്കാൻ മരാശാരിയെ ഏർപ്പാടാക്കി. സഹോദരന്മാരെ അടുത്തറിയുന്ന ആശാരി മതിൽ ഉയർത്തുന്നതിന് പകരം ഒരു പാലമാണ് നിർമിച്ചത്. ചേട്ടൻ പണിയെ ചോദ്യം ചെയ്തപ്പോൾ ആശാരി പറഞ്ഞു, മതിലുകളെക്കാൾ ബലമുള്ളത് പാലങ്ങൾക്കാണ് അങ്ങുന്നേ. പണി നോക്കാൻ പാലത്തിലൂടെ നടന്നുചെന്ന ചേട്ടനെ കണ്ട അനുജൻ കെട്ടിപ്പിടിച്ചു എന്നതാണ് കഥ.

മതങ്ങളും രാഷ്ട്രങ്ങളും പരസ്പരം ചേരിതിരിഞ്ഞ് മതിലുകൾ പണിയാൻ ശ്രമിക്കുമ്പോൾ, ക്രിസ്തു ഉദ്ബോധിപ്പിക്കുന്നത് പരസ്പര സഹവർത്തിത്വത്തിന്റെ പാലങ്ങൾ പണിയാനാണ്. കുടിയേറ്റം തടയാൻ രാജ്യത്തിന്റെ അതിർത്തിയിൽ മതിൽ പണിയുമെന്ന് ഒരു രാഷ്ട്രത്തലവൻ ഭീഷണിപ്പെടുത്തിയപ്പോൾ, ഫ്രാൻസിസ് പാപ്പ പറഞ്ഞു: മതിലുകൾ ഉയർത്തുന്നവരല്ല, പാലങ്ങൾ പണിയുന്നവരാണ് ക്രൈസ്തവർ എന്ന്.

മനുഷ്യരെ ഒന്നിപ്പിക്കാനായിരുന്നു ക്രിസ്തു പ്രവർത്തിച്ചത്; അവന്റെ മരണം പോലും. പാപികളെ സ്നേഹിച്ചപ്പോഴും, പാവങ്ങളോടുകൂടെ സഹവസിച്ചപ്പോഴും, പശ്ചാത്തപിച്ചവരെ ഉൾക്കൊണ്ടപ്പോഴും, ദൈവത്തിനും മനുഷ്യർക്കുമിടയിൽ പാലം പണിയുകയായിരുന്നു ക്രിസ്തു. ഇന്ന് കാണുന്നത് മനുഷ്യരെ പരസ്പരം വിഘടിപ്പിക്കുന്നതാണ്. ഇതിനിടയിൽ സമാധാനം സ്ഥാപിക്കാൻ പരിശ്രമിക്കുന്ന 'ദൈവപുത്രന്മാർ' മനുഷ്യരെ ഒരുമിപ്പിക്കാൻ പാടുപെടുകയാണ്; എളുപ്പമുള്ള കാര്യമല്ലയിത്. ദീർഘമായ ക്ഷമയും ധൈര്യവും വേണമതിന്.

രണ്ടുപേർ തമ്മിൽ വഴക്കടിക്കുമ്പോൾ അവർക്കിടയിൽ കയറിവന്ന് ആ വഴക്കിനെ ഇല്ലാതാക്കാൻ പരിശ്രമിക്കുന്ന മൂന്നാമനെ കണ്ട്, മറ്റൊരുവൻ പറയുകയാണ്: "തനിക്കെന്ത് കാര്യം അവർക്കിടയിൽ വരാൻ! അവർ തമ്മിൽ വഴക്കടിക്കട്ടെ; നിങ്ങളെന്തിനാണത് തടയുന്നത്?" വഴക്കുകൾ ആസ്വദിക്കുന്നവരെയും, അത് പരിഹരിക്കാൻ ശ്രമിക്കുന്നവരെയും എല്ലായിടങ്ങളിലും കാണാൻ സാധിക്കും. കലഹങ്ങൾക്കിടയിൽ വേദനയോടെ കടന്നുവന്ന് അതുപരിഹരിക്കാൻ പരിശ്രമിക്കുന്നവരെയാണ് 'ദൈവപുത്രന്മാർ' എന്ന് നമുക്ക് വിളിക്കാനാവുക. ക്രിസ്തുവിനെ നോക്കിയാൽ നാം കാണുന്നതും ഇതാണ്. ജനനം മുതൽ പീഡാ സഹനങ്ങളിലൂടെയും മരണത്തിലൂടെയും ഉയിർപ്പിലൂടെയുമെല്ലാം മാനവരാശിയെ സ്നേഹമെന്ന ഒറ്റവികാരത്തിൽ ഒരുമിപ്പിച്ച് ചേർത്തുനിറുത്തുന്ന ദൈവസ്നേഹം.

ഈ പുതുവർഷത്തിന് ആവശ്യം 'ദൈവപുത്രരെ'യാണ്. മുഖത്തുനോക്കി സ്നേഹത്തിൽ സത്യം പറയുന്നവരെ..



എഡിറ്റർ–ഇൻ–ചീഫ്

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr Paul A.J. *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Godwin Ignatious 9995211689 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org

**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org
+91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org
+1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam


കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com

contents

08

12

14

18

20

24

28


**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**
കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327 62382 79115
kairosmag@jykairosmedia.org




കാലചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു, ക്രമബദ്ധമായി. വേനലും വന്നു വറുതിയും വന്നു, വർഷവും വസന്തവും വന്നു പോകുന്നു. കളികൾ മാറി കാഴ്ചകൾ മാറി, രുചികൾ മാറി അഭിരുചികൾ മാറി. ഞാൻ മാറി നീ മാറി നമ്മളാകെ മാറി. ഇനി ഞാനില്ല നീയില്ല നമ്മൾ മാത്രം. നാമിനി മുന്നോട്ട്. കാലചക്രത്തിനൊപ്പം ക്രമബദ്ധമായ് നമ്മളും.. ഇനി നമ്മൾ പങ്കിടും സങ്കടങ്ങൾ.. ഇനി നമ്മൾ താങ്ങാകും തകർച്ചകളിൽ.. ഇനി നമ്മൾ നേരിടും പ്രതിബന്ധങ്ങൾ.. ഇനി നമ്മളാഘോഷിക്കും വിജയങ്ങൾ..


**പുതുവർഷത്തിൽ പ്രിയ വായനക്കാർക്ക് നേരുന്നു.. പ്രാർഥനകളും ആശംസകളും..**

**DEUS TE BENEDICAT**


32



34



36




38



44



വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
വാർത്താവിചാരം
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും




# Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds

# JESUS YOUTH FULLTIMERS'

# CHRIST JUBILEE

(33RD BATCH)

# SILVER JUBILEE

(9TH BATCH)

# 2025



 - ഡോ. ജിൻസി മാത്യു PhD, എറണാകുളം

# തീപാറും തീക്ഷ്ണതയിൽ

**ആഴത്തിലുള്ള ആത്മീയതയും തീക്ഷ്ണമായ ഈശ്വരവിശ്വാസവും ഉപാധികളില്ലാത്ത മനുഷ്യസ്നേഹവുമായി വൈദികനായിത്തീർന്ന ഫാദർ ജോർജ് മുടക്കാംപുറത്തിന്റെ ഓർമകളും അനുഭവങ്ങളും**

ആഴത്തിലുള്ള ആത്മീയതയും തീക്ഷ്ണമായ ഈശ്വരവിശ്വാസവും ഉപാധികളില്ലാത്ത മനുഷ്യസ്നേഹവുമായി ഒരു ക്രിസ്ത്യൻ മിഷണറിയായിത്തീരാൻ ആഗ്രഹിച്ചു വൈദികനായിത്തീർന്ന ഫാദർ ജോർജ് മുടക്കാംപുറത്തിനോട് അന്നത്തെ സഭാധികാരി ചോദിച്ചു, "നമ്മുടെ ധ്യാനകേന്ദ്രത്തിൽ യുവജനങ്ങൾക്കായി ഒരു ട്രെയിനിങ് നടക്കുന്നുണ്ട്; അവരുടെ കൂടെ ആയിരിക്കാൻ താത്പര്യമുണ്ടോ? ഈ ട്രെയിനിങ്ങിലുള്ളത്, ജീസസ് യൂത്ത് എന്ന മിഷണറി കൂട്ടായ്മയുടെ 'ക്യാംപസ് ഫുൾടൈമേഴ്സ്' എന്നറിയപ്പെടുന്ന ഡിഗ്രി കഴിഞ്ഞ യുവജനങ്ങളാണ്." ദശാബ്ദങ്ങളായി ഭാരതത്തിന്റെ വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ സേവനം ചെയ്യുന്ന ഈ വൈദികന്, പത്രമാധ്യമങ്ങളിൽ കണ്ടു പരിചിതമായിരുന്നത് അക്രമ രാഷ്ട്രീയങ്ങളുടെയും സംഘട്ടനങ്ങളുടെയും കഥകൾ പറയുന്ന കേരളത്തിലെ കോളേജ് ക്യാംപസ് വാർത്തകളായിരുന്നു. ആ കലാലയങ്ങളിൽ ആത്മീയ വിപ്ലവത്തിന്റെ അഗ്നി കത്തിപ്പടരുന്നതിനെക്കുറിച്ചു ജോർജച്ചന് കേട്ടുകേൾവി പോലുമില്ലാതിരുന്നതുകൊണ്ട് ഈ യുവ മിഷണറികളുടെ ഇടയിൽ എന്തു സംഭവിക്കുന്നു എന്നറിയാൻ ആകാംഷ തോന്നി. മാതാപിതാക്കളുടെ ആരോഗ്യ പ്രശ്നങ്ങളിൽ അവരെ സഹായിക്കാൻ അച്ചൻ നാട്ടിലേയ്ക്ക് വന്നയുടനെ ആയിരുന്നു ഈ സംഭവം.1993 രണ്ടാം ബാച്ച് ഫുൾടൈമേഴ്സിന്റെ ട്രെയിനിങ് കടുത്തുരുത്തി SVD ധ്യാനകേന്ദ്രത്തിൽ നടക്കുമ്പോൾ, മുഴുവൻ സമയവും ജോർജച്ചനും അവരോടൊപ്പം ട്രെയിനിങ്ങിൽ ഉണ്ടായിരുന്നു. ട്രെയിനിങ്ങിനിടയിൽ ഔട്ട്റീച്ച് പരിപാടിയുടെ ഭാഗമായി



മാന്നാനം കെ.ഇ. കോളേജിലേക്ക് പോയ ടീമിന്റെ കൂടെ ഒരാഴ്ച അവിടെ താമസിച്ച് അവരുടെ പ്രവർത്തനങ്ങളെ മനസ്സിലാക്കി. പിന്നീട് അച്ചൻ കേട്ട ആദ്യ ബാച്ചിന്റെ സക്സസ് സ്റ്റോറീസുമായി അവരുടെ കമ്മിറ്റ്മെന്റ് സ്ഥലങ്ങളിൽ പോയി കോളേജ് പ്രിൻസിപ്പാളിനെയും അവർ താമസിച്ചിരുന്ന ഹോസ്റ്റൽ വാർഡനെയും കണ്ടു. കേരളത്തിലെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചു അദ്ദേഹം പറയുന്നത് കേൾക്കുമ്പോൾ ആത്മീയതുടെ കാണാപ്പുറങ്ങൾ, മറനീക്കി വന്ന് നമ്മുടെ ഉൾക്കണ്ണുകൾ തുറപ്പിക്കുന്നു.

ജോർജച്ചൻ പറയുന്നു: ഒരിക്കൽ ഞാൻ രണ്ടാം ബാച്ചിന്റെ കമ്മിറ്റ്മെന്റ് സ്ഥലങ്ങൾ സന്ദർശിക്കുന്ന അവസരത്തിൽ ഒരു കോളേജ് പ്രിൻസിപ്പാളായ എനിക്ക് ചെയ്യാൻ പറ്റാത്ത എന്തു കാര്യമാണ് ഇവർ ഇവിടെ ചെയ്യുക എന്ന ഒരു പ്രിൻസിപ്പാളിന്റെ ചോദ്യത്തിന് മറുപടിയെന്നവണ്ണം ഞാൻ അദ്ദേഹത്തെ ഓർമിപ്പിച്ചു; 'പതിനൊന്നു വർഷം പരിശീലനം കിട്ടിയ വൈദികരായ നമ്മൾ പോലും പരിപൂർണരല്ലല്ലോ, നമുക്കും തെറ്റ് പറ്റാറില്ലെ?' അദ്ദേഹം തുറന്നു പറഞ്ഞു. 'പലവിധ രാഷ്ട്രീയ സാമുദായിക ബന്ധമുള്ള കുട്ടികൾ പഠിക്കുന്ന സ്ഥലത്തു ക്രിസ്തീയ കൂട്ടായ്മയ്ക്ക് പ്രത്യേക പ്രാധാന്യം കൊടുത്താൽ മറ്റു സംഘടനകളുടെ ആവശ്യങ്ങളെ തിരസ്കരിക്കാൻ എനിക്ക് ബുദ്ധിമുട്ടാകും.' മറുവശത്തു 'ഫുൾടൈമേഴ്സ് താമസിച്ചു വന്നാൽ മറ്റുകുട്ടികളോട് ഞാനെന്തു പറയും' എന്ന് പരിഭവം മിക്ക വാർഡന്മാരും പറഞ്ഞു. എന്നാൽ, എന്റെ സന്ദർശനത്തിനുശേഷം അവർക്ക് കുറച്ചു കൂടി സ്വീകാര്യത കിട്ടിത്തുടങ്ങി. ഫുൾടൈമേഴ്സിന്റെ വീടുകളിൽ പോയി അവരുടെ കുടുംബാംഗങ്ങളെയും ഞാൻ കണ്ടിരുന്നു. വിവാഹ പ്രായമായ പെൺകുട്ടികളുടെയും ഉദ്യോഗത്തിനു ശ്രമിക്കേണ്ട യുവാക്കന്മാരുടെയും ഒരു വർഷം നശിപ്പിച്ചു, ഉഴപ്പിക്കളയുവാണല്ലോ എന്ന സംശയം മാതാപിതാക്കൾക്കും മാറി. ചില മാതാപിതാക്കൾ പറഞ്ഞു, സമർഥരായ കുട്ടികൾ തൊഴിലധിഷ്ഠിതമായ ഉന്നത വിദ്യാഭ്യാസത്തിന് പോകുമ്പോൾ വെറും ബിരുദധാരികളായ ഞങ്ങളുടെ കുഞ്ഞുങ്ങൾ വീണ്ടും മണ്ടത്തരം കാണിച്ചു ഒരു വർഷം കൂടി നഷ്ടപ്പെടുത്തുകയാണോ എന്നാണ് ഞങ്ങളുടെ പേടി. അപ്പോഴാണ് ഈ കുട്ടികൾ എത്ര കഷ്ടപ്പെട്ടാണ് ട്രെയിനിങ്ങിന് വീട്ടിൽ നിന്ന് അനുവാദം മേടിച്ചിരുന്നതെന്ന് ഞാൻ മനസ്സിലാക്കിയത്.

ഒരു പെൺകുട്ടി അവളുടെ അമ്മയോട് പറഞ്ഞത്രേ 'ഞാൻ രോഗാവസ്ഥയിലായി ഒരുവർഷം കിടപ്പിലായാൽ നമ്മൾ എന്ത് ചെയ്യും, ആ വർഷം നമുക്ക് നഷ്ടമല്ലേ? എന്നാൽ, ആ വർഷം കർത്താവിനുവേണ്ടി മാറ്റിവച്ചാൽ, അവിടന്ന് രോഗം വരാതെ എന്നെ സംരക്ഷിക്കുകയും അത് അനുഗ്രഹമാക്കി മാറ്റുകയും ചെയ്യില്ലെ? ഫുൾടൈമേഴ്സിനെക്കുറിച്ചു രണ്ടിടങ്ങളിലും ഉത്തരവാദിത്വപെട്ടവർക്കുണ്ടായിരുന്ന സംശയങ്ങളെ ദൂരീകരിക്കാനും അവരിലൊക്കെ ഫുൾടൈമേഴ്സിലുള്ള വിശ്വാസം വർധിപ്പിക്കുന്നതിനും എന്റെ ഈ സന്ദർശനങ്ങൾ സഹായിച്ചു. തുടർന്നുവന്ന പത്തു വർഷവും ഞാൻ ഫുൾടൈമേഴ്സ് കുടുംബത്തിന്റെ ഭാഗമായിത്തീർന്നു.

കത്തോലിക്കാ സഭയുടെ ക്രീം ആണ് നവീകരണമുന്നേറ്റമെന്നും നവീകരണത്തിന്റെ ക്രീം ജീസസ് യൂത്ത് ആണെന്നും ജീസസ് യൂത്തിന്റെ ക്രീം ഫുൾടൈമേഴ്സ് ആണെന്നും തിരിച്ചറിഞ്ഞപ്പോൾ ഞാൻ അവരെ കൂടുതൽ സ്നേഹിച്ചു. നാൽപതു ദിവസത്തെ ട്രെയിനിങ്ങും ഒരു വർഷത്തെ കമ്മിറ്റ്മെന്റും അവരെ മാറ്റിമറിക്കുന്നതിന് ഞാൻ സാക്ഷ്യം വഹിച്ചു. നാലഞ്ചു വർഷത്തെ ഫോർമേഷൻ കിട്ടുന്ന വൈദിക വിദ്യാർഥികൾക്കുണ്ടാകുന്ന മാറ്റം ഈ ഒരു വർഷത്തെ ഫോർമേഷൻ കഴിയുമ്പോൾ അവർ കരസ്ഥമാക്കുന്നതായി എനിക്കുതോന്നി. ഏഴാമത്തെ ബാച്ചുമുതൽ അവർ നോർത്ത് ഈസ്റ്റിൽ പോയിത്തുടങ്ങി. ആദ്യത്തെ മൂന്നു മാസം ക്രിസ്തീയ സ്ഥാപനങ്ങളിൽ നിന്ന് സഹായിക്കുകയോ സ്കൂളിൽ കുട്ടികളെ പഠിപ്പിക്കുകയോ ചെയ്യുമായിരുന്നു. ആ മൂന്നു മാസങ്ങളിൽ അവർക്കറിയാവുന്ന ആക്ഷൻ സോങ്ങും സാക്ഷ്യങ്ങളും സാധ്യമായ ഭാഷയിലൊക്കെ അവർ പറഞ്ഞു ഫലിപ്പിക്കും. പിന്നീടവർ ആ നാട്ടിലെ ആളുകളോട് ക്യാറ്റെകിസ്റ്റു മുഖേന പരിഭാഷപ്പെടുത്തി സുവിശേഷം പറഞ്ഞു. ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ അവർ തീക്ഷ്ണമായി പ്രാർഥിച്ചു. പൂർവാധികം ശക്തിയോടെ അവർ പിന്നെയും വചനം പ്രഘോഷിക്കാനിറങ്ങി. അവർ ഒറ്റയ്ക്കു യാത്ര ചെയ്യാൻ പഠിച്ചു. കൂട്ടായ്മകളിൽ നേതൃപാടവത്തോടെ സംസാരിക്കാനും അവരുടെ ശുശ്രൂഷയ്ക്ക് ആവശ്യമായ അനുമതി ലഭിക്കുവാൻ അധികാരികളോട് ആത്മവിശ്വാസത്തോടെ ചർച്ച ചെയ്യാനും അവർ പഠിച്ചു. അതുപോലെ അവരുടെ ബാച്ച്മേറ്റുകൾ തമ്മിലുള്ള അടുപ്പം, അതെടുത്തു പറയേണ്ട അത്ഭുതമാണ്. യേശുക്രിസ്തുവിലെ വിശ്വാസത്തിൽ ഉടലെടുത്ത അവരുടെ സൗഹൃദം വളരെ ഹൃദ്യമായി കാണപ്പെട്ടു.



ഞാനോർക്കുന്നു, കൊച്ചുനാളിൽ ബന്ധുക്കളായ ഞങ്ങളെ കാണാൻ നോർത്തീസ്റ്റിൽ നിന്നു വരുന്ന ഒരു മിഷണറി വൈദികൻ ഞങ്ങളുടെ കുടുംബത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൈയിൽ തൂങ്ങി ബന്ധുവീടുകളിൽ കറങ്ങി നടന്നപ്പോഴെപ്പോഴോ ഞാനും വിശാസത്തിൽ വളർന്നു. ഒരു മിഷണറിയാകാൻ ആഗ്രഹിച്ചു, പരിശ്രമിച്ചു. ദൈവം എനിക്കായി കരുതിവച്ച വഴികൾ എന്റെ മുന്നിൽ തുറക്കപ്പെടുന്നത് ഞാൻ കണ്ടു. വിശ്വാസത്തോടെ നമ്മളൊന്നു നിന്നുകൊടുത്താൽ മതി, ബാക്കി ദൈവം നോക്കിക്കോളുമെന്ന് എനിക്ക് മനസ്സിലായി. ഞാനും എന്റെ കസിനും കൂടിയായിരുന്നു സെമിനാരിയിൽ ചേരാനായി പോയത്. അവനായിരുന്നു SVD സഭ തെരഞ്ഞെടുത്തത്. എന്നാൽ, എനിക്കാണ് അവിടെ അവസരം ലഭിച്ചത്. അവൻ മറ്റൊരു സഭയിലാണ് പരിശീലനത്തിന്

ചേർന്നത്. ദൈവം എന്നെ തെരഞ്ഞെടുക്കുന്നതിനു എങ്ങനെയാണ് വഴിയൊരുക്കിയതെന്ന് മനസ്സിലാക്കിയ നിമിഷങ്ങൾ എന്റെ ആത്മാവിൽ ദൈവസ്നേഹം നിറച്ചു. വീട്ടിൽ ഞങ്ങൾ നാലു മക്കളായിരുന്നു. എന്റെ ഒരേ ഒരനുജൻ കൗമാരത്തിൽത്തന്നെ സ്വർഗത്തിലേക്ക് വിളിക്കപ്പെട്ടിരുന്നു. അധ്യാപികയായിരുന്ന ഒരു സഹോദരിയും നേരെത്തെ കടന്നുപോയി. ഇളയവൾ കോഴിക്കോട് ഭർത്താവിനൊപ്പം ജീവിക്കുന്നു. ഞാൻ ഒരു മിഷണറി വൈദികനായിരുന്നെങ്കിലും എന്റെ മാതാപിതാക്കളുടെ രോഗാവസ്ഥകളിലും വാർധക്യസഹജമായ ആവശ്യങ്ങളിലും ഒരു മകന്റെ ധർമങ്ങൾ ചെയ്തു. അവധിക്കാലങ്ങളിൽ ഞാനും എന്റെ അനുജത്തിയും ഇപ്പോഴും ഞങ്ങളുടെ വീട്ടിൽ വരുകയും കുടുംബത്തിന്റെ കാര്യങ്ങൾ നോക്കിനടത്തുകയും ചെയ്യാറുണ്ട്. എന്റെ മാതൃ ഇടവകയോടുള്ള കടമയും ഞാനിവിടെ വരുമ്പോൾ നിർവഹിക്കുന്നു.

> വെറും ബിരുദധാരികളായ ഞങ്ങളുടെ കുഞ്ഞുങ്ങൾ വീണ്ടും മണ്ടത്തരം കാണിച്ച്, ഒരു വർഷം കൂടി നഷ്ടപ്പെടുത്തുകയാണോ എന്നാണ് ഞങ്ങളുടെ പേടി

ദൈവത്തോടുള്ള വിശ്വാസം നമ്മുടെ വ്യക്തിജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ നിന്ന്  ഒരിക്കലും തടസ്സമല്ല എന്നാണ് എന്റെയനുഭവം. എല്ലാവർക്കും സ്വഭവനത്തിൽ വിശ്വാസപരിശീലനം കിട്ടണമെന്നില്ല. എന്നാൽ, ജീസസ്‌യൂത്ത് വാഗ്ദാനം ചെയ്യുന്ന ഫോർമേഷനുകൾ അക്ഷയമായ ദൈവവിശ്വാസത്തിൽ വളർത്തുന്നതാകയാൽ ആരും ഒരിക്കലും അടിപതറില്ല. ട്രെയിനിങ്ങിനിടയിൽ ഞാൻ അവരോട് പറയുമായിരുന്നു, 80% സ്തുതിപ്പും 20% ഉഴപ്പുമാണെങ്കിൽ കുഴപ്പമില്ല മറിച്ചു 20% സ്തുതിപ്പും 80% ഉഴപ്പുമാണെങ്കിൽ നിങ്ങൾ വീണ്ടും ചിന്തിക്കേണ്ടിയിരിക്കുന്നു എന്ന്. കേൾക്കുമ്പോൾ ഒന്നിച്ചു ചിരിക്കുമെങ്കിലും പലരും അത് ഗൗരവമായി എടുത്തു. വ്യക്തിപരമായ ബന്ധമുള്ളവരുമായി ചേർന്നു പ്രവർത്തിക്കാനാണ് എനിക്ക് താത്പര്യം. ജീസസ് യൂത്തിൽ ഫുൾടൈമേഴ്‌സുമായിട്ടായിരുന്നു എനിക്ക് ബന്ധം. ആ കാലയളവിൽ പല ഫുൾടൈമേഴ്‌സുമായും അവരുടെ ജീവിതപങ്കാളികളുമായും സഹകരിച്ചു പ്രവർത്തിച്ചിച്ചുണ്ട്. ഇപ്പോഴും ആവശ്യങ്ങൾ ഉണ്ടെങ്കിൽ അവരെന്നെ വിളിക്കുകയും ഞാൻ സഹകരിക്കുകയും ചെയ്യാറുണ്ട്. ചിലരൊക്കെ എന്നെ കാണാൻ വരാറുണ്ട്. എന്നാൽ, ആദ്യമായാണ് എന്നെ കാണാൻ ഒരു ബാച്ചിലെ കുറച്ചുപേർ ഒന്നിച്ചുവരുന്നതും സമയം ചെലവിടുന്നതും. 2025ലെ ഒക്ടോബറിൽ അവധിക്ക് നാട്ടിലായിരുന്നപ്പോൾ ഒൻപതാം ബാച്ചിലെ ഫുൾടൈമേഴ്‌സ് ജൂബിലി പ്രമാണിച്ചു തലയോലപ്പറമ്പിലുള്ള എന്റെ വീട്ടിൽ എന്നെ സന്ദർശിച്ചിരുന്നു, അവർ എന്റെയൊപ്പം സന്തോഷം പങ്കിട്ടു.

എന്റെ യൗവനത്തിൽ ഞാൻ തികച്ചും പുരോഗമനവാദിയായ പുരോഹിതനായിരുന്നു. എന്റെ പഠന വിഷയം പൊളിറ്റിക്കൽ സയൻസ് ആയതുകൊണ്ടുതന്നെ സമകാലിക വാർത്തകളിൽ ഞാൻ തത്പരനായിരുന്നു. എന്നാൽ, കാലം കടന്നുപോകവേ യാഥാസ്ഥിതിക ചിന്താഗതിയുള്ള വിശ്വാസ പാരമ്പര്യമാണ് കൂടുതൽ ഉത്തമമെന്നു ഞാൻ തിരിച്ചറിഞ്ഞു. ഈ വകതിരിവ് വന്നതിനു ശേഷം ജീവിതത്തെ ഞാൻ വിശകലനം ചെയ്തു തുടങ്ങി. നവീകരണ മുന്നേറ്റത്തിന്റെ പാതയിലൂടെ ചരിച്ചവർ പോലും വിശ്വാസത്തിൽനിന്നു വ്യതിചലിക്കുന്നതും വിവാഹമോചനങ്ങൾ നേടുന്നതും മറ്റ് അന്യായവും അധാർമികവുമായ കാര്യങ്ങൾ ചെയ്യുന്നത് കാണുമ്പോൾ നമ്മുടെ ഫോർമേഷൻ ശരിയായ ദിശയിലാണോ മുന്നോട്ടു പോകുന്നത് എന്ന് പുനർവിചിന്തനം ചെയ്യാൻ തയ്യാറാകണം എന്ന എന്റെ അഭിപ്രായം അറിയിക്കണമെന്ന് എനിക്ക് തോന്നി. ഫുൾടൈം വോളന്റിയർഷിപ് 33 വർഷം പിന്നിടുന്ന ഈ കാലയളവിൽ ആദ്യത്തെ 10-15 ബാച്ചിനെങ്കിലും ശാസ്ത്രീയമായ വിശകലനത്തിലൂടെ ഈ ഫോർമേഷൻ നിത്യ ജീവിതത്തിൽ അവർക്കെങ്ങനെ ഉപകരിക്കുന്നു എന്ന് കണ്ടു പിടിക്കണം.

ഫുൾടൈമേഴ്‌സിന് ഈ ട്രെയിനിങ് നല്ലതാണെങ്കിലും അവരുടെ പങ്കാളികൾക്കും മക്കൾക്കും കുടുംബങ്ങൾക്കും ഈ ട്രെയിനിങ് കഴിഞ്ഞവരെക്കൊണ്ട് എങ്ങനെ ഉപകരിക്കുന്നു എന്ന ഗുണപരിശോധന നടത്തണം. സഭയിൽ നിന്ന് പോലും മാറിപ്പോയ ഫുൾടൈമേഴ്‌സായിരുന്ന ആളുകളിൽ ഒരു മുഖാമുഖ ചർച്ചയിലൂടെ നമ്മുടെ ട്രെയിനിങ്ങിലെ പോരായ്മകൾ മനസ്സിലാക്കണം. ബൗദ്ധികമായ ഇത്തരം വിലയിരുത്തലുകൾ നമ്മുടെ ഉദ്ദേശ്യത്തിന്റെ ഗുണനിലവാരം ഉയർത്തും. വേദിയിൽ മാറ്റൊലികൊള്ളുന്ന പ്രകടനം മാത്രമല്ല അടിയുറച്ച വിശ്വാസവും ഉണ്ടാക്കാൻ ഈ ഫോർമേഷൻ സഹായിച്ചിരുന്നെങ്കിൽ എത്ര മനോഹരമാകുമായിരുന്നു. കാരണം പച്ചയായ യാഥാർഥ്യങ്ങളുടെ നടുവിൽ വിശ്വാസ ജീവിതം സ്വതേ ബുദ്ധിമുട്ടായിരിക്കും. അടിയുറച്ച വിശ്വാസം ഉള്ളവർക്കേ ക്രിസ്തുവിനൊപ്പം അചഞ്ചലമായ ദീർഘയാത്രയുള്ളൂവെന്ന് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത് മൂടിവയ്ക്കാൻ സാധിക്കില്ല. വിശുദ്ധ തോമസ് അക്വീനാസിന്റെയും വിശുദ്ധ അഗസ്റ്റിന്റെയുമൊക്കെ കാഴ്ചപ്പാടുകളും നിലപാടുകളും വളരെ അർഥവത്താണ്. പൊള്ളയായ പുറംമോടികളല്ല ആഴത്തിലുള്ള ആന്തരിക ബലമാണ് വിശ്വാസികളെ നയിക്കുന്നതെന്ന് എനിക്ക് തോന്നാറുണ്ട്. ചില വിശുദ്ധരൊക്കെ അവരുടെ സ്വർഗയാത്രയ്ക്കൊരുങ്ങുമ്പോൾ ചുറ്റുമുള്ളവരെ സംതൃപ്തിയോടെ നോക്കി തന്റെ ഓട്ടം പൂർത്തിയാക്കിയതായി പറയുന്നത് കാണാം. ആ നിമിഷത്തെക്കുറിച്ചുള്ള ഓർമ നമ്മിലുണ്ടെങ്കിൽ നമ്മുടെ യാത്രയും കുറ്റമറ്റതും വിശ്വാസോന്മുഖവുമായിരിക്കും എന്നാണെനിക്കു തോന്നുന്നത്. നമ്മുടെ ആത്യന്തികമായ ലക്ഷ്യമാണ് പ്രധാനം. ക്രിസ്തു മാത്രമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ നമുക്ക് വഴിതെറ്റുകയേയില്ല. തീവ്രമായ വിശ്വാസത്തോടെ ഫോർമേഷനുവന്ന എല്ലാവരും അതിൽ വളർന്നു തിരിച്ചുപോയി ഫലം നല്കുന്നവരായി ജീവിക്കുന്നുണ്ട്. എന്നാൽ, ചിലർ അടിപതറുകയും അല്പകാലത്തേക്കെങ്കിലും നമ്മുടെ പ്രവർത്തനങ്ങളുടെ പരിശുദ്ധിക്കും സ്വീകാര്യതയ്ക്കും മങ്ങലേൽപിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും യൗവനത്തിന്റെ കാതലായ ഒരു വർഷം കർത്താവിന് കൊടുക്കാൻ ഈ യുവജനങ്ങൾ കാണിക്കുന്ന തീക്ഷ്ണത, രണ്ടായിരം വർഷംമുമ്പു ക്രിസ്തുവിന്റെ അപ്പസ്തോലന്മാർ കാണിച്ച അതേ ആത്മീയതയാണെന്നു പറയാൻ പറ്റും. ലോകമെങ്ങും പോയി ക്രിസ്തുവിനെ കൊടുക്കുന്ന ഇവരെക്കുറിച്ചു എനിക്ക് അഭിമാനമാണ്.

***ലേഖിക ഡോ. ജിൻസി മാത്യു, കൊച്ചിയിൽ പാലാരിവട്ടത്തുള്ള 'റെയ്നിങ് ട്രീസ്" കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയുടെ സ്ഥാപകയും കൺസൾട്ടന്റ് സൈക്കോളജിസ്റ്റുമാണ്. ഭർത്താവ് സനീഷ് എബ്രാഹം; മകൻ അൽഫോൻസ്. താമസം പാലാരിവട്ടത്ത്.***

# ഏറ്റവും വലിയ വിജയം

പൂങ്കുന്നേൽ അഗസ്റ്റിൻ ത്രേസ്യാമ്മ ദമ്പതികൾക്ക് മൂന്നാമതായി ജനിച്ച ഒരു പെൺകുട്ടിയാണ് ഞാൻ. സാധാരണ ഒരു കർഷക കുടുംബമായിരുന്നു ഞങ്ങളുടേത്. കാസർഗോഡ് സോണിലെ പാലാവയലിലെ ഇടവകയിലുള്ള തോട്ടംചാൽ എന്ന സ്ഥലത്താണ് ഞങ്ങൾ താമസിച്ചിരുന്നത്. ഞങ്ങൾ അഞ്ചു മക്കളുണ്ടായിരുന്നതുകൊണ്ട്, കളിച്ചും ചിരിച്ചും അടിച്ചും പിണങ്ങിയും ജീവിച്ചിരുന്ന ചെറുപ്പകാലം വളരെ ഗൃഹാതുരത്വമുണർത്തുന്ന ഓർമയാണിപ്പോൾ. വളരെ ദൂരെയായിരുന്ന പള്ളിയിൽ നടന്നു പോയും, നോമ്പുകളിലും പ്രാർഥനകളിലും വിട്ടുവീഴ്ചയില്ലാതെ ഭാഗമായും മേയ് മാസത്തിലുള്ള വണക്കമാസത്തിൽ ഭക്തിയോടെ പങ്കെടുത്തും വളർന്നുവന്ന ഒരു ചെറുപ്പകാലമാണ് എന്റേത്. പിന്നീട് പ്രീഡിഗ്രി പഠനത്തിലേക്കും കോളേജ് കാലഘട്ടങ്ങളിലേക്കും കടന്നപ്പോഴാണ് ഞാൻ ആദ്യമായി ജീസസ് യൂത്തിനെക്കുറിച്ച് അറിയുന്നതുപോലും. ഡിഗ്രി പഠിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ചെറുപുഴയിൽവച്ച് നടന്ന ഒരു ക്യാമ്പസ് പ്രോഗ്രാമിലാണ് ഞാൻ ആദ്യമായിട്ട് ജീസസ് യൂത്തിന്റെ ഒരു ധ്യാനം കൂടുന്നത്. പിന്നീടിങ്ങോട്ട് പല പ്രോഗ്രാമുകളിലും ഞാൻ സജീവമായിത്തന്നെ പങ്കെടുത്തു. ഞങ്ങളുടെ ഇടവകയിൽ ഉണ്ടായിരുന്ന ഒരു പ്രയർ ഗ്രൂപ്പിലും ഞാനംഗമായിരുന്നു. അങ്ങനെയുള്ള ഒരു സമയത്താണ് ഫുൾടൈമർഷിപ്പിനെക്കുറിച്ചു അറിയുന്നതും അതിലേക്ക് ഞാൻ വരുന്നതും.

ഫുൾടൈമർഷിപ്പിനെക്കുറിച്ചു വീട്ടിൽ പറഞ്ഞപ്പോൾ ഡാഡി എനിക്ക് സമ്മതം തന്നില്ല. ഇത്രയും ദൂരത്തേക്ക് വിടാൻ വീട്ടുകാർക്ക് താത്പര്യമില്ലായിരുന്നു.

കേരളത്തിന്റെ അങ്ങേയറ്റത്തു നിന്ന് വളരെയധികം ദൂരെ യാത്ര ചെയത് എറണാകുളം നഗരത്തിലേക്ക് ആദ്യമായിട്ടായിരുന്നു ഞാൻ വരുന്നത്. ഫുൾടൈമർഷിപ്പിനെക്കുറിച്ചു വീട്ടിൽ പറഞ്ഞപ്പോൾ ഡാഡി എനിക്ക് സമ്മതം തന്നില്ല. ഇത്രയും ദൂരത്തേക്ക് വിടാൻ വീട്ടുകാർക്ക് താത്പര്യമില്ലായിരുന്നു. സത്യത്തിൽ നവീകരണ സംരംഭങ്ങളെക്കുറിച്ചുള്ള ഒരറിവും അന്നവർക്കില്ലായിരുന്നു എന്നുതന്നെ പറയാം. പിന്നീട് ജീസസ് യൂത്തിലുള്ള പലരും വന്ന് സംസാരിച്ചതിന്റെ അവസാനമാണ് ഡാഡി എനിക്കനുവാദം തന്നത്. അങ്ങനെ എറണാകുളത്തെ എമ്മാവൂസിലുള്ള ട്രെയിനിംഗും കഴിഞ്ഞ് പ്ലേസ്മെന്റ് തരുന്ന ദിവസം ഞാനും എല്ലാവരേയും പോലെ മിഷൻ സ്ഥലങ്ങളിലേക്ക് പോകണമെന്നൊക്കെ ആഗ്രഹിച്ച് പ്രാർഥിച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് എനിക്കു കിട്ടിയ സ്ഥലം തിരുവനന്തപുരമാണ് എന്നറിയുന്നത്. ആദ്യമത് കേട്ടപ്പോൾ എനിക്കൊരു ഞെട്ടലായിരുന്നു. എന്തൊക്കെയോ പേടിയോ വിഷമങ്ങളോ ഒക്കെയായിരുന്നു. ഞാൻ പ്ലേസ്മെന്റിന്റെ കാര്യം കേട്ട് നേരെ പോയത് എമ്മാവൂസിലെ അന്നത്തെ ആ കുഞ്ഞു ചാപ്പലിലേക്കാണ്. അവിടെ പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെയിരുന്ന ഒരു ബൈബിളെടുത്ത് തുറന്നു. എനിക്ക് കിട്ടിയ വചനം ഇതായിരുന്നു: "ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണു ഞാൻ അയക്കപ്പെട്ടിരിക്കുന്നത്" (മത്താ 15, 24). ഈശോയ്ക്ക് എന്നെക്കുറിച്ചു പദ്ധതി ഉള്ളതുകൊണ്ടാണ് അവിടേയ്ക്ക് വിടുന്നതെന്ന് മനസ്സ് മന്ത്രിക്കുംപോലെ തോന്നി. അതിൽപിന്നെ എന്നെ അയച്ചത് തിരുവനന്തപുരത്തേക്കാണ് എന്നുവിചാരിച്ച് ഒരിക്കലും കരഞ്ഞിട്ടില്ല, വിഷമിച്ചിട്ടുമില്ല. അതോടെ എന്റെ പ്രവർത്തനമേഖല തിരുവനന്തപുരത്താണെന്ന് ഞാൻ പൂർണമായി ഉൾക്കൊണ്ടു.

അവിടെ വിസിറ്റേഷൻ ഹോസ്റ്റലിലായിരുന്നു എന്റെ താമസം. കേരളത്തിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്ക് എത്തുമ്പോൾ ജീവിത രീതിയിലും സാഹചര്യങ്ങളിലുമുള്ള വ്യത്യാസം വളരെയുണ്ടായിരുന്നു. പൊരുത്തപ്പെടാൻ കുറച്ച് കാലമെടുത്തെങ്കിലും എല്ലായിടത്തും ഓടിയെത്താൻ ഞാൻ പലപ്പോഴും ശ്രമിച്ചിരുന്നു. അവിടത്തെ എല്ലാ ക്യാമ്പസുകളിലൂടെ പോകാനും പ്രാർഥനാ ഗ്രൂപ്പുകളിൽ അംഗമാകുവാനും പ്രാർഥനായോഗങ്ങൾ നയിക്കുവാനും മറ്റുള്ളവരെ ശക്തിപ്പെടുത്തുവാനും സാധിച്ചു. തിരുവനന്തപുരത്തെ പള്ളിയിലുള്ള സിപിഎം സെൻട്രൽ പ്രയർ മീറ്റിങ്ങിനു പോകാനും പ്രാർഥിക്കാനും ഒക്കെ എനിക്ക് സാധിച്ചതുമോർക്കുന്നു. എന്നോടൊപ്പം തിരുവനന്തപുരത്തു (നെയ്യാറ്റിൻകര) ഉണ്ടായിരുന്നത് ജൂബിയായിരുന്നു. ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടും സഹകരിച്ചു തിരുവനന്തപുരത്തെ പല സ്കൂളുകളിലും കോളേജുകളിലും എഞ്ചിനീയറിങ് കോളേജിലും ലോ കോളേജിലും യൂണിവേഴ്സിറ്റി കോളേജിലുമൊക്കെ യാത്ര ചെയ്തെത്തി

അവിടെയൊക്കെ ഒരു പ്രയർഗ്രൂപ്പിന്റെ ഭാഗമാകാനായിട്ട് ശ്രദ്ധിക്കുമായിരുന്നു. പല സ്ഥലങ്ങളിലും പ്രയർ ഗ്രൂപ്പ് തുടങ്ങുവാനും ഞങ്ങൾക്ക് സാധിച്ചു.

ഒരിക്കൽ ഞങ്ങൾ ഒരു പ്രോഗ്രാം ചെയ്യാനായിട്ട് മാർ ഇവാനിയോസ് കോളേജിൽ പോയി. ഞങ്ങൾക്കന്ന് അവിടെ ചെയ്യാനുള്ളത് ഒരു സ്കിറ്റായിരുന്നു. സ്കിറ്റ് ചെയ്യാനായി അതിനെക്കുറിച്ചുള്ള അനൗൺസ്മെന്റ് കഴിഞ്ഞ് ഞങ്ങൾ സ്റ്റേജിനു പിന്നിൽ നിൽക്കുമ്പോൾ വിദ്യാർഥികളുടെ ഉച്ചത്തിലുള്ള കൂവൽ കേൾക്കാം. ഒരു തരത്തിലും ആ പ്രോഗ്രാം നടത്താൻ കഴിയാത്ത തരത്തിലുള്ള കൂവൽ. ഞങ്ങൾ നിസ്സഹായരായി നിൽക്കുകയാണ്. പെട്ടന്ന് ഞങ്ങൾ എല്ലാവരുംകൂടെ അവിടെ നിന്ന് പ്രാർഥിച്ചു, "എന്റെ ഉണ്ണീശോയെ കുട്ടികളുടെ തോളിൽ കയറിയിരുന്നു കൊണ്ട് അവരുടെ വായ ഒന്ന് പൊത്തിപ്പിടിക്കണേ" എന്ന്. ആ പ്രാർഥന ബാലിശമായി തോന്നാമെങ്കിലും ഞങ്ങളുടെ നിസ്സഹായമായ ഒരു കരച്ചിലായിരുന്നു അത്. ഞങ്ങൾ സ്കിറ്റ് ചെയ്യാൻ സ്റ്റേജിലോട്ട് കയറുമ്പോൾ ആ ഹാളിൽ പൂർണ നിശ്ശബ്ദത പടർന്നു. അവിടെ ഉണ്ടായിരുന്ന ഒരു കുട്ടിപോലും കൂവിയില്ല. ഉണ്ണിയീശോയുടെ ഒരു വലിയ അനുഗ്രഹം ഞങ്ങൾക്ക് അന്ന് കാണാൻ സാധിച്ചു. നമ്മൾ എന്താണോ പ്രാർഥിക്കുന്നത് അതിനായി ദൈവം നമ്മുടെ കൂടെ നിൽക്കുമെന്ന് ഞങ്ങൾക്ക് മനസ്സിലായി. എത്ര വലിയ കാര്യങ്ങളാണെങ്കിൽ പോലും ദൈവം നമ്മളോട് കൂടെനിന്ന് നടത്തിത്തരുമെന്നതിന് അടിവരയിട്ട ഒരനുഭവമായിരുന്നത്.

ഫുൾടൈമർഷിപ്പിന് ശേഷമുള്ള ജീവിതത്തെക്കുറിച്ച് ആലോചിച്ചാൽ, 2000ത്തിൽ ഫുൾടൈമറായി എവിടെയെല്ലാം പോകണമെന്നും എന്തെല്ലാം ചെയ്യണമെന്നും ആഗ്രഹിച്ചോ അതെല്ലാം ഈ നിമിഷം വരെ എനിക്ക് സാധിച്ചുതന്ന് ദൈവമെന്നെ അനുഗ്രഹിച്ചിരിക്കുകയാണ്. തുടക്കത്തിൽ ഞാനും കൂട്ടുകാരും പഞ്ചാബ്, ജമ്മു കാശ്മീർ എന്നീ സ്ഥലങ്ങളിൽ അധ്യാപികമാരായി ജോലി ചെയ്തു. അതിനുശേഷം ഞാൻ ബിഎഡ് പഠനത്തിനായി നാഗാലാൻഡിലെ ദിമാപുരിലുള്ള സലേഷ്യൻ കോളേജിൽ ചേർന്നു. അവിടത്തെ പഠന സമയത്തു ആസാമിലും നാഗാലാൻഡിലുമുള്ള നിരവധി ജീസസ് യൂത്ത് പ്രോഗ്രാമുകളിൽ പങ്കാളിയാകാൻ എനിക്ക് സാധിച്ചു. തുടർന്ന്, അവിടന്ന് മടങ്ങി ഞാൻ ഗാസിയാബാദിൽ ഒരു വിദ്യാലയത്തിൽ ജോലിക്ക് പ്രവേശിച്ചു. അവിടെ നാല് വർഷത്തോളം ഉണ്ടായിരുന്നു. ആ സമയത്ത്, ഡൽഹി ജീസസ് യൂത്തിന്റെ  കൂടെയും, അവിടത്തെ ഫുൾടൈമർഷിപ്പ് ട്രെയിനിങ് പ്രോഗ്രാമുകളിലും സമയം ചെലവഴിക്കുവാനുള്ള അവസരം എനിക്ക് ലഭിച്ചിട്ടുണ്ട്.

എന്റെ വിവാഹശേഷമുള്ള കാര്യങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ ഓരോ നിമിഷവും ദൈവമെന്നെ കൈപിടിച്ച് നടത്തുന്ന അനുഭവമാണ് ഉണ്ടായിട്ടുള്ളത്. ഞാൻ വിവാഹം കഴിച്ചു വന്നിരിക്കുന്നത് ആലപ്പുഴയിലേക്കാണ്. സതീഷ് കെ മാത്യു എന്നാണെന്റെ ജീവിതപങ്കാളിയുടെ പേര്. ഞങ്ങൾക്ക് രണ്ട് ആൺകുട്ടികൾ. ഒരാൾ പത്താം ക്ലാസ്സിലും മറ്റേയാൾ ഏഴാം ക്ലാസ്സിലും പഠിക്കുന്നു. ഉത്തർപ്രദേശിലുള്ള ഖലീലാബാദ്  എന്ന സ്ഥലത്തെ ഒരു സ്കൂളിലാണ് ഞങ്ങളിപ്പോൾ ജോലി ചെയ്യുന്നത്.



ഫുൾടൈമർഷിപ്പിനുശേഷമുള്ള എന്റെ ജീവിതത്തിൽ എപ്പോഴും മധുരമായ ഓർമകളോ സന്തോഷങ്ങളോ നിറഞ്ഞതായിരുന്നുവെന്ന് പറയാൻ സാധിക്കില്ല. ഞാനും വളരെ കഠിനമായതും ബുദ്ധിമുട്ടേറിയതുമായ വഴികളിലൂടെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. പക്ഷേ, എന്ത് പ്രതിസന്ധികൾ ജീവിതത്തിലുണ്ടായാലും അതിനെയെല്ലാം തരണം ചെയ്യാനായി ദൈവം ശക്തിതരുന്നു എന്നുള്ളതാണ് എന്റെ ഏറ്റവും വലിയ വിജയം. ജീവിതത്തിൽ എത്രയേറെ തളർന്നുപോയാലും ദൈവം നമ്മോടു കൂടെയുണ്ടെന്നും ദൈവം നമ്മളെ കൈപിടിച്ചുയർത്തുമെന്നുമുള്ള വിശ്വാസം എനിക്കുണ്ട്. ഈശോയിലുള്ള വിശ്വാസം ജീവിതത്തോട് ചേർത്തു വയ്ക്കുമ്പോൾ ജീവിതം വളരെ മനോഹരമായി തീരുന്നു. അതായത്, ഫുൾടൈമർഷിപ്പ് ചെയ്തുവന്നതുകൊണ്ട് എന്തൊക്കെയോ കിട്ടിയെന്ന് വിചാരിക്കുന്നതിനേക്കാൾ കൂടുതൽ ദൈവത്തോടുകൂടെയായിരിക്കുമ്പോൾ ജീവിതത്തിലെ സഹനങ്ങളെ ഏറ്റെടുക്കാനും അത് ക്ഷമയോടുകൂടെ പരിഹരിക്കാനും തുടർന്ന് ജീവിക്കാനും സാധിക്കുന്നു എന്നുള്ളതാണ് ഏറ്റവും മനോഹരമായ കാര്യം. ദൈവത്തിനു സ്തുതി.

# ഇഷ്ടപ്പെട്ട കൽക്കട്ടയിൽ

## നവീകരണ വഴിയിൽ ദൈവാത്മാവിന്റെ അത്ഭുതകരമായ വഴിനടത്തലും ജീവിത സാഫല്യത്തിന്റെ അനുഭൂതി അനുഭവങ്ങളും

കണ്ണൂർ ജില്ലയിലെ ചെമ്പേരി എന്ന ഗ്രാമത്തിൽ കെ.കെ.പീറ്ററിന്റെയും ത്രേസ്യാമ്മയുടെയും മൂന്നുമക്കളിൽ ഇളയവനായാണ് ഞാൻ ജനിച്ചത്. ഇപ്പോൾ ഞാൻ കാനഡയിലെ സസ്കാച്ചുവൻ എന്ന പ്രൊവിൻസിൽ റജൈന എന്ന സ്ഥലത്താണ് ജീവിക്കുന്നത്. ഇവിടെ സോഷ്യൽ വർക്കർ ആയിട്ട് ജോലി ചെയ്യുന്നു. ഭാര്യ ജീന എം ജോൺ, ഞങ്ങൾക്ക് രണ്ട് ആൺമക്കളാണ്, ക്രിസ്സും ജെസ്സേ ജോണും.

### പലവിധ ചിന്തകൾ

യേശുവിനെ ഞാൻ കണ്ടുമുട്ടിയതിനെക്കുറിച്ച് പറയുമ്പോൾ ആദ്യം എന്റെ ചെറുപ്പകാലത്തെക്കുറിച്ച് പറയണമെന്ന് തോന്നുന്നു. വളരെ ചെറുപ്പം തൊട്ടേ ദൈവവിശ്വാസത്തിലും ക്രൈസ്തവ പാരമ്പര്യത്തിലുമാണ് മാതാപിതാക്കൾ എന്നെ വളർത്തിയിരുന്നത്. എന്റെ വല്യപ്പച്ചൻ ആദ്യകാല മലബാർ കുടിയേറ്റത്തിൽത്തന്നെ കണ്ണൂർ ജില്ലയിൽ എത്തിച്ചേരുകയും ഫ്രാൻസിസ്കൻ അൽമായ സഭയുടെ മലബാർ മേഖലയിലെ ആദ്യകാല നേതൃത്വത്തിലുള്ള വ്യക്തിയുമായിരുന്നു. പ്രാർഥനകൾ ചൊല്ലിത്തരാനും ദൈവവിശ്വാസത്തിൽ വളർത്താനും ദൈവസ്തുതികൾ ചൊല്ലിപ്പഠിപ്പിക്കാനും കുരിശുവരപ്പിക്കാനുമെല്ലാത്തിനും അദ്ദേഹം വളരെയേറെ ആഭിമുഖ്യം കാണിച്ചിരുന്നു. എന്റെ മാതാപിതാക്കൾ എന്നെ എല്ലാ ദിവസങ്ങളിലും ദിവ്യബലിയിൽ പങ്കെടുപ്പിക്കാനും തുടർന്ന് വായിച്ചു പഠിച്ചത് മുതൽ അൾത്താര ബാലസഖ്യത്തിൽ പതിവായി പങ്കെടുപ്പിക്കാനും പിന്നീട് മറ്റു ഭക്തസംഘടനകളിൽ ചേർക്കാനും ശ്രദ്ധിച്ചിരുന്നു. എന്നാൽ, വളർന്നു വന്നപ്പോൾ എന്റെ ബൗദ്ധിക ചിന്താരീതികൾ വളരുകയും പലപ്പോഴും വിശ്വാസപ്രമാണങ്ങൾ സത്യമാണോ, ഇതൊക്കെ എങ്ങനെ വിശ്വസിക്കാനാകും, എന്നൊക്കെ ചിന്തിച്ചിരുന്നെങ്കിലും ഈ വിശ്വാസ സത്യങ്ങളെ പിൻതുടരുന്നതിൽ നിന്നും ഞാൻ വ്യതിചലിച്ചിരുന്നില്ല. ശാസ്ത്രമേഖലയോട് താത്പര്യം തോന്നുകയും ഒരു അക്രൈസ്തവനെപ്പോലെ പലതിനെയും ഞാൻ വീക്ഷിക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്തിനാണ് കുമ്പസാരിക്കുന്നത്, ദിവ്യകാരുണ്യം സത്യമാണോ, ദൈവം എന്ന പരമശക്തി എത്രത്തോളം സത്യമാണ്, അങ്ങനെ പലതും ചിന്തിക്കുകയും അതോടൊപ്പം തന്നെ ഒരഭൗമമായ ശക്തി ഇല്ലായെങ്കിൽ ഈ ലോകം എങ്ങനെ നിലനിൽക്കുമെന്നും തിരിച്ചും ഞാൻ എന്നോട് തന്നെ ചോദിക്കുമായിരുന്നു.

ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന കാലത്താണ് കേരളത്തിലെ കരിസ്മാറ്റിക് മൂവ്മെന്റ് ഞങ്ങളുടെ നാട്ടിൽ ശക്തി പ്രാപിച്ചു വന്നത്. എന്നാൽ, കരിസ്മാറ്റിക് പ്രാർഥനാ ശൈലികളെ എനിക്ക് ഒരിക്കലും അംഗീകരിക്കാൻ അന്ന് സാധിച്ചിരുന്നില്ല. അത്യുച്ചത്തിലുള്ള സ്തുതിപ്പുകളും പ്രാർഥനാ രീതികളും എനിക്ക് അരോചകമായി തോന്നുമായിരുന്നു. എന്റെ വല്യച്ചാച്ചൻ കരിസ്മാറ്റിക് പ്രാർഥനാ രീതികളുടെ നേതൃത്വം ഏറ്റെടുക്കുകയും ഞങ്ങളുടെ

ഗ്രാമത്തിൽ അത് വളർത്തുവാൻ അത്യധികം പ്രയത്നിക്കുകയും ചെയ്തിരുന്നു. ആ സമയത്താണ് ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ആദ്യമായിട്ട് ഒരു കരിസ്മാറ്റിക് യുവജന ധ്യാനം നടക്കുന്നത്. അതിന്റെ ഭാഗമായിട്ട് കേരളത്തിലെ മിക്ക സൺഡേ സ്കൂളുകളിൽ നിന്നും കുട്ടികൾ അതിൽ പങ്കെടുക്കണമെന്നു ഒരു നിർദേശം വരുകയും എന്റെ മാതാപിതാക്കൾ എന്നെ അതിന് നിർബന്ധിച്ച് വിടുകയും ചെയ്തു. തീർത്തും താത്പര്യമില്ലായിരുന്നെങ്കിലും കൂട്ടുകാരെല്ലാം ചേർന്ന് ഒന്നിച്ചു പോകുന്നതായതുകൊണ്ട് അതിനോട് എനിക്ക് എതിർപ്പില്ലായിരുന്നു. തുടക്കംതൊട്ടുതന്നെ ഞങ്ങൾ അടുത്ത കൂട്ടുകാർ എല്ലാവരും ഒന്നിച്ചിരിക്കുകയും പത്തു ദിവസത്തോളം ഉണ്ടായിരുന്ന ആ ധ്യാനത്തിൽ വളരെ ഉല്ലസിച്ചു പങ്കെടുക്കുകയും ചെയ്തു. എന്നാൽ, ഓരോ ദിവസം കടന്നു ചെല്ലുംതോറും ഞങ്ങളുടെ സംഘബലം കുറഞ്ഞു വരുന്നതായിട്ട് ഞാൻ ശ്രദ്ധിച്ചിരുന്നു.

**ഒരഭൗമമായ ശക്തി ഇല്ലായെങ്കിൽ ഈ ലോകം എങ്ങനെ നിലനിൽക്കുമെന്നും തിരിച്ചും ഞാൻ എന്നോടു തന്നെ ചോദിക്കുമായിരുന്നു.**

പലരും ധ്യാനത്തിന്റെ പ്രാർഥനകളിലും സ്തുതിപ്പിലും കൂടുതൽ പങ്കുചേരുന്നത് ഞാൻ തിരിച്ചറിഞ്ഞു. ധ്യാനം തീരുന്നതിന് തലേന്ന് രാത്രിയിൽ വലിയ ഒരു ആരാധനയായിരുന്നു അവിടെ ഒരുക്കിയിട്ടുണ്ടായിരുന്നത്. എന്റെയോർമ ശരിയാണെങ്കിൽ ജീസസ്‌യൂത്ത് റെക്സ് ബാൻഡിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്ന സംഘമാണ് അന്നവിടെ ആരാധന നയിച്ചിരുന്നത്. ഞാൻ തിരിഞ്ഞു നോക്കുമ്പോൾ ഞങ്ങളിൽ ബാക്കിയുണ്ടായിരുന്ന മൂന്നുപേരിൽ രണ്ടുപേരും അത്യുച്ചത്തിൽ ദൈവസ്തുതി ആലപിക്കുന്നതാണ് കാണുന്നത്. എന്നെ സംബന്ധിച്ചിടത്തോളം അത് ഒരു ഷോക്കായിരുന്നു. അവരും പ്രാർഥനയിലേക്ക് ലയിക്കുന്നത് കണ്ടപ്പോൾ എനിക്ക് എന്നോട് തന്നെ പുച്ഛം തോന്നി. എന്തുകൊണ്ട് എനിക്ക് ദൈവത്തെ സ്തുതിക്കാൻ പറ്റുന്നില്ല, എന്തുകൊണ്ട് ഞാൻ മാത്രം ഇങ്ങനെയായിപ്പോയി, എന്തുകൊണ്ട് എനിക്ക് പ്രാർഥിക്കാൻ പറ്റുന്നില്ല, ഇത്രയ്ക്കും കാഠിന്യമേറിയ ഹൃദയമാണോ എനിക്കുള്ളത്, എന്നൊക്കെയുള്ള ചിന്തകൾ എന്റെ മനസ്സിലൂടെ കടന്നുപോയി. പെട്ടെന്ന് ഞാൻ കരയാൻ ആരംഭിച്ചു. യേശുവേ, യേശുവേ, എന്ന് വിളിച്ചുകൊണ്ട് വിലപിക്കുകയായിരുന്നു പിന്നീട്. ഞാൻ കണ്ണുനീരിൽ കുതിരുന്നതായിട്ട് അനുഭവപ്പെട്ടു. എന്റെ ശരീരത്തിൽ നിന്നും മനസ്സിൽ നിന്നും എന്തൊക്കെയോ ഭാരം ഒഴിഞ്ഞുമാറുന്നപോലെ തോന്നി. പെട്ടെന്ന് ഒരാനന്ദം എന്നിലേക്ക് വന്നു നിറഞ്ഞു. ഞാൻ എഴുന്നേറ്റ് മറ്റുള്ളവർക്കൊപ്പം സ്തുതിച്ചുകൊണ്ട് ഓടി നടന്നു. എന്നെത്തന്നെ മറന്നുപോയ നിമിഷങ്ങളായിരുന്നു. സ്തുതിച്ചപ്പോൾ എനിക്ക് ലഭിച്ച സ്വാതന്ത്ര്യവും സന്തോഷവും വിവരിക്കാൻ പറ്റുന്നതിലും അപ്പുറമായിരുന്നു. അതുവരെ ഞാനറിയാത്ത ഒരു അനുഭവമായിരുന്നു. ബൈബിളിൽ സങ്കീർത്തനം എന്ന പുസ്തകത്തിന്റെ ആവശ്യം എന്താണെന്ന് പലപ്പോഴും ഞാൻ ചിന്തിച്ചിട്ടുണ്ട്. എന്നാൽ, അപ്പോൾ ഞാനനുഭവിച്ചത് ദാവീദിന്റെ മാനസികാവസ്ഥയായിരുന്നു. സങ്കീർത്തനത്തിൽ ദൈവസ്നേഹത്തെക്കുറിച്ചു ദാവീദ് വർണിച്ചതിന്റെ അർഥം എനിക്ക് മനസ്സിലായി. ദൈവസ്നേഹത്തെ വർണിക്കുവാൻ ആവുന്നതല്ലെന്ന് അന്നുതൊട്ട് എനിക്കു മനസ്സിലായിത്തുടങ്ങി.



## ഹൃദയത്തോടു ചേർത്തുവച്ച്

ആ ധ്യാനത്തിനുശേഷം എന്നിലുണ്ടായ മാറ്റങ്ങൾ വളരെ പ്രകടമായിരുന്നു. എന്റെ സ്വഭാവത്തിലും കാഴ്ചപ്പാടുകളിലും വ്യത്യാസം വന്നു. മാതാപിതാക്കളോട് എനിക്ക് കൂടുതൽ സ്നേഹവും ബഹുമാനവും തോന്നി. അവരോട് തുറന്നു സംസാരിക്കാനും ഗാഢമായ ആത്മബന്ധത്തിലാകാനും സാധിച്ചു. എന്റെ പഠനത്തിൽ വ്യക്തമായ പുരോഗതി വന്നു. ദൈവാത്മാവിന്റെ സഹായത്തോടെ നേതൃത്വ പാടവമുള്ള സമർഥനായ ഒരു വിദ്യാർഥിയായി മാറി. ജീസസ് യൂത്ത് കൂട്ടായ്മയിൽ പോയി തുടങ്ങി. പ്രീഡിഗ്രി കഴിഞ്ഞപ്പോൾ ശിഷ്യത്വപരിശീലന പരിപാടിയിൽ പങ്കെടുക്കുകയും ദേവഗിരി കോളേജിൽ ഡിഗ്രിക്ക് പഠിക്കുമ്പോൾ അവിടത്തെ ജീസസ് യൂത്ത് പ്രവർത്തനങ്ങൾ എന്റെ പ്രാർഥനാജീവിതത്തെ സജീവമാക്കാൻ സഹായിക്കുകയും ചെയ്തു. തുടർന്ന് ഫുൾടൈമർഷിപ്പിലേയ്ക്കും ഞാൻ ആകൃഷ്ടനായി. പ്രതീക്ഷിച്ചതിനു വിപരീതമായി വീട്ടുകാരുടെ പൂർണ പിന്തുണയോടെയാണ് ഞാൻ ഫുൾടൈമർഷിപ്പിനു വന്നത്. ട്രെയിനിങ് എനിക്ക് വളരെ ഉപകരിച്ചു. എന്റെ മനസ്സിലുണ്ടായിരുന്ന സങ്കോചങ്ങൾ മാറി. കൂടെയുള്ളവരുമായുള്ള ആത്മബന്ധം എന്നെ അതിശയിപ്പിച്ചു; കാരണം ആരുമല്ലാത്തവർ ഒന്നിച്ചുവരുന്നു; ആൺകുട്ടികളും പെൺകുട്ടികളും അടുത്തിടപഴകുന്നു, നല്ല സുഹൃത്ബന്ധങ്ങൾ ഉണ്ടാകുന്നു. എന്തും തുറന്നു പറയാനുള്ള ഈ സ്വാതന്ത്ര്യം ദൈവാത്മാവിൽ നിന്നുള്ളതാണെന്നത് പകൽ പോലെ വ്യക്തമായിരുന്നു. ചേട്ടന്മാരും ചേച്ചിമാരും ഞങ്ങളെ വളർത്താൻ എടുക്കുന്ന പരിശ്രമങ്ങൾ എടുത്തുപറയേണ്ട കാര്യവുമാണ്. വ്യക്തിപരമായി നമ്മെ ശ്രദ്ധിക്കുകയും നമ്മുടെ വിഷമങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞു കൂടെ നിൽക്കുകയും, നമുക്ക് മെച്ചപ്പെടുത്തേണ്ട കാര്യങ്ങൾ പരിശീലിപ്പിക്കുകയും ചെയ്യാൻ അവരെടുത്ത എല്ലാ ഉദ്യമങ്ങളെയും ആ ദിവസങ്ങളെയും അന്നുമുതൽ ഞാൻ ഹൃദയത്തോടു ചേർത്തുവച്ച് സൂക്ഷിക്കുന്ന ഓർമകളാണ്.

ഫുൾടൈമർഷിപ്പിൽ വരുമ്പോൾ വ്യക്തിപരമായ പ്രാർഥനയെക്കുറിച്ച് വളരെ കുറഞ്ഞ അറിവ് മാത്രം ഉണ്ടായിരുന്ന എനിക്ക് ഒരു പ്രാർഥനാജീവിതം തന്നെ ആ ട്രെയിനിങ്ങിലൂടെയുണ്ടായി. എനിക്ക് കമ്മിറ്റ്മെൻറ് കിട്ടിയത് മദർ തെരേസയുടെ നാടായിരുന്ന കൽക്കട്ടയാണ്. ഞങ്ങളുടെ പരിശീലന സമയത്ത് ഞാൻ ആഗ്രഹിച്ചതും പ്രാർഥിച്ചതും മദർ തെരേസയുടെ നിഴലിൽ കൂടെ സഞ്ചരിക്കണം എന്നുള്ളതായിരുന്നു. എനിക്ക് കിട്ടുന്ന കമ്മിറ്റ്മെന്റ് സ്ഥലം കൽക്കട്ടയാണെന്ന് അവിടെ അനൗൺസ് ചെയ്തപ്പോൾ, ആ നിമിഷം ഞാൻ അനുഭവിച്ച സന്തോഷം പറഞ്ഞറിയിക്കാനാവില്ല. സ്ഥലമോ സാഹചര്യങ്ങളോ ഒന്നും അറിയാത്ത ആ നാട്ടിലേക്ക് ചെന്നപ്പോൾ ശരിക്കും അപ്പസ്തോലന്മാർ എങ്ങനെയാണ് ഓരോ അന്യസ്ഥലത്തേയ്ക്ക് കടന്നു ചെന്നത് എന്നുള്ളത് അനുഭവിച്ചറിയുന്നതിന് തുല്യമായിരുന്നു. ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട് തോമാശ്ലീഹ കേരളത്തിലേക്ക് വരുമ്പോൾ ഏത് ഭാഷയിൽ ആയിരിക്കും സംസാരിച്ചിട്ടുണ്ടാവുക, എങ്ങനെയാണ് അദ്ദേഹം മറ്റുള്ളവരുമായിട്ട് ചേർന്ന് പ്രവർത്തിച്ചിട്ടുണ്ടാകുകയെന്ന്. കൽക്കട്ടയിൽ എനിക്കും അതേ അനുഭവം തന്നെയായിരുന്നു. ബംഗാളിയും ഇംഗ്ലീഷും ഹിന്ദിയും സംസാരിക്കുന്നവരുടെ ഇടയിലേക്കാണ് കടന്നു ചെന്നത്. ഹിന്ദി സംസാരിക്കാൻ പോലും എനിക്ക് അറിയില്ലായിരുന്നു. ഞാൻ പഠിച്ചത് ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ ആയിരുന്നെങ്കിലും ഇംഗ്ലീഷിൽ സംസാരിക്കുക എന്നുള്ളത് അന്ന് വലിയൊരു വെല്ലുവിളിയായിരുന്നു. ബംഗാളി ഭാഷയെക്കുറിച്ചു പറയേണ്ടല്ലോ. എന്നാൽ, എല്ലാം പൂർണമായിട്ടും ഈശോയ്ക്ക് സമർപ്പിക്കുമ്പോൾ ഓരോ മേഖലയിലും ദൈവാത്മാവ് വഴിനടത്തുന്നതാണ് ഞാൻ കണ്ടിട്ടുള്ളത്. യേശു നമുക്കുവേണ്ടി ഓരോ മേഖലകളും തുറന്നു തരുന്നത് ഞാനറിഞ്ഞു. മാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിച്ചപ്പോൾ എന്ത് സംസാരിക്കണം എങ്ങനെ സംസാരിക്കണം എന്നു പറഞ്ഞുതന്ന് മുന്നോട്ടു നയിക്കുന്ന അനുഭവങ്ങളുണ്ടായിട്ടുണ്ട്.

> എന്റെ സ്വഭാവത്തിലും കാഴ്ചപ്പാടുകളിലും വ്യത്യാസംവന്നു. മാതാപിതാക്കളോട് എനിക്ക് കൂടുതൽ സ്നേഹവും ബഹുമാനവും തോന്നി.

## ദൈവാത്മാവിന്റെ പ്രവർത്തനം

കൽക്കട്ടയിൽ ഡോൺബോസ്കോ സെമിനാരിയിലായിരുന്നു എനിക്ക് താമസം ഒരുക്കിയിരുന്നത്. അവിടെ ഓരോ കോളേജുകളിലും പോയി കുട്ടികളെ ഓരോരുത്തരെയും പരിചയപ്പെട്ട് അവിടെ പ്രയർ ഗ്രൂപ്പുകൾ സ്ഥാപിക്കുക എന്നുള്ളതായിരുന്നു എനിക്ക് നൽകിയിരുന്ന ഉത്തരവാദിത്വം. ഗുജറാത്തിൽനിന്ന് വന്ന റീനയും ഞാനും ആയിരുന്നു കൽക്കട്ടയിൽ ഒന്നിച്ചു ചെന്നത്. കൽക്കട്ടയിലെത്തി ആഴ്ചകൾക്കുള്ളിൽത്തന്നെ ഹൈസ്കൂൾ ലെവലിലുള്ള കുട്ടികൾക്കു വേണ്ടിയിട്ട് ഒരാഴ്ചയ്ക്കുള്ളിൽ ഒരു ധ്യാനം സംഘടിപ്പിക്കുവാൻ ഞങ്ങളോട് ആവശ്യപ്പെട്ടു. എങ്ങനെ തുടങ്ങണമെന്നോ എങ്ങനെ സംസാരിക്കണമെന്നോ അറിയില്ലായിരുന്നു. അതുവരെ മലയാളത്തിൽ സംസാരിച്ച് പരിചയമേയുള്ളു; ഇംഗ്ലീഷിൽ ഒരിക്കലും സംസാരിച്ചിട്ടില്ലാത്ത എന്നോട് കുമ്പസാരത്തെക്കുറിച്ചും ദൈവസ്നേഹത്തെക്കുറിച്ചും ഇംഗ്ലീഷിൽ ക്ലാസ്സെടുക്കണം എന്ന് പറഞ്ഞപ്പോൾ എങ്ങനെ ചെയ്യണമെന്ന് ഒരെത്തും പിടിയുമില്ലായിരുന്നു. ക്ലാസ്സെടുക്കാൻ ഒരു തുമ്പ് കിട്ടുമോയെന്നറിയാൻ പല പ്രാവശ്യം ഞങ്ങളുടെ ഓഫീസ് മൊത്തം ഞാൻ അരിച്ചുതപ്പി. പലപ്രാവശ്യം ബൈബിൾ എടുത്തു വായിച്ചു നോക്കി. എനിക്ക് വചനത്തിൽ അത്ര പരിജ്ഞാനം ഇല്ലായിരുന്നു.

ഇന്നത്തെപോലെ ഇന്റർനെറ്റോ യൂട്യൂബോ മൊബൈലോ ഒന്നുമില്ലാത്ത ആ കാലത്തു സ്വയം ഒരുങ്ങി ക്ലാസ്സെടുക്കുകയെന്നത് ശ്രമകരമായിരുന്നു. എനിക്ക് പേടിയും നിസ്സഹായതയും കൂടിവന്നു. കൊന്തചൊല്ലി മാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിച്ചു. മാതാവിന്റെ ഫ്രോട്ടോയുടെ അടുത്തിരുന്നു കരഞ്ഞു പ്രാർഥിച്ചു. കുർബാന കൂടി. പകൽ കോളേജുകളിൽ പോയി, ഓരോ ക്യാമ്പസുകളിൽ ചെന്നിരുന്ന് പ്രാർഥിക്കും. വൈകുന്നേരങ്ങളിൽ റൂമിലിരുന്നും താമസസ്ഥലത്തിന് ചുറ്റും നടന്നും ഞാൻ പ്രാർഥിച്ചിരുന്നു. അടുത്ത ദിവസം ഞാൻ വീണ്ടും ഒരു ലേഖനമെങ്കിലും കിട്ടുമോയെന്നു അന്വേഷിച്ചു നോക്കി. ഒരു ബുക്ക് കൈയിലെടുത്തപ്പോൾ അതിൽ നിന്ന് ഒരു കടലാസുകഷണം താഴോട്ട് വീഴുന്നു. നോട്ടീസ് പോലെ ദൈവസ്നേഹത്തെക്കുറിച്ചു വിവരിക്കുന്ന ബൈബിൾ വചനങ്ങളും സന്ദേശങ്ങളുമടങ്ങിയ ഒരു കുറിപ്പായിരുന്നു അത്. ഞാൻ യഥാർഥത്തിൽ കരഞ്ഞുപോയി. ദൈവത്തിന് നന്ദി പറഞ്ഞു. ആ നിമിഷം അവർണനീയമായ സന്തോഷം മനസ്സിൽ നിറഞ്ഞു. ദൈവത്തിന്റെ പ്രത്യേക ഇടപെടൽ പോലെ എനിക്കത് തോന്നി. എന്റെ ഹൃദയവും ദൈവസ്നേഹത്താൽ ജ്വലിച്ചു. എന്നെത്തന്നെ വിട്ടുകൊടുക്കുമ്പോൾ വഴിനടത്തുന്ന ദൈവത്തിന്റെ കരുതലും സ്നേഹവും ഞാനനുഭവിച്ചറിഞ്ഞു. അതുവച്ചുതന്നെ ആ സെഷൻ എങ്ങനെ തയ്യാറാക്കണമെന്നും പൂർത്തിയാക്കണമെന്നും ഒരു പദ്ധതിയുണ്ടാക്കാൻ എനിക്ക് സാധിച്ചു.



അതിനുശേഷവും കൽക്കട്ടയിലുള്ള മിഷൻ പ്രവർത്തനങ്ങളിൽ ധാരാളം വെല്ലുവിളികൾ ഉണ്ടായിട്ടുണ്ട്. കോളേജുകളുടെയും സ്കൂളുകളുടെയും ക്യാമ്പസുകളിൽ വ്യത്യസ്തമായ പല സാഹചര്യങ്ങളും പ്രതിസന്ധികളും ഉണ്ടായിട്ടുണ്ടെങ്കിലും ഓരോ ദിവസവും കൂടുതൽ തീക്ഷ്ണതയോടുകൂടി ഓടാനുള്ള കരുത്ത് ദൈവം പകർന്നുതന്നിരുന്നു. അവിടെ ദൈവസ്നേഹം ഏറ്റവും അടുത്തറിഞ്ഞ മറ്റൊരു സാഹചര്യം പറയാം. ഞാൻ നാട്ടിൽ നിന്ന് കൽകട്ടയ്ക്ക് വരുമ്പോൾ വളരെ ചെറിയൊരു ബാഗിൽ ഉൾക്കൊള്ളുന്ന നാലോ അഞ്ചോ ജോഡി വസ്ത്രങ്ങൾ മാത്രമായിരുന്നു കൈവശം കരുതിയിരുന്നത്. അതിരാവിലെ കുർബാനയോടു കൂടിയാണ് എന്റെ ദിവസങ്ങൾ ആരംഭിക്കുന്നത്. അതിനുശേഷം പോകാനുള്ള സ്ഥലങ്ങളിയ്ക്ക് യാത്രചെയ്യുകയും വൈകി താമസസ്ഥലത്തു തിരിച്ചെത്തുകയും ചെയ്യുന്നത് പതിവാണ്.

വാരാന്ത്യങ്ങളായിരുന്നു അലക്കാനും റൂം വൃത്തിയാക്കാനും മറ്റും സാധിച്ചിരുന്നത്. എനിക്കുള്ള ഭക്ഷണം അടുത്തുള്ള ഒരു വീട്ടിൽ നിന്ന് തയ്യാറാക്കി ഗേറ്റിൽ സെക്യൂരിറ്റിയെ ഏൽപ്പിക്കും. ക്ഷീണിച്ചു തളർന്നു വരുന്ന എനിക്ക് ഭക്ഷണം വലിയ ആശ്വാസമായിരുന്നു.

കിടക്കുന്നതിനുമുമ്പ് ആ ദിവസത്തെ എല്ലാകാര്യങ്ങളും ഈശോയോട് ഒരു കൂട്ടുകാരനെപ്പോലെ പറയുന്നതായിരുന്നു എന്റെ പ്രാർഥന. ഒരു ദിവസം എന്റെ വ്യക്തിപരമായ പ്രാർഥനാവേളയിൽ ഞാൻ ഈശോയോട് എന്റെ സങ്കടം പറഞ്ഞു. നിനക്കു വേണ്ടി ഞാൻ ഇങ്ങനെ കാമ്പസുകളിൽ പോകുന്നു, എനിക്ക് നല്ല ഉടുപ്പുകളില്ല, നിന്നെപ്പറ്റി പറയാൻ പോകുന്നവരെ നീ ശ്രദ്ധിക്കണ്ടേ എന്നൊക്കെ ചോദിച്ചു ഞാൻ പരിഭവം പറഞ്ഞു. അതിനുശേഷം കുരിശുവരച്ചു ഞാനുറങ്ങി. രാവിലെ കുർബാന കഴിഞ്ഞു വന്നപ്പോൾ സെക്യൂരിറ്റി എനിക്ക് ഭക്ഷണമടങ്ങിയ ബാഗ് തന്നു. ഞാനതു തുറന്നപ്പോൾ അതിൽ മറ്റൊരു പൊതികൂടെയുണ്ട്. നോക്കുമ്പോൾ എനിക്കേറ്റവും ഇഷ്ടപ്പെട്ട കടും നീലനിറത്തിൽ ഒരു പുതിയ ഷർട്ട്! ഞാൻ തരിച്ചിരുന്നുപോയി. അത്ഭുതവും ആകാംക്ഷയുമായി ഞാൻ ഭക്ഷണം തരുന്ന ചേട്ടന്റെ വീട്ടിലേയ്ക്ക് ഓടി. അബദ്ധത്തിൽ എന്റെ ഭക്ഷണപൊതിയുടെ കൂടെ പെട്ടുപോയ ആ ഷർട്ട് തിരികെ ഏൽപിക്കാൻ വന്നതാണെന്ന് അറിയിച്ചു. അദ്ദേഹം എന്നോട് പറഞ്ഞു, "ഇന്നലെ കുടുംബത്തോടൊപ്പം ഷോപ്പിങ്ങിനു പോയപ്പോൾ നിനക്കായി ഒരു ഷർട്ട് എടുക്കണമെന്ന് ഉള്ളിൽനിന്നാരോ പറയുന്നപോലെ എനിക്ക് തോന്നി. ഈ ഉടുപ്പ് നിനക്കായി മേടിച്ചതാണ്, ഇഷ്ടമായോ?" നമ്മുടെ ഹൃദയവിചാരങ്ങൾ പോലും അറിഞ്ഞു നമ്മെ സ്നേഹിക്കുന്ന ദൈവത്തെ കണ്ടുമുട്ടിയ സന്തോഷം എന്നെ വീണ്ടും അത്ഭുതപ്പെടുത്തി. "നിങ്ങൾ ആദ്യം അവിടത്തെ രാജ്യവും അവിടത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്താ 6, 33).



ഫുൾടൈമർഷിപ്പിന്റെ കാലത്തു ഞങ്ങൾക്ക് അപ്രതീക്ഷിതമായി വഴിതുറന്നു കിട്ടുന്നത് അനുദിന ദൈവാനുഭവമായിരുന്നു. ഏതെങ്കിലും കാമ്പസുകളിൽ ഇരുന്നു ഞങ്ങൾ പ്രാർഥിക്കുക പതിവായിരുന്നു. ഏതെങ്കിലും കുട്ടികളുമായി പരിചയപ്പെടും. അവരോട് പ്രാർഥനയെക്കുറിച്ചും നമ്മുടെ വ്യക്തി ജീവിതത്തെക്കുറിച്ചുമൊക്കെ അറിയുന്ന രീതിയിൽ സംസാരിക്കും. അതിൽ താത്പര്യം കാണിക്കുന്നവരോട് ഒന്നിച്ച് ഇരുന്ന് പ്രാർഥിക്കും. അങ്ങനെയൊക്കെ നമ്മൾ പതിയെ പതിയെ പ്രാർഥനാഗ്രൂപ്പുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു.

അപരിചിതരായ ഞങ്ങളോട് അവർ ഹൃദയവേദനകളും പ്രശ്നങ്ങളും ആഗ്രഹങ്ങളും പങ്കുവയ്ക്കുമായിരുന്നു. പ്രായത്തിൽ ചെറുപ്പമായതുകൊണ്ടും അനുഭവജ്ഞാനം കുറവായതുകൊണ്ടും ഞങ്ങൾക്കൊന്നും അറിയില്ലെങ്കിലും ദൈവാത്മാവ് ഞങ്ങളിലൂടെ പ്രവർത്തിക്കുന്നതായി ഞങ്ങൾക്ക് തോന്നിയിരുന്നു. നമ്മുടെ നാവിനെ എന്തുപറയണമെന്നു അവിടന്ന് പഠിപ്പിച്ചുതരും. നാമൊന്നു നിന്നുകൊടുത്താൽ ദൈവം നമ്മെ എത്ര മനോഹരമായി ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കിത്തന്ന അനുഭവമായിരുന്നു ഇതൊക്കെ. വീട്ടിലും കൽക്കട്ടയിലും ഉണ്ടായ പ്രതിസന്ധികൾ അതിരുകളില്ലാത്ത ദൈവാശ്രയബോധം എന്നിൽ വളർത്തി. എന്റെ ബുദ്ധിയേക്കാൾ ദൈവത്തെ ആശ്രയിച്ചപ്പോൾ വിജയം എന്റെ പക്ഷത്താണെന്ന സത്യം എനിക്ക് ധൈര്യം നൽകി. അതുകൊണ്ടുതന്നെ മറ്റുള്ളവരോട് ഈശോയെക്കുറിച്ചു പറയാൻ എന്റെ യുക്തിയും ബുദ്ധിയും തടസപ്പെടുത്തിയില്ല. "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റുപറയും" (മത്താ 10, 32) എന്ന വചനം പിന്നീടുള്ള എന്റെ ജീവിതത്തിലും ശക്തി തന്നു.

## ഇപ്പോഴും നയിക്കുന്നത്

ദൈവം ഓരോ അവസരങ്ങളിലൂടെ നമ്മെ നയിച്ച് ഓരോ നിയോഗങ്ങൾക്കായി ദൈവം നമ്മെ ഉപകരണങ്ങൾ ആക്കുന്നതായി തോന്നിട്ടുണ്ട്. നമ്മൾ കണ്ടുമുട്ടുന്ന ഓരോ വ്യക്തിയിലും നമ്മളായിട്ട് ചെയ്യേണ്ട കാര്യങ്ങൾ പൂർത്തിയാക്കാൻ ദൈവം ആഗ്രഹിക്കുന്നതായി പലപ്പോഴും ഞാൻ തിരിച്ചറിഞ്ഞു. നമ്മൾ നമ്മെത്തന്നെ ദൈവത്തിന്റെ ഉപകരണമാകാൻ അനുവദിച്ചാൽ മതിയെന്നതാണ് ഞാൻ മനസ്സിലാക്കിയ യാഥാർഥ്യം. നമ്മുടെ കഴിവോ പ്രാഗൽഭ്യമോ അല്ല; ദൈവത്തിന്റെ കരുണയാണ് എല്ലാത്തിന്റെയും അടിസ്ഥാനം. എന്റെയും നിങ്ങളുടെയും പേര് അവന്റെ ഉള്ളംകൈയിൽ രേഖപ്പെടുത്തുകയും നമ്മുടെ പാപങ്ങളുടെ പൊറുതിക്കുവേണ്ടി മരിച്ച് രക്ഷ സാധ്യമാക്കിത്തരുകയും ചെയ്ത ഈശോയ്ക്ക് നിന്നിലൂടെ പ്രവർത്തിക്കാനും മറ്റുള്ളവരെയും കൂടി രക്ഷിക്കാനും സാധിക്കും. അതിന് അവിടത്തേക്ക് എന്നേക്കുറിച്ചു ഒരു പദ്ധതിയുണ്ടെന്ന വിശ്വാസമാണ് എന്നെ ഇപ്പോഴും നയിക്കുന്നത്.

# ദൈവത്തിന്റെ പടയാളി

വയനാട് ജില്ലയിലെ കുടിയേറ്റ മേഖലയായ നടവയൽ എന്ന കൊച്ചു ഗ്രാമത്തിലാണ് ഞാൻ ജനിച്ചതും വളർന്നതും. എന്റെ സ്കൂൾ വിദ്യാഭ്യാസവും അവിടെത്തന്നെയായിരുന്നു. അതിനുശേഷം 1996–97 വർഷങ്ങളിലെ കോളേജ് വിദ്യാഭ്യാസത്തിനിടയിലാണ് ഞാൻ  ജീസസ് യൂത്തിനെക്കുറിച്ച് അറിഞ്ഞത്. അന്നെന്റെ കളിക്കൂട്ടുകാരിയായിരുന്ന ഇന്നത്തെ സിസ്റ്റർ ജാസ്മിനിലൂടെയാണ് ഞാൻ ജീസസ് യൂത്തിലേക്ക് കടന്നുവന്നത്. സിസ്റ്റർ ജാസ്മിന്റെ നിർബന്ധത്തിനു വഴങ്ങി കോളേജിൽ തന്നെയുള്ള പ്രാർഥനാ ഗ്രൂപ്പുകളിൽ പങ്കെടുക്കാൻ തുടങ്ങി. തുടർന്ന് ജീസസ് യൂത്ത് ഒരുക്കിയ ഒരു ധ്യാനത്തിൽ ഞാൻ സംബന്ധിച്ചു. ഒരുപറ്റം യുവജനങ്ങളുടെ സഹകരണത്തോടെ നടന്ന ആ ധ്യാനത്തിൽ അവരുടെ പെരുമാറ്റങ്ങളും ശൈലികളും സ്വഭാവങ്ങളുമെല്ലാം എന്നെ ഏറെയാകർഷിച്ചു. തുടർന്ന് എല്ലാ മാസങ്ങളിലും മാനന്തവാടി സോണിൽവച്ച് നടക്കുന്ന ഏകദിന യുവജന ധ്യാനങ്ങളിലും ഏകദിന കൂട്ടായ്മയിലും സ്ഥിരമായി ഞാൻ പൊയ്ക്കൊണ്ടിരുന്നു. അങ്ങനെ മെല്ലെ കോളേജിലുള്ള പ്രാർഥനാ ഗ്രൂപ്പുകളിൽ പങ്കെടുക്കാനും തുടങ്ങി. എന്റെ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞപ്പോഴേക്കും ജീസസ് യൂത്തിൽ സജീവമായി പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു. അവിടെനിന്നാണ് ഫുൾ ടൈമർഷിപ്പിനെക്കുറിച്ച് അറിഞ്ഞത്. ആ കാലഘട്ടങ്ങളിൽ എന്റെ പാസ്റ്ററായിട്ട് ഫാദർ ജോൺ പുതുക്കുളത്തിനേയും എൽഡറായി ചാക്കോച്ചൻ ചേട്ടനേയും ലഭിച്ചു. അവർ നൽകിയ നിർദേശങ്ങളെല്ലാം അനുസരിച്ച് ഞാൻ എന്റെ ജീവിതത്തെതന്നെ ചിട്ടപ്പെടുത്തി. എന്നിലൊരു സ്വഭാവരൂപീകരണവും വിശാസ ജീവിതവും രൂപപ്പെട്ടു. ജീസസ് യൂത്തിലെ കൂട്ടായ്മയിലൂടെയും അവർ നൽകുന്ന സ്നേഹത്തിലൂടെയും പരിഗണനയിലൂടെയുമെല്ലാം എനിക്ക് ദൈവസ്നേഹം അനുഭവിക്കാൻ കഴിഞ്ഞു. അങ്ങനെയാണ് ഒമ്പതാമത്തെ ബാച്ച് ഫുൾടൈമർ ആകാനായിട്ടുള്ള ഒരവസരം എനിക്ക് ലഭിക്കുന്നത് .

എനിക്ക് കമ്മിറ്റ്മെൻറ് പ്ലേസ് ആയി കിട്ടിയത് മാനന്തവാടി സോൺ തന്നെയാണ്. ഞാൻ അറിയുന്ന സ്ഥലങ്ങൾ ആയിരുന്നതുകൊണ്ടും എന്റെ പ്രവർത്തനമേഖല ആയിരുന്നതുകൊണ്ടും കമ്മിറ്റ്മെൻറ് കാലഘട്ടങ്ങളിൽ വളരെ നന്നായിട്ടുതന്നെ സേവനം ചെയ്യാൻ എനിക്ക് സാധിച്ചു. എല്ലാ കോളേജുകളിലും കയറിയിറങ്ങി പ്രാർഥനാ ഗ്രൂപ്പുകൾക്ക് നേതൃത്വം നൽകാനും അതേപോലെ ധ്യാനങ്ങൾ സംഘടിപ്പിക്കാനും ക്രിസ്റ്റീൻ മിനിസ്ട്രിയുമായി ചേർന്നുനിന്നുകൊണ്ട് കുഞ്ഞുങ്ങളെ ധ്യാനിപ്പിക്കാനും ഒത്തിരി അവസരങ്ങൾ അക്കാലത്ത് ദൈവമെനിക്ക് നൽകി. ഫുൾടൈമർഷിപ്പ് കഴിഞ്ഞ് തുടർവിദ്യാഭ്യാസത്തിനിടയിലും സജീവമായി തന്നെ മാനന്തവാടി സോണിലെ ജീസസ് യൂത്തിലും ക്രിസ്റ്റീൻ മിനിസ്ട്രിയിലൂടെ കുഞ്ഞുങ്ങളുടെ ഇടയിലും ഞാൻ പ്രവർത്തിക്കുന്നുണ്ടായിരുന്നു. പിന്നീട് ഞാൻ താമരശ്ശേരി രൂപതയുടെ റിട്രീറ്റ് സെന്ററായ ബഥാനിയ ധ്യാനകേന്ദ്രത്തിൽ നാലുവർഷം സേവനം അനുഷ്ഠിച്ചു.

ആ കാലഘട്ടങ്ങളിലെല്ലാം ദൈവമെന്നെ രൂപപ്പെടുത്തുകയും പാകപ്പെടുത്തുകയുമായിരുന്നു. ഒരുപാടു കാര്യങ്ങളിലൂടെ അവിടന്നെന്നെ പുതിയൊരു ആളാക്കി മാറ്റുകയാണ് ചെയ്തത്. വളരെ വിശുദ്ധിയോടുകൂടി വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനും പ്രാർഥനയിൽ ചെലവഴിക്കാനും ഈ കാലഘട്ടങ്ങളിലെല്ലാം സാധിച്ചു. അന്നെടുത്ത കുറേ തീരുമാനങ്ങളുണ്ട്; അതിലൊന്ന് ഒരിക്കൽ പോലും നുണ പറയുകയില്ല എന്നതായിരുന്നു. അതിൽ ഇന്നും ഉറച്ചുനിൽക്കാൻ എനിക്ക് സാധിക്കുന്നുണ്ട്. ഒരു ചെറിയൊരു കള്ളം പോലും പറയാൻ എന്റെ മനസ്സ്  അനുവദിക്കാറില്ല.

സമയമായപ്പോൾ ഞാനെന്റെ വിവാഹ ജീവിതത്തിലേക്ക് കടന്നു. വിവാഹ ജീവിതത്തിൽ ദൈവം എനിക്ക് നൽകിയ എന്റെ തുണയെയും മക്കളെയും ദൈവത്തിലേക്ക് അടുപ്പിക്കുകയും ദൈവത്തിന്റെ മാർഗത്തിൽ നയിക്കുകയും വേണമെന്നതാണ്

എന്റെ ഏറ്റവും വലിയ ലക്ഷ്യം. ഇപ്പോൾ എന്റെ ജീവിതം വളരെ സന്തോഷപ്രദമായിട്ട് ദൈവം ക്രമപ്പെടുത്തുന്നുണ്ട്. വളരെ തിക്തമായ അനുഭവങ്ങളിലൂടെ എനിക്ക് കടന്നുപോകേണ്ട സാഹചര്യങ്ങൾ വന്നു. ഞാനും എന്റെ ഭർത്താവും രോഗാവസ്ഥയിൽ ആയിട്ടുണ്ട്. സാമ്പത്തികമായിട്ട് ഞങ്ങൾ വളരെ താഴ്ന്നുപോയ അവസരങ്ങളുമുണ്ടായി. പക്ഷേ, അതിൽ നിന്നെല്ലാം ദൈവം ഞങ്ങളെ സംരക്ഷിച്ച്, പരിപാലിച്ച്, അത്ഭുതങ്ങളിലൂടെ ഞങ്ങളെ മുന്നോട്ട് കൊണ്ടുപോയി. സാമ്പത്തിക ഭദ്രത നൽകി ഇപ്പോൾ ദൈവം ഞങ്ങളെ സംരക്ഷിക്കുന്നുണ്ട്. ഭർത്താവിനും എനിക്കും ആരോഗ്യം തിരിച്ചു നൽകിക്കൊണ്ട് ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. ദൈവത്തിനുവേണ്ടി ജീവിക്കുമ്പോൾ ദൈവം കൈവിടില്ല എന്നുള്ളതിന് വലിയൊരു ഉദാഹരണമായിട്ട് തന്നെ ഈ അനുഭവങ്ങളെ ഞാൻ കാണുന്നു.

എന്റെ മക്കൾ ഇരട്ടകളാണ്. അവരുടെ ജനനത്തോടുകൂടി എന്റെ ഹൃദയത്തിന്റെ പമ്പിങ് ശേഷി കുറയുകയും അതിന് ചികിത്സിക്കുകയും ചെയ്തിരുന്നു. ബുദ്ധിമുട്ടുകൾ മാറി വീണ്ടും ഡോക്ടറെ സമീപിച്ചപ്പോൾ ഇതൊരു അത്ഭുതം ആണെന്നാണ് അദ്ദേഹം അന്നെന്നോട് പറഞ്ഞത്. സാധാരണ ഇങ്ങനെ സംഭവിച്ചാൽ അത് പൂർണമായും സുഖം പ്രാപിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. അതുകൊണ്ട് നിങ്ങളെ സംബന്ധിച്ചിടത്തോളം അത് സാധിച്ചു എന്ന് പറഞ്ഞാൽ അത് വലിയൊരു മെഡിക്കൽ മിറക്കിൾ തന്നെയാണെന്ന് ഡോക്ടർമാർ അടിവരയിട്ട് പറഞ്ഞിരുന്നു. അതേപോലെ ഭർത്താവിന്റെ കാര്യത്തിൽ ആണെങ്കിലും ഓപ്പറേഷൻ വേണമെന്ന് പറഞ്ഞ അവസരത്തിൽ ഓപ്പറേഷൻ ഇല്ലാതെ തന്നെ സുഖമാവുകയും അദ്ദേഹം ഇപ്പോൾ പൂർണ ആരോഗ്യത്തിൽ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഇതൊക്കെ ദൈവം ഞങ്ങളുടെ ജീവിതത്തിൽ നൽകിയ വലിയ അത്ഭുതങ്ങളും അനുഗ്രഹങ്ങളുമായിട്ട് ഞാൻ കാണുന്നു.

> അന്നെടുത്ത കുറേ തീരുമാനങ്ങളുണ്ട്; അതിലൊന്ന് ഒരിക്കൽ പോലും നുണ പറയുകയില്ല എന്നതായിരുന്നു.

ഇന്നുഞാൻ ഞങ്ങളുടെ ഇടവകയിൽ ഒരു മതാധ്യാപികയായിട്ട് സേവനം ചെയ്യുകയാണ്. എന്റെ ഭർത്താവ് ഇടവകയിലെ യൂണിറ്റ് പ്രസിഡന്റായിട്ട് സേവനം ചെയ്യുന്നു. സഭയോട് ചേർന്ന് ദൈവത്തിലേക്കുള്ള വഴിയിലൂടെ തന്നെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ് ഞങ്ങളിപ്പോഴും. ദൈവത്തിൽ നിന്നകന്നു പോകാതെ നിൽക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. ഞങ്ങളുടെ ജീവിതത്തിൽ കുടുംബ പ്രാർഥനയിലൂടെയും വിശുദ്ധ കുർബാനയിൽ പരമാവധി പങ്കെടുത്തുകൊണ്ടും മുന്നോട്ട് പോകാൻ ശ്രദ്ധിക്കാറുണ്ട്.

പണ്ടൊക്കെ ഓരോ ധ്യാനത്തിൽ പങ്കെടുക്കുമ്പോഴും ധ്യാനഗുരുക്കന്മാരിൽ നിന്ന് കിട്ടുന്ന പ്രചോദനം അനുസരിച്ച് നമ്മൾ ദൈവത്തിന്റെ പടയാളികളാണ്, തിന്മയ്ക്കെതിരെ പോരാടണം എന്നൊക്കെ പറയുമ്പോൾ ഇതൊക്കെ എങ്ങനെ, എവിടെ എന്നൊന്നുമറിയില്ലായിരുന്നു. വിവാഹ ജീവിതത്തിലേക്ക് കടന്നു കഴിഞ്ഞപ്പോഴാണ് ജീവിതം യഥാർഥത്തിൽ എന്താണെന്ന് മനസ്സിലായത്. പുതിയ ഉത്തരവാദിത്വങ്ങൾ, വീട്ടുജോലികൾ, ബന്ധുജനങ്ങൾ, കുടുംബകൂട്ടായ്മകൾ അങ്ങനെ വേറൊരു ലോകം. നീതിയും ന്യായവും നഷ്ടപ്പെടുന്ന ചുറ്റുമുള്ളവരെ കാണുമ്പോൾ എന്റെ മനസ്സ് അസ്വസ്ഥമാകുമായിരുന്നു. പലപ്പോഴും എനിക്ക് തോന്നും ഞാനിപ്പോൾ തിന്മയ്ക്കെതിരെ പോരാടേണ്ട ഒരു പടയാളിയാണെന്ന്. തെറ്റായ രീതിയിലുള്ള സമ്പ്രദായങ്ങൾക്ക് കൂട്ടുനിന്നാൽ ഞാൻ നല്ലവളാണെന്ന് മറ്റുള്ളവർ പറയുമായിരിക്കും. പക്ഷേ, അവരുടെ മുമ്പിൽ അന്യായമായതിനെ ചൂണ്ടിക്കാണിക്കാനും ന്യായമായതിനുവേണ്ടി വാദിക്കാനും ഞാൻ നിൽക്കാറുണ്ട്. ആ സമയം തളർന്നു പോകാതിരിക്കാൻ എനിക്ക് പ്രചോദനം തരുന്നത് ഈ ഫുൾടൈമർഷിപ്പ് ട്രെയിനിങ്ങും അതിനുശേഷം ഫോർമേഷൻ കിട്ടിയ ജീവിത സാഹചര്യങ്ങളുമാണ്.

ചിലപ്പോൾ എല്ലാവരും ഒറ്റപ്പെടുത്തുമ്പോഴും എന്റെ നിലപാട് നന്മയ്ക്ക് വേണ്ടിയാണെന്നും ഞാൻ പ്രതികരിക്കുന്നത് തിന്മയുടെ ശക്തിക്കെതിരെയാണെന്നും എന്നത് എനിക്ക് വളരെ ആശ്വാസം തരും. ചില പ്രതിസന്ധികളും എതിർപ്പും മറ്റുള്ളവരിൽ നിന്ന് കിട്ടുമ്പോൾ അന്നെനിക്ക് മനസ്സിലാകാതെയിരുന്ന 'ദൈവത്തിന്റെ പടയാളി ആകണം' എന്ന ആഹ്വാനം ഇന്ന് ജീവിതത്തിലൂടെ സ്വതസിദ്ധമായി ഞാൻ ചെയ്യുന്നതുപോലെ എനിക്ക് തോന്നുന്നു. ദൈവത്തിൽ നിന്ന് അകന്നുപോകാതെ മുന്നോട്ട് ജീവിക്കാനുള്ള ധൈര്യം തരുന്നതും ജീസസ് യൂത്തിൽനിന്ന് കിട്ടിയ പരിശീലനം തന്നെയാണ്. എന്നെ ഏൽപിച്ചിരിക്കുന്ന ഉത്തരവാദിത്വം ഞാൻ ഏത് സാഹചര്യത്തിലുമായിക്കോട്ടെ അതിൽ നിന്നുകൊണ്ട് പൂർത്തിയാക്കാൻ ശ്രമിക്കുന്നു. എന്റെ ചുറ്റുപാടുകളിൽനിന്നു ഒരാളെയെങ്കിലും രക്ഷിക്കാനുള്ള കടമ എനിക്കുണ്ട് എന്നുള്ള വിശ്വാസത്തിലാണ് ഞാൻ എന്റെ നിലപാടുകളെ വ്യക്തമാക്കുന്നത്. എന്നെ മറ്റുള്ളവർ മനസ്സിലാക്കാതെ വരുമ്പോൾ എന്റെ സങ്കടങ്ങൾ ഞാൻ ദൈവത്തോട് പറയുന്നതാണ് ചിലപ്പോൾ എന്റെ പ്രാർഥനകൾ. ദൈവവുമായിട്ടുള്ള സംഭാഷണമാണ് പ്രാർഥനയെന്നുള്ളത് അപ്പോളൊക്കെ എനിക്ക് ജീവിതത്തിൽ ആഴത്തിൽ അനുഭവിക്കുവാൻ സാധിക്കുന്നുണ്ട്. എനിക്ക് കുറവുകൾ ഉണ്ടെങ്കിലും ഈശോയ്ക്കു വേണ്ടി തന്നെയാണ് എന്റെ ജീവിതം.



# ഈശോ എന്റെ ആശ്വാസം, ആത്മവിശ്വാസം

**അവന്റെ നെഞ്ചിന്റെ ചൂടറിയാത്ത ഒരു ദിവസം പോലും എന്റെ ജീവിതത്തിൽ ഇല്ലാതിരിക്കട്ടെ. ഈശോയെ ഞാൻ അങ്ങയെ എന്റെ ജീവിതത്തിന്റെ നാഥനും രക്ഷകനും കർത്താവും രാജാവുമായി ഏറ്റു പറയുന്നു; സ്തുതിക്കുന്നു; ആരാധിക്കുന്നു; മഹത്വപ്പെടുത്തുന്നു.**

***"കർത്താവ് നിനക്കു കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽനിന്നു മറഞ്ഞിരിക്കുകയില്ല. നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും" (ഏശ 30, 20).***

ഞാൻ ജൂലി. ഭർത്താവ് അലക്സ്; ഞങ്ങൾക്ക് നാല് മക്കളാണ്. വീട് ഇരിഞ്ഞാലക്കുടയിൽ. ജീവിതകാലം മുഴുവൻ ഈശോയുടെ മിഷണറിയാകാൻ 40 ദിവസത്തെ ഒരുമിച്ചുള്ള പരിശീലനവും അതിനുശേഷം പ്രവർത്തന മേഖലയിൽ ഒരു വർഷത്തെ വിശ്വാസ പ്രഘോഷണവും സാക്ഷ്യജീവിത രൂപീകരണവും, ഇതാണ് ചുരുക്കി പറഞ്ഞാൽ ഫുൾടൈമർഷിപ്. എന്റെ ജീവിതത്തിൽ അതൊരു യഥാർഥ ദൈവാനുഭവം തന്നെയായിരുന്നു. കാരണം, കൂടെ പഠിച്ച പലരും ഹയർ സ്റ്റഡീസിന് പോയപ്പോൾ ഞാൻ ഫുൾടൈമർഷിപ്പിനുവേണ്ടി ഒരു വർഷം പൂർണമായും മാറ്റിവയ്ക്കുന്നത് മണ്ടത്തരമാണ്; നഷ്ടമാണെന്നൊക്കെ പലരും പറഞ്ഞു. എന്നാൽ, ഈയൊരു വർഷം നേട്ടവും ലാഭവും തന്നെയാണെന്ന് എനിക്കും എന്റെ മാതാപിതാക്കൾക്കും നല്ല ബോധ്യമുണ്ടായിരുന്നു. കർത്താവിന് കൊടുക്കുന്നതെന്തും ഒരിക്കലും ഒരു നഷ്ടമാകില്ല എന്ന് ഞങ്ങൾക്കുറപ്പായിരുന്നു. ബാംഗ്ലൂർ ആയിരുന്നു എന്റെയും സഹഫുൾടൈമറായ ജയ്സൺ മെൻഡസിന്റെയും കമ്മിറ്റ്മെന്റ് പ്ലെയ്സ്. ആ മെട്രോ നഗരത്തിലെ പല ക്യാംപസുകളിലും ചെന്ന് ഈശോയെ കൊടുക്കാൻ മേലധികാരികളെക്കണ്ട് അനുവാദം ചോദിച്ചതും, സെന്റ് ജോൺസ് മെഡിക്കൽ കോളേജ് പോലുള്ള ക്യാംപസ് പ്രയർ ഗ്രൂപ്പുകളിൽ പരിശുദ്ധാത്മാവ് എന്നെക്കൊണ്ട് ഏറെ സമയം ഇംഗ്ലീഷിൽ ഷെയർ ചെയ്യിപ്പിച്ചതും, അറിയാത്ത വഴികളിലൂടെ പല ദിവസങ്ങളിലും കൊന്ത ചൊല്ലി നടന്നതും, ഒത്തിരി ഹോംസിക്കായ ഞാൻ ബാംഗ്ലൂർ CST ധ്യാനകേന്ദ്രത്തിലെ വലിയ കുരിശുരൂപത്തിൽ, ഈശോയുടെ കാലിൽ കെട്ടിപ്പിടിച്ച് കരഞ്ഞ് ശക്തി



പ്രാപിച്ചതും ഈ ഒരു വർഷ ഫോർമേഷന്റെ ഭാഗമായിരുന്നു. എന്നെ കരുതാനും സ്നേഹിക്കാനും അനേകം ജീസസ് യൂത്ത് സഹോദരങ്ങളെ ഈശോ അവിടെ ഒരുക്കിയിട്ടുണ്ടായിരുന്നു.


2001ൽ ആണ് ഫുൾടൈമർഷിപ് കഴിഞ്ഞത്. 2003ൽ B.Ed കഴിഞ്ഞയുടനെ സി.എം.സി. സിസ്റ്റേഴ്സിന്റെ ഇരിഞ്ഞാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഹൈസ്കൂളിൽ സ്ഥിരം ജോലി ലഭിച്ചു. കർത്താവിനുവേണ്ടി വില കൊടുത്തപ്പോൾ ഈശോ എനിക്ക് വലിയ സമ്മാനമായി ഈ ജോലി നൽകിയതായി ഞാൻ വിശ്വസിക്കുന്നു. 2004ൽ എന്റെ വിവാഹം കഴിഞ്ഞു. ഭർത്താവിന്റെ മാതാപിതാക്കളുടെ ആരോഗ്യപ്രശ്നങ്ങളാൽ ആദ്യത്തെ കുറച്ചു വർഷങ്ങൾ ഒരുതരത്തിലും മിനിസ്ട്രി ചെയ്യാൻ സാധിച്ചില്ല. അപ്പോഴൊക്കെ മനസ്സിൽ കടുത്ത ദുഃഖമുണ്ടായിരുന്നു. എന്നാൽ, ഈ നാളുകളിലെ എന്റെ മിഷൻ എന്റെ കുടുംബത്തിലാണ് എന്ന ബോധ്യം ഈശോ എനിക്ക് നൽകി. മൂന്നാമത്തെ കുഞ്ഞു ഗർഭാവസ്ഥയിൽ ആയിരിക്കുന്ന സമയത്ത് അൽഷിമേഴ്സിന്റെ പീക് സ്റ്റേജിൽ അമ്മച്ചിയും, ക്യാൻസറിന്റെ അവസാനത്തെ സ്റ്റേജിൽ അപ്പച്ചനും കിടപ്പിലായി. ആ സമയത്ത് ചേട്ടന്റെ കുടുംബത്തോടൊപ്പം വിശ്വാസത്തിന്റെ കൂട്ടായ്മയിൽ നിന്നുകൊണ്ട് അവരെ ശുശ്രൂഷിക്കാൻ ദൈവം അനുവദിച്ചു. ഏഴാം മാസമായപ്പോൾ എന്റെ നിറവയറിന്മേൽ ചാരിയിരുത്തി അപ്പച്ചന് ഭക്ഷണം കൊടുത്തതും ദേഹം മുഴുവനും ബെഡ്സോർ വന്ന അമ്മച്ചിയെ മടുപ്പു കൂടാതെ ഡ്രസ്സ് ചെയ്തതും കുടുംബത്തെ ഒന്നാകെ കൂട്ടായ്മയിൽ ചേർത്തുനിർത്താൻ സാധിച്ചതും ആ ഒരു വർഷത്തെ ഫോർമേഷനിലൂടെ ഈശോ തന്ന കൃപയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. അങ്ങനെ ഭർത്താവിന്റെ അപ്പച്ചനെയും അമ്മച്ചിയെയും നല്ല മരണത്തിന് ഒരുക്കാൻ കഴിഞ്ഞു. അപ്പച്ചനും അമ്മച്ചിയും അഞ്ചുദിവസത്തെ വ്യത്യാസത്തിലാണ് മരിച്ചത്. ഏഴുമാസം ഗർഭിണിയായ ഞാനും മൂന്നുമാസം ഗർഭിണിയായ എന്റെ ചേട്ടത്തിയും ഈശോയുടെ സ്നേഹം പങ്കുവച്ചത് ഈ ശുശ്രൂഷയിലൂടെയായിരുന്നു.

ചെറുപ്രായത്തിൽ തന്നെ വിശ്വാസത്തിന്റെ തിരിനാളം എനിക്ക് തെളിച്ചു തന്നത് എന്റെ മമ്മിയാണ്. കൂട്ടായ്മ എന്ന് പറഞ്ഞാൽ എനിക്ക് എന്റെ മമ്മിയും ഡാഡിയും ഞാനും എന്റെ സഹോദരനും തമ്മിലുള്ള സ്നേഹവും ഒരുമയുമാണ്. എനിക്ക് നാലാമത്തെ കുഞ്ഞുണ്ടായതിനുശേഷം എന്റെ മമ്മി ക്യാൻസർ ബാധിതയായി. അപ്പോഴൊക്കെ ഇത് ഈശോയുടെ ഹിതമാണെന്ന് മനസ്സിലാക്കി സഹനത്തെ ഈശോയോട് ചേർത്ത് വയ്ക്കാനും തളർന്നുപോകാതെ മമ്മിയെ ശുശ്രൂഷിക്കാനും ഈശോ എന്നെ ശക്തിപ്പെടുത്തി. ഇപ്പോൾ മമ്മി എന്റെ കൂടെയില്ല. എങ്കിലും എന്റെ വിശ്വാസ പരിശീലനത്തിൽ മമ്മി വഹിച്ച പങ്ക് എനിക്കൊരിക്കലും മറക്കാനാകില്ല.

ഈശോ ഏൽപിച്ച വീട്ടിലെ ഈ മിഷനു ശേഷം എന്നെ ഈശോ പൂർവാധികം ശക്തിപ്പെടുത്തി. വിശുദ്ധമായ ദാമ്പത്യജീവിതം നയിക്കാൻ ദമ്പതികളെ സഹായിക്കാൻ ഒരുമിച്ചിരുന്ന് പ്രാർഥിക്കാൻ വഴിയൊരുക്കുന്ന എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന എന്റെ ചോദ്യത്തിന് ദൈവത്തിന്റെ സമയത്തിനായി നമുക്ക് കാത്തിരിക്കാം എന്ന് പറഞ്ഞു ഭർത്താവ് അലക്സ് എനിക്ക് പ്രതീക്ഷ തരുമായിരുന്നു. ഏറെ പരിശ്രമത്തിനൊടുവിൽ ഇരിങ്ങാലക്കുട രൂപതയിലെ കാത്തലിക് കപ്പിൾസ് മൂവ്മെന്റിനു തുടക്കം കുറിക്കാൻ ഞങ്ങൾ അഞ്ചു ദമ്പതിമാർക്കൊപ്പം കൈകോർത്തു പ്രവർത്തിച്ചു. ഈശോ നൽകുന്ന ദാമ്പത്യ സ്നേഹത്തെക്കുറിച്ച് പല ഇടവകകളിലും ദമ്പതികളോട് പങ്കുവയ്ക്കാനും ഈശോ എന്നെയും എന്റെ ജീവിതപങ്കാളിയെയും ഉപയോഗിച്ചു.

ഇന്നേറ്റവും കൂടുതലായി ഞാൻ ഈശോയെ കൊടുക്കുന്നത് എന്റെ സ്കൂളിലെ കുട്ടികൾക്കാണ്. ഒരു ദിവസം ഒരാളോടെങ്കിലും ഈശോയെക്കുറിച്ച് പറയുക എന്ന ഫുൾടൈമർഷിപ്പിൽ കിട്ടിയ പരിശീലനം ഇന്നും തുടരാൻ ഈശോ എന്നെ അനുവദിക്കുന്നുണ്ട്. ഞാൻ എന്റെ ക്ലാസ്സുകളിൽ വചനം പറഞ്ഞാണ് തുടങ്ങാറുള്ളത്. ജാതിമതഭേദമന്യേ ആഗ്രഹമുള്ള എല്ലാ മക്കളും വചനം ഏറ്റു പറയാറുണ്ട്. വർഷങ്ങൾക്കു മുൻപ് സ്കൂൾ പഠനം പൂർത്തിയാക്കിയ പല വിദ്യാർഥികളും പഠിച്ച വചനങ്ങൾ അവരുടെ പ്രതിസന്ധിഘട്ടങ്ങളിൽ പറഞ്ഞുകൊണ്ട് ശക്തിപ്രാപിച്ചതും അതിജീവിച്ചതും എന്നോട് പങ്കുവച്ചിട്ടുണ്ട്. അത് എന്റെ ജീവിതത്തിലെ അമൂല്യമായ വലിയ അനുഭവങ്ങളായാണ് ഞാൻ കരുതുന്നത്. പല മക്കളും ആത്മഹത്യയുടെയും ഡിവോഴ്സിന്റെയും വക്കിൽ നിൽക്കുമ്പോൾ രാത്രികളിൽ എന്നെ വിളിക്കാറുണ്ട്. അവരെ വചനം പറഞ്ഞു ശക്തിപ്പെടുത്താൻ ഈശോ അനുവദിക്കുന്നുണ്ടെങ്കിൽ അത് എന്നോടുള്ള അവിടത്തെ വ്യക്തിപരമായ സ്നേഹത്തിന്റെ അടയാളമാണ്. പബ്ലിക് എക്സാമിന് മുൻപ്, ഹിന്ദു മുസ്ലിം വിഭാഗത്തിൽപ്പെട്ട കുട്ടികൾ പോലും,'ടീച്ചറെ, നെറ്റിയിൽ കുരിശടയാളമിട്ട് എനിക്കു വേണ്ടി പ്രാർഥിക്കുമോ' എന്ന് ചോദിച്ചു വരാറുള്ളത്, എന്നെ അവിടത്തെ സ്നേഹത്തിന്റെ ഒരു ഉപകരണം ആക്കുന്നതു കൊണ്ടല്ലേയെന്നു ഞാനോർക്കും. സ്കൂളിലെ പ്രയർ ഗ്രൂപ്പിൽ കുട്ടികളോട് സംസാരിക്കുമ്പോഴും ഈശോയുടെ സ്നേഹം പകർന്നു കൊടുക്കാൻ അവിടന്ന് എന്നെ അനുവദിക്കുന്നു. എന്റെ വിദ്യാലയത്തിലെന്നല്ല എവിടെയും ഒരു പബ്ലിക് മീറ്റിംഗിൽ സംസാരിക്കാൻ എനിക്കൊരു അവസരം കിട്ടുമ്പോൾ, ദൈവം, ഈശ്വരൻ എന്ന വാക്കുകൾക്ക് പകരം ഈശോ എന്ന അതിശക്തമായ നാമം മടിയില്ലാതെ തന്നെ ഉപയോഗിക്കാൻ അവിടന്ന് എന്നെ ശക്തിപ്പെടുത്താറുണ്ട്.

> പല മക്കളും ആത്മഹത്യയുടെയും ഡിവോഴ്സിന്റെയും വക്കിൽ നിൽക്കുമ്പോൾ രാത്രികളിൽ എന്നെ വിളിക്കാറുണ്ട്.




ഞാൻ ജോലിചെയ്യുന്ന എന്റെ വിദ്യാലയത്തിൽ ഈശോയെ പ്രഘോഷിക്കാൻ അവിടന്ന് എനിക്ക് കൃപ തരുന്നുവെന്നതിന് ഒരു നല്ല അനുഭവം ഞാൻ പങ്കുവയ്ക്കാം. കഴിഞ്ഞ ടീച്ചേഴ്സ് ഡേയിൽ കുട്ടികൾ ഒരു ഗെയിം നടത്തി. ടീച്ചറെ പറ്റിയുള്ള ക്ലൂ പറയും. അപ്പോൾ അത് ഏത് ടീച്ചറാണെന്ന് മറ്റ് കുട്ടികൾ കണ്ടുപിടിക്കണം. എന്റെ പേര് പറയാൻ അവർ കൊടുത്ത ക്ലൂ ഇതായിരുന്നു, 'ലൂക്ക 1, 37'. ഇത് പറഞ്ഞപ്പോൾ തന്നെ കുട്ടികൾ ഉറക്കെ ജൂലി ടീച്ചർ എന്ന് പറഞ്ഞു. അതു എന്റെ അധ്യാപന ജീവിതത്തിൽ ഒരു വലിയ അവാർഡ് കിട്ടിയ പോലെയുള്ള നിമിഷമായിരുന്നു. കാരണം സ്കൂൾ മുഴുവന്റെയും മുൻപിൽ ഈശോയെ മഹത്വപ്പെടുത്താൻ ലഭിച്ച ഒരവസരം. വിശ്വാസത്തിന്റെ കനൽ ഊതി കത്തിച്ച ഒരുപാട് അനുഭവങ്ങൾ എണ്ണിയെണ്ണി പറയാനുണ്ട്. അവയൊന്നും പറഞ്ഞാൽ തീരില്ല.

അനുദിന വിശുദ്ധ കുർബാനയും കൂദാശ ജീവിതവും ഈ ഫോർമേഷൻ എനിക്ക് തന്ന വലിയ സമ്മാനങ്ങളാണ്. ഞങ്ങളുടെ 22 വർഷത്തെ ദാമ്പത്യ ജീവിതത്തിൽ പല പ്രതിസന്ധികളിലൂടെയും കടന്നു പോയപ്പോൾ ഈശോയിൽ മാത്രം ആശ്രയിച്ചുകൊണ്ട് മുന്നേറാൻ ശക്തി ലഭിച്ചതും മറ്റുള്ളവർക്ക് ഈശോയെ കൊടുത്ത് അവരെ ശക്തിപ്പെടുത്താൻ സാധിച്ചതും ഈ ഫോർമേഷൻ നൽകിയ പരിശീലനമാണ്. ഇതിലൂടെ കിട്ടിയ മറ്റൊരു മഹാഭാഗ്യമാണ് ഈശോയും ഞാനും തമ്മിലുള്ള ശക്തമായ വ്യക്തിപരമായ ബന്ധം. ചങ്കിന്റെ ചങ്കായി ഈശോയെ കൊണ്ടുനടക്കാൻ എനിക്ക് സാധിക്കുന്നുണ്ടെങ്കിൽ അവിടന്ന് കനിഞ്ഞു തന്ന കൃപയാണത്. തുറന്നു പറഞ്ഞാൽ, ഈശോ അപ്പയോട് ചോദിക്കാതെ ഒരു കൊച്ചു സാധനം പോലും ഞാൻ വാങ്ങാറില്ല. എന്റെ ജീവിതത്തിലും ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ധാരാളമുണ്ട്. പക്ഷേ, ഈശോയ്ക്ക് എന്റെ എല്ലാ ബലഹീനതകളും അറിയാമല്ലോയെന്ന ആശ്വാസം എനിക്ക് ആത്മവിശ്വാസം നൽകുന്നു. ഒന്ന് ഞാൻ തീർത്തു പറയാം; ഈശോ ഇല്ലെങ്കിൽ ഞാനില്ല, അത്ര തീവ്രമായും ഗാഢമായും ഉറപ്പിച്ചതാണ് ഞങ്ങൾ തമ്മിലുള്ള ബന്ധം. "നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന്, ഒരു സ്വരം ശ്രവിക്കും; ഇതാണു വഴി, ഇതിലേ പോവുക" (ഏശ 30, 21).

ഈശോയുടെ വചനമാണ് ഓരോ നിമിഷവും എന്നെ ശക്തിപ്പെടുത്തുന്നത്. ദൈവവചനം പല തവണ ഉരുവിട്ടാണ് ഓരോ ദിവസവും കടന്നു പോകുന്നത്. അവിടത്തെ തിരുശരീരവും തിരുരക്തവും അനുദിനം സ്വീകരിക്കുമ്പോഴാണ് ഞാൻ എഴുന്നേറ്റു നിൽക്കുന്നത്. കാരണം 2000 വർഷങ്ങൾക്കു മുൻപ് കുരിശിന്മേൽ മരിച്ചു മൺമറഞ്ഞു പോയവനല്ല ഈശോ; മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നവനായി എന്റെ തൊട്ടടുത്തായിരിക്കുന്ന എന്റെ ചങ്കായ ഈശോ.. അവന്റെ നെഞ്ചിന്റെ ചൂടറിയാത്ത ഒരു ദിവസം പോലും എന്റെ ജീവിതത്തിൽ ഇല്ലാതിരിക്കട്ടെ. ഈശോയെ ഞാൻ അങ്ങയെ എന്റെ ജീവിതത്തിന്റെ നാഥനും രക്ഷകനും കർത്താവും രാജാവുമായി ഏറ്റു പറയുന്നു; സ്തുതിക്കുന്നു; ആരാധിക്കുന്നു; മഹത്വപ്പെടുത്തുന്നു.



# നവ പുരോഹിതന് ജീസസ് യൂത്ത് കുടുംബത്തിന്റെ പ്രാർഥനകളും ഹൃദയംഗമമായ ആശംസകളും..


**2025 ഡിസംബർ 28 കോട്ടക്കൽ സെന്റ് തെരേസാസ് ആശ്രമ ഇടവക ദേവാലയത്തിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ കൈവയ്പ്പുവഴി ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ച**

## ഫാ. നിഖിൽ തച്ചുപറമ്പിൽ CMI

"നിങ്ങൾ സജീവശിലകൾകൊണ്ടുള്ള ഒരു ആത്മീയഭവനമായി പടുത്തുയർത്തപ്പെടട്ടെ. യേശുക്രിസ്തുവഴി ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിത ജനമാവുകയും ചെയ്യട്ടെ"

**(1 പത്രോസ് 2,5)**

കെയ്റോസ് മാസികയുടെ അഭ്യുദയകാംക്ഷിയും മാസികയിലെ എഴുത്തുകാരനുമാണ് ഫാ. നിഖിൽ



ഫ്രം ദി ഹാർട്ട് – ഡോ. എഡ്‌വേർഡ് എടേഴത്ത്

# ജീസസ് യൂത്ത്

## സാധാരണത്വത്തിന്റെ ലളിതശൈലി



ഞാൻ ജോലി ചെയ്തിരുന്ന കോളേജിൽ, ഏറെക്കാലമായി ജീസസ് യൂത്ത് സജീവമാണ്; പക്ഷേ, ശൈലിയിൽ ലളിതവും ഏറെ ശാന്തവും. ക്യാമ്പസിലുള്ള നിരവധി ക്ലബ്ബുകൾ ആകർഷകമായും സ്മാർട്ടായും തങ്ങളുടെ സാന്നിധ്യമറിയിക്കുമ്പോൾ വലിയ പരസ്യമൊന്നും കൂടാതെ ജെ.വൈ അവരുടെ കാര്യങ്ങളുമായി മുന്നേറുന്നു. ആഴ്ചതോറും ക്യാമ്പസിന്റെ ഒരു മൂലയിൽ ഒതുങ്ങിയ ഒരു ഹോസ്റ്റൽ മുറിയിൽ അവർ ഒത്തുകൂടും. വ്യക്തിബന്ധങ്ങൾ വളർത്തി കുട്ടികളെ ആകർഷിക്കും പ്രാർഥനാകൂട്ടായ്മയും വചന പഠനവും ഒക്കെയായി അവരെ വളർച്ചയിലേയ്ക്ക് നടത്തും, ആശുപത്രികളും അഗതി മന്ദിരങ്ങളും സന്ദർശിക്കും. ചുരുക്കത്തിൽ എല്ലാം സുന്ദരം, ഒപ്പം  ലളിതവും.

എന്നാൽ, കോളേജിൽ ജീസസ് യൂത്ത് ശ്രദ്ധിക്കപ്പെടുന്ന ചില സമയങ്ങളുണ്ട്. എവിടെയെങ്കിലും ഒരു പ്രകൃതി ദുരന്തം ഉണ്ടായാൽ, അവരുടെ തീക്ഷ്ണത എല്ലാവരും അറിയും. വസ്ത്രങ്ങൾ, ഭക്ഷണ പാക്കറ്റുകൾ, മറ്റു നിത്യോപയോഗ സാധനങ്ങൾ ഒക്കെ അവർ ശേഖരിക്കും. പിന്നെ കുട്ടികൾക്കായി പുസ്തകങ്ങൾ, എഴുത്തുസാമഗ്രികൾ ഒക്കെ കണ്ടെത്തും. മറ്റൊരു സമയം ക്രിസ്മസ് കാലമാണ്. ആ ദിവസങ്ങളിൽ ക്യാമ്പസ് നിറമാർന്നു സജീവമാകും. രസകരമായ പല പരിപാടികളും തിരുപ്പിറവി അവതരണങ്ങളും ചില കൊച്ചു മത്സരങ്ങളും സന്ദേശം പങ്കുവയ്ക്കലും ഒക്കെയായി അതൊരു മേളമാകും. അതിന് ചുക്കാൻ പിടിക്കുന്നതോ ജീസസ് യൂത്തും.

കോളേജ് അധികാരികൾക്ക് ഈ ഗ്രൂപ്പിനോട് ഒരു പ്രത്യേക ഇഷ്ടമാണ്. പുതിയ കുട്ടികൾ വന്ന് ക്യാമ്പസ് പരിചയപ്പെടുന്ന ആദ്യ ദിനങ്ങളിൽ അവർ ജെ.വൈയെ എടുത്തുകാണിക്കും. ക്യാമ്പസ് ക്ലബ്ബുകളുടെ പട്ടികയിൽ ജെ.വൈക്ക് പ്രധാന സ്ഥാനമുണ്ട്. എങ്ങനെയെങ്കിലും കൂടുതൽ വിദ്യാർഥികൾ ഈവഴി വരണം എന്നാണ് കോളേജ് അധികാരികളുടെ താത്പര്യം. പക്ഷേ, ജെ.വൈ കുട്ടികൾക്ക് തനതായ ഒരു സാവകാശമുണ്ട്. ഈ മുന്നേറ്റം 'വലുതും തിളക്കമുള്ളതുമാക്കി' മാറ്റാൻ ചില അംഗങ്ങൾ ആവേശപൂർവം ശ്രമിച്ചാലും, ഒരു ഗ്രൂപ്പ് എന്ന നിലയിലും മുന്നേറ്റ ശൈലിയിലും ജീസസ് യൂത്തിന് തനതായ ഒരു താളമുണ്ട്. അതിനെ കൂടുതൽ ചിട്ടയും കാര്യക്ഷമതയും ഒക്കെയുള്ളതാക്കാൻ നോക്കിയാലോ? അത് മറ്റെന്തോ ഒന്നായി മാറും. ഏറെ പ്രത്യേകതകളുള്ള എന്തിനെയും നമ്മൾ കൂടിയ ശ്രദ്ധയോടെ സമീപിക്കും. ജീസസ് യൂത്തും അതുപോലെ തന്നെയാണ്. കൂടുതൽ സധാരണത്വത്തെ പുൽകുന്ന അസാധാരണത്വം. ഈ പ്രത്യേകതയുടെ സ്രോതസ്സോ, പരിശുദ്ധാത്മാവും.

# എന്താണീ സുസാധാരണത്വം?

പല ഇടങ്ങളിലും ഇന്ന് കേൾക്കുന്ന ഒരാശയമാണ് 'മൈൻഡ് ഫുൾനെസ്" അതായത്, ഉയർന്ന അവബോധത്തോടെ വ്യാപാരിക്കുക. ഒരു വിധത്തിൽ ഇത് ഏറെ ക്രിസ്തീയമായ ഒരു ജീവിത സമീപനമാകാം. ദൈവസാന്നിധ്യ ബോധം, ആത്മാവിന്റെ നിശ്വസനം അടുത്തറിയൽ എല്ലാം നമ്മെ ഈ അവബോധത്തിൽ വളർത്തും. സങ്കീർത്തനം 131 ഇത് നന്നായി അവതരിപ്പിക്കുന്നു. വൻപു പറയൽ ഒട്ടുമില്ലാതെ, ശാന്തഹൃദയത്തോടെ കർത്താവിൽ പൂർണമായി ആശ്രയമർപ്പിക്കുന്ന ഒരു മനോഭാവം. അവിടെ വൻകാര്യങ്ങൾ സംഭവിച്ചാൽ അത് അവിടത്തെ വലിയ ഔദാര്യം മാത്രം.




ഈ ലാളിത്യവും കർത്താവിലുള്ള വേരൂന്നലുമാണ് ജീസസ് യൂത്തിനെ സുസാധാരണമാക്കുന്നത്. ഒരുദ്ധരണി കേട്ടുകാണും, "അൽഭുതകരവും അസാധാരണവുമായതിനെ നാം പ്രശംസിക്കും; പക്ഷേ, സാധാരണമായത് നാം ചേർത്തു നിർത്തും." ഈ സാധാരണത്വം ഞാൻ സൂചിപ്പിച്ച കോളേജ് ഗ്രൂപ്പിനെ വ്യത്യസ്തമാക്കി. അവരുടെ ലാളിത്യവും എളിമയും, ഒപ്പം ഊഷ്മളതയും തീക്ഷ്ണതയും അവരെ ഏറെ പ്രിയങ്കരരാക്കി.

ഒരാളുടെ കുസൃതി ചോദ്യം: ഈ സാധാരണത്വം എന്ന് പറയുന്നത് നാട്ടിലെ 'ഓർഡിനറി' ബസ്സുപോലെയാണോ? അത് നല്ലൊരു താരതമ്യമാണ്. എല്ലാവർക്കും കയറാവുന്ന സാധാരണ വാഹനം. വൻഭാവം ഇല്ലാത്ത, ലാളിത്യമുള്ള ചില മനുഷ്യരെ കണ്ടിട്ടില്ലേ? അതുപോലെ. യേശു തെരഞ്ഞെടുത്തത് ആ വഴിയാണ്, ഒരു തച്ചന്റെ തൊഴിൽ ചെയ്തു, മുക്കുവരെ സ്നേഹിതരായി സ്വീകരിച്ചു. ഇന്നും സാധാരണ അപ്പമായി കടന്നുവരുന്ന അതിശയകരമായ ഒരു സാധാരണക്കാരൻ.

അങ്ങനെവരുമ്പോൾ നാം സൂചിപ്പിക്കുന്ന സാധാരണത്വം സ്വപ്നങ്ങളുടെയും തീക്ഷ്ണ സ്നേഹത്തിന്റെയും അഭാവമല്ല. മറിച്ച് ബോധപൂർവമുള്ള താഴേയ്ക്കിറങ്ങലാണ്. വലിയ പേരുണ്ടാക്കാനും കണ്ണഞ്ചിപ്പിക്കാനും മറ്റുള്ളവർ തത്രപ്പെടുമ്പോൾ അതിൽനിന്ന് മാറി സാധാരണ മനുഷ്യരുടെ സമീപത്തെത്താൻ അവരെ പോലെ ആകുന്നതാണ് ഈ സുസാധാരണത്വം.

# വീഥിയേറിയ രാജപാത

ജോലിസ്ഥലത്തുനിന്ന് ഞാൻ വീട്ടിലേയ്ക്ക് പോകുന്ന ഒരു കുറുക്കു വഴിയുണ്ട്. സമയ ലാഭമോർത്താണ് ആ വഴി പോകുമായിരുന്നത്. പക്ഷേ, ഇടുങ്ങിയ ആ വഴിയിലൂടെ

ഒരു ഭാരവണ്ടിയോ മറ്റോ ഇഴഞ്ഞു നീങ്ങിയാൽ എല്ലാവരും കുടുങ്ങും. ഒപ്പം അസ്വസ്ഥരാകാനും തുടങ്ങും. പല കൂട്ടായ്മകളും ഇങ്ങനെയാണ്. മറിച്ച്, വീതിയുള്ള വഴികൾ ഔദാര്യമുള്ളവകൂടെയാണ്. പലരും പല വേഗതയിലാണ് ചിന്തിക്കുന്നതും സ്നേഹിക്കുന്നതും പ്രാർഥനാവഴിയേ ചരിക്കുന്നതും. ഈ വൈവിധ്യത്തെ ഹൃദയത്തിൽ സ്വീകരിക്കുന്നവർക്ക് നാം ധ്യാനിക്കുന്ന ഈ സാധാരണത്വം എളുപ്പമാണ്. അവരോടുമൊത്തുകൂടുന്ന ലാളിത്യമാണ് സുസാധാരണത്വം.

ഈ വൈവിധ്യത്തെ ഹൃദയത്തിൽ സ്വീകരിക്കുന്നവർക്ക് നാം ധ്യാനിക്കുന്ന ഈ സാധാരണത്വം എളുപ്പമാണ്. അവരോടുമൊത്തുകൂടുന്ന ലാളിത്യമാണ് സുസാധാരണത്വം.

ഞങ്ങളുടെ ഗ്രൂപ്പിൽ, ആരെങ്കിലും ഒരു ചിന്ത പങ്കിടുമ്പോൾ, സിനികാര്യത്തിന്റെ കാതലിലേക്ക് വേഗത്തിൽ എത്തും. എന്നാൽ, ജോൺസൺ ചോദ്യങ്ങളും എതിർപ്പുകളും കൈയായി എല്ലാം മന്ദഗതിയിലാക്കും. ഒരു നല്ല കൂട്ടായ്മ ഇവ രണ്ടിനും ഇടം നൽകണം. ഒരു സമൂഹത്തിന്റെ ഔദാര്യവിശാലത അതിന്റെ നേതാക്കളുടെ ഹൃദയ വിശാലത കൂടെയാണ്. ഞങ്ങൾക്ക് നേതൃത്വം നൽകുന്ന അഗസ്റ്റിൻ ഇത്തരം വ്യത്യസ്തതകൾ ഗ്രൂപ്പിൽ സംഘർഷം ഉയർത്തുമ്പോൾ ശാന്തനായി എല്ലാവരെയും ശ്രവിക്കുന്നത് കാണാറുണ്ട്. അങ്ങനെ ആരും പിന്തള്ളപ്പെടാതെ കൂട്ടായ്മ മുന്നേറുന്നു. അത്തരം ഒരു കൂട്ടായ്മയിൽ ഏവർക്കും സ്വസ്ഥതയോടെ തനത് ശൈലിയിൽ മുന്നേറാൻ സാഹചര്യം ഒരുക്കുന്നു. ഇതാണ് ഗ്രൂപ്പിൽ സുസാധാരണത്വം സാധ്യമാക്കുന്നത്.

## സാധാരണരേ നിങ്ങൾ ഭാഗ്യവാന്മാർ

സുസാധാരണത്വത്തിൽ ഊന്നിയ ജീസസ്‌യൂത്ത് കൂട്ടായ്മകൾ നയിക്കുന്നവർ ലളിത സാധാരണ രീതികൾ സ്വീകരിക്കുന്നവരാകണം. ഒപ്പം ആഴമുള്ള സ്നേഹവും തീക്ഷ്ണോത്സാഹ ജ്വാലയും പേറുന്നവരുമാകണം. അത്തരം നല്ല ജെ.വൈയുടെ ചില പ്രത്യേകതകൾ:


- എവിടെയാണെങ്കിലും അതിൽ സന്തോഷിക്കുന്നവർ, അല്ലെങ്കിൽ അതിനെ ദൈവഹിതമായി അംഗീകരിക്കാൻ പരിശ്രമിക്കുകയെങ്കിലും ചെയ്യുന്നവർ.
- സംഭാഷണത്തിൽ ലാളിത്യവും മനുഷ്യപ്പറ്റും ഉള്ളവർ – അവർ അധികാര ഭാവങ്ങൾ കഴിവതും ഒഴിവാക്കും.
- ഏവരുമായി എളുപ്പത്തിൽ ബന്ധങ്ങളുണ്ടാക്കി അത് വളർത്തുന്നവർ. നിർബന്ധങ്ങൾ ഒഴിവാക്കി തുറവിയോടെ ഇടപെടുന്നവർ.
- അവരുടെ പ്രാർഥന, വരദാന ഉപയോഗം, പങ്കുവയ്ക്കൽ തുടങ്ങിയവ ലളിതസുന്ദരവും സ്വാഭാവികവുമാകും.
- ദൈനംദിന ജീവിതമാണ് അവരുടെ ദൗത്യമേഖല – സഹപാഠികൾ, സഹപ്രവർത്തകർ, അയൽക്കാർ.
- അവർ ചെറു കൂട്ടായ്മകളെ വിലമതിക്കുന്നു. അതിൽ വേണ്ടത്ര ശ്രദ്ധിക്കുകയും സമയം ചെലവഴിക്കുകയും ചെയ്യുന്നു.
- സന്തോഷങ്ങളിലും പ്രതിസന്ധികളിലും അവർ ദൈവസാന്നിധ്യം തിരിച്ചറിയുന്നു.

ഒന്ന് ചിന്തിച്ചാൽ ഈ സുസാധാരണത്വത്തിന്റെ നല്ല പരിശീലക മദർ തെരേസയാണ്. ആ വിശുദ്ധയുടെ വാക്കുകളിൽ, "സാധാരണ കാര്യങ്ങൾ അസാധാരണ ശ്രദ്ധയോടെ ചെയ്യുക." അതുതന്നെയാകണം ജീസസ് യൂത്തിന്റെ വിശുദ്ധിയിലേക്കും ദൗത്യ പ്രതിബദ്ധതയിലേക്കുമുള്ള സുന്ദര പാത.

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***



# 2 പുസ്തകങ്ങൾ





ഇത് ജെറിന്റെ ജീവചരിത്രമല്ല. ചില ജെറിൻ ചിന്തകളും അമൂല്യമായ ജെറിനോർമകളുമാണ്. ജെറിനോടൊപ്പം തിരുവചനത്തെയും വിശുദ്ധരെയും കൂട്ടുപിടിച്ച് സമകാലിക യാഥാർഥ്യങ്ങളിലേക്കൊരു തീർഥയാത്രയാണ് ഈ ചെറു ഗ്രന്ഥം. ഈ യാത്രയിൽ അവൻ ദൈവത്തെ കണ്ടുമുട്ടിയതിന്റെയും പകർന്നു നൽകിയതിന്റെയും കഥകളാണ് നാം വായിക്കുക.

**കെയ്റോസ് കുടുംബവും ജെറിനോർമകളിൽ നമ്രശിരസ്കരാകുന്നു...**



# വേരുകൾ കഥ പറയുമ്പോൾ

**സിജോ ഖത്തർ**

പറമ്പിലെ ഉപയോഗിക്കാതെ കിടക്കുന്ന കിണർ വൃത്തിയാക്കാൻ പോയതാണ്. നോക്കുമ്പോൾ കിണറിനു ചുറ്റും ഏതാനും ചെടികൾ വളർന്നു നിൽക്കുന്നു. കൂടാതെ അതിന്റെ വേരുകൾ കിണറിനുള്ളിലേക്ക് മണ്ണിലൂടെ ആഴ്ന്നിറങ്ങുന്നുമുണ്ട്. ഇനിയും അതിന്റെ വേരോട്ടം കൂടിയാൽ കിണറിലെ മണ്ണിടിഞ്ഞുവീണ് നല്ലവെള്ളം തരുന്ന ആ കിണർ മൂടി പോകാൻ സാധ്യതയുണ്ട്. ആ ചെടികൾ പിഴുതുകളയുംനേരം ഉള്ളിൽ നിന്നൊരു സ്വരം 'നിന്റെ ഉള്ളിലെ നല്ല വെള്ളമാകുന്ന നന്മകളെ മൂടികളയുംവിധം നിന്റെ ഹൃദയത്തിലേക്കു ഇതുപോലെ വേരുകൾ ഇറങ്ങുന്നുണ്ട്.' പിന്നാലെ ഒരു വചനവും ഉള്ളിൽ തെളിഞ്ഞു വന്നു "ദൈവകൃപ ആർക്കും നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുവിൻ. വിദ്വേഷത്തിന്റെ വേരു വളർന്ന് ഉപദ്രവം ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ. വിദ്വേഷംമൂലം പലരും അശുദ്ധരായിത്തീരുന്നു" (ഹെബ്രാ 12, 15).

അപ്പോഴാണ് മനസ്സിലായത് ഈശോ സമരിയാക്കാരി സ്ത്രീയോട് അവളുടെ കഥ പറഞ്ഞ പോലെ ഈ വേരുകളിലൂടെ ഈശോ എന്റെ കഥ പറയുകയാണെന്ന്. ആയിടെയാണ് ചിലരോട് നീരസത്തിന്റെ കുഞ്ഞു വേരുകൾ എന്റെ ഹൃദയത്തിലേക്കും വളരുന്നത് ഞാൻ തിരിച്ചറിഞ്ഞത്. എന്നെ സ്നേഹിക്കുന്ന ഈശോ അതെന്നെ ഓർമിപ്പിച്ചുതരുകയായിരുന്നു. അങ്ങനെ വിദ്വേഷത്തിന്റെ വേരായി മാറാമായിരുന്ന ആ നീരസത്തെ ഹൃദയത്തിൽനിന്ന് പറിച്ചു കളഞ്ഞു. "നിന്റെ ഹൃദയത്തെ ജാഗരൂകതയോടെ കാത്തുസൂക്ഷിക്കുക; ജീവന്റെ ഉറവകൾ അതിൽ നിന്നാണൊഴുകുന്നത്" (സുഭാ 4, 23).



കവർസ്റ്റോറി - സജീവ് പാറേക്കാട്ടിൽ

# സ്വർഗത്തിന്റെ കെമിസ്ട്രി

**അവനവനെത്തന്നെയും ഉടയവനെയും അറിയുകയാണ് സമാധാന മാർഗം... സർവർക്കും സംലഭ്യമാകേണ്ട സമാധാനം.. സമാധാനത്തിന്റെ ഉറവിടത്തിലേക്കൊരു മടക്കയാത്ര...**

ദയനീയമായ ഒരു നിലവിളി കേൾക്കുന്നില്ലേ? ശബ്ദമില്ലാത്തതെങ്കിലും ശക്തമായ ഒരു നിലവിളി കേൾക്കുന്നില്ലേ? ഇല്ലാത്തതുകൊണ്ടാണ് കേൾക്കാത്തതെന്നോ? കേൾക്കേണ്ടത് കേൾക്കാത്തതും കേൾക്കേണ്ടാത്തത് കേൾക്കുന്നതുമാണല്ലോ നമ്മുടെ പരാജയം. ഹൃദയഭേദകമായ ഒരു നിലവിളി ഉയരുന്നുണ്ട്. ലോകം മുഴുവനും ആ നിലവിളിയുണ്ട്. അതുയരുന്നത് പടക്കളങ്ങളിൽ നിന്നോ തടവറകളിൽ നിന്നോ അല്ല; ഓരോ മനുഷ്യന്റെയും ഉള്ളിൽ നിന്നാണ്. അത് കേൾക്കാൻ പുറത്തെ കാതുകൾ മതിയാകില്ല. അകക്കാതുകൾക്ക് ത്രാണി ഉണ്ടാവണം. ഡെസിബെല്ലിൽ അളക്കാൻ കഴിയാത്ത ആ നിലവിളി ഉയരുന്നത് നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ നിന്നാണ്. കൊട്ടാരങ്ങളിലും കുടിലുകളിലും അതുണ്ട്. അരമനകളിലും അന്ത:പുരങ്ങളിലും അതുണ്ട്. പാർലമെന്റുകളിലും പാതയോരങ്ങളിലും അതുണ്ട്. ആ നിലവിളി സമാധാനത്തിനു വേണ്ടിയുള്ളതാണ്. സത്യത്തിനും നീതിക്കും സ്നേഹത്തിനും സാഹോദര്യത്തിനും വേണ്ടിയുള്ളതാണ്. മനുഷ്യത്വത്തിനു വേണ്ടിയുള്ളതാണ്. ആ നിലവിളി ഉള്ളിലെ കുഞ്ഞിനു വേണ്ടിയുള്ളതാണ്.

പിറവിയിലെ വിശുദ്ധിയുടെ ശുഭ്രവസ്ത്രം കളഞ്ഞുപോയ ഒരു കുഞ്ഞ് അത്യുച്ചത്തിൽ നിലവിളിക്കുകയാണ്. അല്ല, വസ്ത്രമല്ല; ഉള്ളിലെ കുഞ്ഞിനെത്തന്നെയാണ് കാണാതെ പോയിരിക്കുന്നത്. ആ ശൂന്യതയുടെ, നഷ്ടബോധത്തിന്റെ നിലവിളിയാണ് കേൾക്കുന്നത്. ഒരിക്കൽ ഉണ്മയായിരുന്ന; നിർമലമായി സ്നേഹിച്ചിരുന്ന, ആഹ്ലാദിച്ച് തുളുമ്പിയിരുന്ന, മാലാഖമാരെപ്പോലെ ചിരിച്ചിരുന്ന ഒരു കുഞ്ഞിനെ - കുഞ്ഞുമനുഷ്യനെ - ഉള്ളിൽ നിന്ന് കാണാതായിരിക്കുന്നു. ജീവിച്ചിരിക്കുന്നോ മരണപ്പെട്ടോ എന്നുപോലും നിശ്ചയമില്ല. ആ അനിശ്ചിതത്വത്തിന്റെ നിലവിളിയാണ് കേൾക്കുന്നത്. അരക്ഷിതവും ദൈന്യവുമായ ആ നിലവിളി സർവമനുഷ്യരുടെയും ഉള്ളിൽ നിന്നുയരുന്നുണ്ട്.

'കല്ല് കൊത്താനുണ്ടോ കല്ല്' എന്ന ചൊല്ലുവിളി ഓർക്കുന്നില്ലേ? കത്തി കാച്ചാനുണ്ടോ, കാത് കുത്താനുണ്ടോ എന്നൊക്കെ അതിന് പ്രാദേശികഭേദങ്ങളുണ്ട്. എന്നാൽ, കുഞ്ഞിനെ കണ്ടവരുണ്ടോ; ഉള്ളിലെ കുഞ്ഞിനെ കണ്ടവരുണ്ടോ എന്ന് ആരും വിളിച്ചുചൊല്ലുന്നില്ല. നിലക്കണ്ണാടിക്കു മുന്നിൽ നിറമിഴികളോടെ നിന്ന് ചോദിക്കേണ്ടതാണ് ആ ചോദ്യം. അതാരും ചോദിക്കുന്നില്ല. പകരം, കാണാതെ പോയ വസ്തുക്കളുടെ, പണത്തിന്റെ, പദവിയുടെ, അധികാരത്തിന്റെ പിന്നാലെ നിലവിളിച്ച് പായുകയാണ്. ഹൃദയം കാണാതെ പോയിരിക്കുകയാണ്! മന:സാക്ഷിയും ആത്മാവും കാണാതെ പോയിരിക്കുകയാണ്! സ്വത്വവും നിത്യതയും കാണാതെ പോയിരിക്കുകയാണ്! പണ്ടത്തെ കഥയിലെ കുരങ്ങച്ചൻ മുതലച്ചാരോട് പറഞ്ഞതുപോലെ മറന്നുവച്ചതല്ല; നഷ്ടപ്പെടുത്തിയതാണ്! നഷ്ടപ്പെടുമെന്നറിഞ്ഞുതന്നെ നഷ്ടപ്പെടുത്തിയതാണ്. അപ്പോൾ നിലവിളിക്കാതെ തരമില്ല.

എപ്പോഴാണ് നമ്മുടെ ഉള്ളിലെ കുഞ്ഞിനെ നമുക്ക് നഷ്ടപ്പെട്ടത്? സ്നേഹിക്കാൻ മറന്നപ്പോൾ; സമാധാനം നഷ്ടപ്പെട്ടപ്പോൾ; സത്യം വെടിഞ്ഞപ്പോൾ; നീതി പണയം വച്ചപ്പോൾ; മന:സാക്ഷി മരവിച്ചപ്പോൾ; വെറുപ്പ് ഉള്ളിൽ വടവൃക്ഷമായി വളർന്നപ്പോൾ; മദമാത്സര്യങ്ങളിൽ തഴച്ചപ്പോൾ; ജഡമോഹങ്ങളിൽ ആറാടിയപ്പോൾ; ലോകമായകളിൽ മദിച്ചപ്പോൾ; വിദ്വേഷത്തിന് വിടുപണി ചെയ്തപ്പോൾ; അയൽക്കാർ പോലും അന്യരായപ്പോൾ - അപ്പോഴൊക്കെയും ആ കുഞ്ഞിനെ നഷ്ടപ്പെടുകയായിരുന്നു. അല്ല, ആ കുഞ്ഞ് മരിക്കുകയായിരുന്നു. ഓരോ തവണയും മരിക്കുകയായിരുന്നു! പരിപൂർണമായ മരണം! മരണമാണെന്നറിയാത്ത മരണം! മരിച്ചതല്ല; കൊന്നതല്ലേ? നമ്മൾ കൊന്നതല്ലേ? നമ്മുടെ ഉള്ളിലെ കുഞ്ഞിനെ നമ്മൾ തന്നെ കൊന്നതല്ലേ? സത്യത്തിൽ നമ്മൾ ശിശുഘാതകരല്ലേ? ചലിക്കുന്ന കുഴിമാടങ്ങളല്ലേ? സഞ്ചരിക്കുന്ന ശവകുടീരങ്ങളല്ലേ? മതിയായില്ലേ? മടുപ്പ് തോന്നുന്നില്ലേ? ദു:ഖമില്ലേ? ഉണ്ടല്ലോ! അതുകൊണ്ടല്ലേ നിർത്താതെ നിലവിളിക്കുന്നത്!

ഉള്ളിലെ കുഞ്ഞിനെ ഉയിർപ്പിക്കുക മാത്രമാണ് പരിഹാരം. നീതിയിൽ ഉയിർക്കണം. സത്യത്തിൽ ഉയിർക്കണം. സ്നേഹത്തിലും സമാധാനത്തിലും ഉയിർക്കണം. ആ കുഞ്ഞ് നിദ്രയിൽ നിന്നുണരട്ടെ. മരണത്തിന്റെ ഇരുട്ടിൽ നിന്ന് നവജീവന്റെ പ്രകാശത്തിലേക്കുണരട്ടെ. നമുക്ക് നഷ്ടപ്പെട്ട ഉള്ളിലെ കുഞ്ഞിനെ തിരികെ തരാനാണ് നമ്മുടെ ദൈവം കുഞ്ഞായി പിറന്നത്! സത്യത്തിൽ, ദൈവം കുഞ്ഞായതിന് ഒറ്റ കാരണമേയുള്ളൂ; വല്ലാതെ 'വളർന്ന' നമ്മെ കുഞ്ഞുങ്ങളാക്കുക! കുഞ്ഞായ ദൈവത്തിന് കൂട്ടുകൂടണമെങ്കിൽ നാം ഓരോരുത്തരും കുഞ്ഞുങ്ങളാകണമല്ലോ! കുഞ്ഞുങ്ങൾക്ക് ആരുമായും കൂട്ടുകൂടാമല്ലോ! വെറുതെയല്ല, കുഞ്ഞായ ദൈവം കുഞ്ഞുങ്ങളെ ഏറെ സ്നേഹിച്ചത്; 'അവരെ തടയരുത്' എന്ന് പറഞ്ഞത്. കുഞ്ഞുങ്ങളെ തടയുക എന്നാൽ സ്നേഹത്തെ തടയുക എന്നാണ്; നീതിയെയും സമാധാനത്തെയും ആനന്ദത്തെയും തടയുക എന്നാണ്. ഹൃദയനൈർമല്യത്തെ തടയുക എന്നാണ്. കുഞ്ഞായ ദൈവം, മരിച്ച കുഞ്ഞിനോട് 'തലീത്താ കും' എന്ന് പറഞ്ഞില്ലേ? നമ്മോടും അതാവർത്തിക്കട്ടെ. ബാലികേ, ബാലകാ എഴുന്നേൽക്കൂ; എന്ന് നമ്മുടെ



ഉള്ളിലെ കുഞ്ഞിനോടും അവിടുന്ന് പറയട്ടെ! ആ മാത്രയിൽത്തന്നെ ഈ കുഴിമാടത്തിൽ നിന്ന് ആ കുഞ്ഞ് ഞെട്ടിയുണരും. വളർച്ചയുടെ കെടുതികൾ കുടഞ്ഞു കളയും. ഉയിർക്കാൻ കൊതിക്കാത്തവരായി ആരുണ്ട്? നമുക്കുയിർക്കാം. കുഞ്ഞായി ഉയിർക്കാം. സത്യത്തിലും നീതിയിലും സമാധാനത്തിലും ഉയിർക്കാം.

സ്വർഗത്തിന്റെ കെമിസ്ട്രി വളരെ ലളിതമാണ്. സത്യമാണ് അതിന്റെ അസ്തിവാരം. നീതിയുടെ തൂണുകളിലാണ് അത് ഉറപ്പിച്ചിരിക്കുന്നത്. കരുണയുടെ ചായം പൂശിയിരിക്കുന്ന ആ സൗധത്തിൽ പ്രാണവായു സമാധാനമാണ്; ഭക്ഷണം സ്നേഹവും. ആ വീട്ടിലാണ് നാം അവനോടൊപ്പം വിരുന്നിരിക്കുന്നത്. അവിടെയാണ് നാം അവിരാമമായി അവന്റെ മുഖം കണ്ട് ആനന്ദിക്കുന്നത്. അവിടെയാണ് നാം അവന്റെ ആശ്ലേഷത്തിൽ ആത്മഹർഷത്തിലമരുന്നത്. ഒട്ടേറെ വാസസ്ഥലങ്ങളുള്ള ആ ഭവനമൊരുക്കാനാണ് നേരത്തെ പോകുന്നതെന്ന് അവൻ പറഞ്ഞിട്ടുണ്ട്. ആ ഭവനത്തിലേക്കാണ് ഒടുവിൽ, 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ' എന്ന ആമുഖവചസുകളോടെ അവൻ നമ്മെ സ്വീകരിച്ചാനയിക്കുന്നത്. ആ വീട് അവകാശമാക്കാൻ ഒറ്റ മാർഗമേയുള്ളൂ: അവന്റെ സ്നേഹവും സമാധാനവും നുകർന്നും പകർന്നും ജീവിക്കുക; അങ്ങനെ ദൈവപുത്രരായി മാറുക; മക്കൾക്കടുത്ത അവകാശത്തോടെ നിത്യഭവനം സ്വന്തമാക്കുക.

RIP, ആദരാഞ്ജലികൾ, പ്രണാമം, വിട – മരിച്ച മനുഷ്യർക്ക് ജീവിച്ചിരിക്കുന്ന മനുഷ്യർ നേരുന്ന ആശംസകളോളം വലിയ ക്ലീഷേ മറ്റെന്തുണ്ട്? മരിച്ചവർ അതറിയുന്നില്ലല്ലോ! സത്യത്തിൽ അത്തരം ആശംസകൾ സാർഥകമാകുന്നത് കണ്ണാടിക്കു മുന്നിൽ നിന്ന് പറയുമ്പോൾ മാത്രമാണ്. അവരവർക്കു തന്നെ നിത്യശാന്തി നേരണം! അവരവരോടുതന്നെ വിട പറയണം; അവരവർക്കുതന്നെ പ്രണാമമർപ്പിക്കണം. Rest എന്നല്ല; Live in Peace എന്ന് സ്വയം പറയണം. ശാന്തിയിലും സമാധാനത്തിലും ജീവിക്കാൻ കഴിയാത്തവർക്ക് ശാന്തിയിലും സമാധാനത്തിലും മരിക്കാനും ഉയിർക്കാനും കഴിയില്ല. ഓരോ മൃതസംസ്കാര ശുശ്രൂഷയിലും ശവമഞ്ചത്തിലെ മനുഷ്യന് പകരം സ്വന്തം ശരീരം സങ്കൽപിച്ചു നോക്കൂ; പകുതി ഭാരം കുറയും! അഹങ്കാരം അപ്രത്യക്ഷമാകും. പുതിയ വെളിച്ചം നിറയും. കുറച്ചുകൂടി ലളിതമായും ആഹ്ലാദത്തോടും കൂടി ജീവിക്കാനാകും. നിത്യവും നുകരാത്ത ശാന്തിയും സമാധാനവും നിത്യതയിലും നുകരാനാകില്ല.


ക്രൂശിതന്റെ സ്നേഹിതർ സ്വഭാവേന സമാധാനത്തിന്റെ സ്നേഹിതരുമായിരിക്കും. കാരണം, ക്രൂശിതനാണ് നമ്മുടെ സമാധാനം. ഉത്ഥിതനാണ് നമ്മുടെ ആനന്ദം. 'അവൻ നമ്മുടെ സമാധാനമാണ്" എന്ന് അപ്പസ്തോലൻ വ്യക്തമാക്കുന്നുണ്ടല്ലോ. 'സമാധാനത്തിന്റെ രാജാവ്" എന്ന വിശേഷണമുള്ള അവൻ നമ്മെ അനുഗ്രഹിക്കട്ടെ. ശാലോം! അതാകട്ടെ നമ്മുടെ ആത്മമന്ത്രം.

**മാലാഖമാരെപ്പോലെ ചിരിച്ചിരുന്ന ഒരു കുഞ്ഞിനെ – കുഞ്ഞു മനുഷ്യനെ – ഉള്ളിൽനിന്ന് കാണാതായിരിക്കുന്നു. ജീവിച്ചിരിക്കുന്നോ മരണപ്പെട്ടോ എന്നു പോലും നിശ്ചയമില്ല.**



കവർസ്റ്റോറി - സാജൻ സി.എ.

# നമുക്ക് സമാധാനത്തെക്കുറിച്ച് സംസാരിക്കാം



സമയത്തെപ്പോലെതന്നെ വിലയിടാൻ പറ്റാത്ത ഒന്നാണ് സമാധാനം. ഒരുപക്ഷേ സമയത്തേക്കാൾ കൂടുതൽ വിലയുള്ളതും. ആവശ്യത്തിനു സമയമുള്ളതുകൊണ്ട് സമാധാനം ഉണ്ടാകുമോ? സമാധാനം ഉണ്ടെങ്കിൽ ഏതു കാര്യത്തിനും നമുക്ക് സമയമുണ്ടാകുമെന്നത് സത്യം.

സമാധാനം നഷ്ടപ്പെടുന്നു അല്ലെങ്കിൽ നഷ്ടപ്പെട്ടു എന്ന തോന്നലിൽ നിന്നാണ് യുദ്ധമുണ്ടാവുക. അത് രാഷ്ട്രങ്ങൾ തമ്മിലായാലും കുടുംബത്തിനകത്തായാലും. സൗത്ത് സുഡാനിൽ ജോലി ചെയ്യുന്ന എന്റെയൊരു സുഹൃത്ത് പറയുകയായിരുന്നു: "യുക്രെയിനിൽ യുദ്ധം, പാലസ്തീനിലും സുഡാനിലും യുദ്ധം, അഫ്ഗാനിസ്ഥാൻ, ഹെയ്തി, സിറിയ തുടങ്ങി 35 രാജ്യങ്ങൾ എങ്കിലും നിലവിൽ യുദ്ധമോ ആഭ്യന്തര കലാപമോ തീവ്രവാദ ഭീഷണിയോ നേരിടുന്നുണ്ട് എന്നാണ് വിവരങ്ങൾ അറിയുന്നത്. ഇത്തരം കാരണങ്ങളാൽ ലോകത്ത് 117.3 മില്യൻ ആളുകൾ സ്വന്തം സ്ഥലം വിട്ട് പലായനം ചെയ്യേണ്ടിവന്നിരിക്കുകയാണെന്ന് അഭയാർഥികൾക്കായുള്ള യുഎൻ ഏജൻസിയുടെ ഏറ്റവും പുതിയ റിപ്പോർട്ട്. ലോകസമാധാനത്തിന്റെ ഭാവി അത്ര ശുഭകരമല്ല എന്നാണ് പൊതുവേയുള്ള അഭിപ്രായം. ഒരു രാജ്യത്തെ ജനങ്ങളുടെ ജീവിതം എത്ര ദുസ്സഹമാണെന്നറിയാൻ ചുറ്റുപാടും ഒന്ന് കണ്ണോടിച്ചാൽ മതി.

എന്തുതന്നെയായിരുന്നാലും രാഷ്ട്രങ്ങൾ തമ്മിലും ദേശങ്ങൾക്കിടയിലും ഗോത്രവർഗക്കാർക്കിടയിലും ഒക്കെയുള്ള സമാധാനം പുനഃസ്ഥാപിക്കാനും അരക്കിട്ടുറപ്പിക്കാനും ഉത്തരവാദിത്വപ്പെട്ടവർ ഉണർന്നേ മതിയാകൂ. ഇല്ലായെങ്കിൽ ഇതിനെല്ലാത്തിനും ഒരുനാൾ കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്നതും തർക്കമില്ലാത്ത കാര്യമാണെന്ന് നമുക്കറിയാം. രാഷ്ട്രങ്ങളുടെയും ദേശങ്ങളുടെയും കാര്യം തത്കാലം അവിടെ നിൽക്കട്ടെ. നേരിട്ട് ഇടപെടാനോ സ്വാധീനം ചെലുത്താനോ നമുക്കൊക്കെ പരിധികളുണ്ടല്ലോ. നമുക്ക് ഒരു കാര്യം ചെയ്യാനാകും. സമാധാനത്തിനായി മനമുയർത്താനും കരങ്ങളുയർത്താനും നമുക്കാവില്ലേ? അതിനാരുടെയും അനുവാദം നമുക്കു വേണ്ടല്ലോ.

ഞാൻ മൂലം അവർക്ക് സമാധാനം ഉണ്ടാവുകയാണോ അതോ നഷ്ടപ്പെടുകയാണോ? ക്ഷമിക്കണം, അലോസരപ്പെടുത്തുന്ന ചോദ്യങ്ങൾക്ക് മാപ്പ്.

വരൂ, നമുക്ക് അടിത്തറയിലേക്ക് നോക്കാം. കുടുംബങ്ങളും കുടുംബബന്ധങ്ങളും വ്യക്തികളുമൊക്കെയാണല്ലോ അടിത്തറ എന്നുപറയുന്നത്. ഉറവിടമാകുന്ന അവിടം സമാധാനപൂർണമെങ്കിൽ പിന്നെ നാമെന്തിനു ഇടറണം? ഭയക്കണം? ഭാര്യയ്ക്കും ഭർത്താവിനുമിടയിൽ സമാധാനമുണ്ടോ? മക്കൾക്കും മാതാപിതാക്കൾക്കുമിടയിലും സമാധാനമുണ്ടോ? അച്ഛനമ്മമാർക്കിടയിൽ സമാധാനമുണ്ടോ? ഞാൻ മൂലം അവർക്ക് സമാധാനം ഉണ്ടാവുകയാണോ അതോ നഷ്ടപ്പെടുകയാണോ? ക്ഷമിക്കണം, അലോസരപ്പെടുത്തുന്ന ചോദ്യങ്ങൾക്ക് മാപ്പ്.

ഒരാൾ എനിക്കിഷ്ടപ്പെട്ട രീതിയിൽ സംസാരിക്കണമെന്നും പെരുമാറണമെന്നും എനിക്കെങ്ങനെ പറയാനാവും. സാഹചര്യങ്ങൾ ഏതുവേണമെങ്കിലും ഒന്നെടുത്തു നോക്കൂ. സമാധാനം ഇല്ലാതാക്കുന്നതും പ്രശ്നങ്ങൾക്കു കാരണമാകുന്നതും സംസാരത്തിൽ വരുന്ന പിഴവുകളല്ലേ!? കുറവുകളും പരിധികളും പരിമിതികളുമറിഞ്ഞ് ഒരാളെ സ്നേഹിക്കാനാവുമോ? ആയിരിക്കുന്ന അവസ്ഥയിൽ ഒരാളെ മനസ്സിലാക്കാനും അംഗീകരിക്കാനും പൊതുവേ മനുഷ്യർക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നത് കാണാം. ഇതാരുടെയും കുറ്റമല്ല, ഒരാളുടെ പ്രത്യേകത എന്നുവേണം പറയാൻ. മറ്റുള്ളവരെ അറിഞ്ഞ് സംസാരിക്കാനും സ്നേഹിക്കാനും കഴിഞ്ഞാൽ രണ്ടുപേർക്കുമിടയിൽ സമാധാനം ഉറവെടുക്കുന്നത് കാണാം. സത്യത്തിൽ, പറയുന്നത്ര എളുപ്പമല്ല കാര്യങ്ങൾ.

ഈയിടെ എറണാകുളത്ത് നടന്ന 'ഹോർത്തൂസ്' എന്ന കലാസാഹിത്യ സംസ്കാരിക മഹോത്സവത്തിന്റെ പ്രധാന വിഷയം 'ഞാൻ–നീ–നാം' എന്നതായിരുന്നു. ഞാൻ ഞാനായിരിക്കട്ടെ. നീ നീയാവുക. അങ്ങനെ നമുക്ക് നാമാകാം. എത്ര സുന്ദരമായ ചിന്തയാണ്. ഞാൻ ഞാനായിരിക്കുന്ന അവസ്ഥയിൽ സ്വാതന്ത്ര്യത്തോടെ സന്തോഷത്തോടെ... നീ നീയായിരിക്കുന്ന അവസ്ഥയിൽ പറന്നു നടക്കുക... അങ്ങനെ നമുക്ക് നമ്മളാകാം. സമാധാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഹോർത്തൂസിന്റെ ഈ വിഷയം ഏറെ പ്രസക്തമാണെന്ന് തോന്നുന്നു. 'നമുക്ക് നാമേ പണിവതു നാകം നരകവുമതുപോലെ' എന്ന കവിവാക്യവും ഇവിടെ ഓർക്കേണ്ടതുണ്ട്. നമ്മുടെ സ്വർഗവും നരകവും ഉണ്ടാക്കുന്നത് നമ്മൾ തന്നെയാണ്. മനസ്സുവച്ചാൽ ഏതുസാഹചര്യത്തെയും സ്വർഗമാക്കി മാറ്റാൻ നമുക്ക് കഴിയും അതുപോലെ തന്നെ നരകമാക്കിത്തീർക്കാനും ഏറെയെളുപ്പമാണ്. എന്തുവേണമെന്ന് നാമാണ് തീരുമാനിക്കേണ്ടത്.

ചുരുക്കത്തിൽ സമാധാനം എന്നത് വ്യക്തികളിൽ നിന്നു തുടങ്ങണം. ഓരോരുത്തർക്കും സമാധാനമായാൽ ബന്ധങ്ങൾ സുന്ദരമാകും. കുടുംബങ്ങൾ ഇമ്പമുള്ളതും സമാധാനം നിറഞ്ഞതുമായിരിക്കും. കുടുംബങ്ങളിൽ സമാധാനമായാൽ സമൂഹം 'ഓക്കെ'യായി. പൂവിൽ നിന്ന് സുഗന്ധം പരക്കുംപോലെ പിന്നെയത് പടർന്നു കൊള്ളും. "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും" (മത്താ 5, 9). തിരുവചനം തന്നെയിതു സാക്ഷ്യപ്പെടുത്തുമ്പോൾ നമുക്ക് ഒന്നുറപ്പിക്കാം, ദൈവം നമ്മിലൂടെയാണ് സമാധാനം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നത്. നമ്മെ വിശ്വസിച്ച് ആ ദൗത്യം നമ്മെ ഏൽപിച്ചിരിക്കുകയാണ് ദൈവം. അപ്പോൾ ഏറെ ജാഗരൂകതയോടെ കൈകൾ കൂപ്പി, പ്രപഞ്ചസ്രഷ്ടാവിനു മുമ്പിൽ മിഴിപൂട്ടിനിന്ന് മനസ്സുയർത്തണം. തീർച്ചയായും തിരിച്ചറിയും, സമാധാനത്തിന്റെ ഉറവിടം ഞാൻ തന്നെയെന്ന്.

*കെയ്റോസ് മാസികയുടെ എക്സിക്യുട്ടീവ് എഡിറ്ററാണ് ലേഖകൻ. ഭാര്യയോടും നാല് മക്കളോടുമൊപ്പം എറണാകുളത്ത് താമസം.*



ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളും പ്രയാസങ്ങളും സന്തോഷത്തോടെ സ്വീകരിക്കാനും ദൈവത്തിനു നന്ദി പറയാനും ആകുന്നത് ദൈവകൃപയാണ്. ആ ദൈവകൃപ ലഭിച്ച ഒരു പെൺകുട്ടിയാണ് അജ്നാ ജോർജ്. അവളുടെ ജീവിതാനുഭവങ്ങൾ നമ്മെ ദൈവത്തിലേക്ക് നോക്കാനും ദൈവത്തിൽ ആശ്രയിക്കാനും ജീവിതത്തെ കുറേക്കൂടെ പ്രത്യാശയോടെ സ്വീകരിക്കാനും പഠിപ്പിക്കുന്നു. തന്റെ രോഗങ്ങളിലൂടെയും സഹനങ്ങളിലൂടെയും മരണത്തിനുശേഷം പോലും അനേകായിരങ്ങളെ ദൈവത്തിലേക്ക് അടുപ്പിച്ച അജ്നയെ, ധീരയായ ഒരു കൊച്ചുമിഷണറി വിശുദ്ധയെന്നുവേണം പറയാൻ. ഈ പുതു കാലഘട്ടത്തിന്റെ എല്ലാ പ്രത്യേകതകൾക്കുമിടയിൽ സ്വജീവിതംവഴി ദൈവത്തെ പ്രകീർത്തിച്ച ഉദാത്തമാതൃക.

***"പ്രത്യാശിക്കാനും അവലംബിക്കാനും ലോകത്തിൽ ഒന്നുമില്ലാതായാലും ചോദ്യങ്ങൾക്ക് ഉത്തരമില്ലാതായാലും ജീവിതത്തിന്റെ അർഥം മനസ്സിലാകാതെ വന്നാലും എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന, തന്നെ ആശ്രയിക്കുന്നവരെയും അവസാനം വരെ പിടിച്ചുനിൽക്കുന്നവരെയും എന്നുംകാക്കുന്ന, ജീവിക്കുന്ന ഒരു ദൈവമുണ്ടെന്ന് ദിനവും എന്നെ ഓർമിപ്പിക്കുന്നു ദിവ്യകാരുണ്യം."***

*– അജ്ന*

# 'കിൻസുഗി' പോലൊരു പെൺകുട്ടി

ജനുവരി 21
**അജ്നയുടെ**
മൂന്നാം
ചരമവാർഷികം



"ഉച്ചഭക്ഷണം വലിയ താത്പര്യമില്ലാത്തതുകൊണ്ട് കഴിക്കാൻ കൊണ്ടുപോകാതെ ആ സമയം കോളേജ് ലൈബ്രറിയിലോ കോളേജിന് എതിർവശത്തുള്ള ചാപ്പലിലോ പോയി ഇരിക്കുക പതിവായിരുന്നു. ചാപ്പലിൽ നടക്കുന്ന ജീസസ് യൂത്തിന്റെ പ്രാർഥനാ സമ്മേളനങ്ങൾ ആ പതിവ് തുടരാൻ എനിക്കൊരു കാരണവുമായി."

*– അജ്ന*

"വിശുദ്ധ കുർബാനയോട് വളരെയേറെ തീക്ഷ്ണതയും ആവേശവുമുള്ള ഒരു മകളായിരുന്നു അജ്ന. ബലിക്കല്ലിൽ കെട്ടിയിട്ട ജീവിതമെന്നു പറയുന്നതുപോലെ. ദിവ്യകാരുണ്യ ആശീർവാദ സമയത്ത് അവളുടെ കണ്ണുകൾ ഈശോയെ ഉറ്റുനോക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എല്ലാവരും പറയുന്നത് കേട്ടിട്ടുണ്ട്, എങ്ങനെ ഈ കുട്ടി ഇത്രയും വേദന സഹിച്ചു എന്നത്! ഈശോയോടുള്ള അതിരറ്റ സ്നേഹം തന്നെയാണ് ഇതിനു കാരണം എന്നുറപ്പാണ്."

*– ഇടവക വികാരിയായിരുന്ന ഫാ. ബൈജു കുറ്റിക്കൽ*

"അജ്ന ചേച്ചിയുടെ ഏറ്റവും വലിയ പ്രത്യേകതയായി ഞാൻ കണ്ടിട്ടുള്ളത് ചേച്ചിയുടെ തലച്ചോറിന് നെഗറ്റിവിറ്റി പ്രോസസ് ചെയ്യാൻ അറിയില്ല എന്നതാണ് എന്തു കണ്ടാലും കേട്ടാലും അതിലെ പോസിറ്റീവ് വശങ്ങൾ മാത്രം വേർതിരിച്ചെടുത്ത് അല്ലെങ്കിൽ നെഗറ്റിവിറ്റി പോലും പോസിറ്റിവിറ്റി ആക്കി മാറ്റാനുള്ള ചേച്ചിയുടെ പ്രാഗത്ഭ്യം ചേച്ചിക്കു ദൈവം കൊടുത്ത വലിയൊരു വരദാനമായിരുന്നു."

*– തേവര കോളേജിൽ അജനയുടെ ജൂനിയറും ജീസസ് യൂത്ത് കോർഡിനേറ്ററുമായിരുന്ന അജിൻ*


**ചെറുപ്പത്തിൽ സങ്കടം വരുമ്പോഴൊക്കെ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ച് കരയുന്ന സ്വഭാവക്കാരിയായിരുന്നു അജ്ന. എന്നാൽ, ഏറ്റവും വലിയ സങ്കടവാർത്തയായ തന്റെ രോഗവിവരം അറിഞ്ഞ അതിന്റെ മൂർധന്യത്തിൽ അമ്മയെയും അപ്പച്ചനെയും കെട്ടിപ്പിടിച്ച് ആശ്വസിപ്പിച്ചത് അവളായിരുന്നു. എല്ലാവരെയും സ്നേഹത്തിൽ ചേർത്തുപിടിക്കുന്ന പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്റെ ലാളിത്യമാർന്ന അത്ഭുതക്കാഴ്ചകൾ.**





# ജോസഫ് കെന്നഡി

## Joseph Kennedy (Joe Kennedy)



## "പ്രാർഥനയിലൂടെ ദൈവത്തിന് നന്ദി പ്രകാശിപ്പിക്കുവിൻ"

ഇതിത്തിരി പഴയ കഥയാണ്. മുൻ യു.എസ്. മറൈൻ ഉദ്യോഗസ്ഥനും വാഷിംഗ്ടണിലെ ബ്രെമെർട്ടണിലുള്ള ബ്രെമെർട്ടൺ ഹൈസ്കൂളിലെ അസിസ്റ്റന്റ് ഫുട്ബോൾ പരിശീലകനുമായ കോച്ച് ജോസഫ് (ജോ) കെന്നഡി, പൊതുവിദ്യാലയങ്ങളിലെ മതസ്വാതന്ത്ര്യത്തെക്കുറിച്ചു വന്ന വാർത്തകളിൽ ഏറെയിടം പിടിച്ച വ്യക്തിയാണ്. ബ്രെമെർട്ടൺ ഹൈസ്കൂളിൽ നിന്ന് ബിരുദം നേടിയ കെന്നഡി 2008ൽ ഫുട്ബോൾ പരിശീലകനായി താൻ പഠിച്ച വിദ്യാലയത്തിലേക്ക് മടങ്ങിയെത്തി.

വാർത്തകളിൽ ഇടം പിടിക്കാൻ ഉണ്ടായ സാഹചര്യം ഇപ്രകാരമായിരുന്നു: ഫുട്ബോൾ കോച്ചായി സേവനം ചെയ്തുവരികയായിരുന്ന അദ്ദേഹം, ഓരോ മത്സരത്തിനു ശേഷവും മൈതാനത്തിന്റെ 50 വാര അകലെവച്ച് തനിയെ പ്രാർഥിക്കുമായിരുന്നു. ക്രമേണ വിദ്യാർഥികളും അദ്ദേഹത്തോടൊപ്പം ചേരാൻ തുടങ്ങി. അതൊരു കൂട്ടായ്മയായതോടെ വിശ്വാസപരമായ ലഘുപ്രഭാഷണങ്ങളും അദ്ദേഹം പങ്കുവച്ചിരുന്നു. ക്രമേണ ലോക്കർ റൂം പ്രാർഥനകളും അദ്ദേഹം സംഘടിപ്പിച്ചുതുടങ്ങി. 2015ൽ സ്കൂൾ നേതൃത്വം ഇത് അവസാനിപ്പിക്കാൻ കെന്നഡിയോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് ലോക്കർ റൂമിലെ പ്രാർഥനയും, കൂട്ടായ്മ പ്രാർഥനയും കെന്നഡി അവസാനിപ്പിച്ചു. എങ്കിലും മൈതാനത്ത് ഒറ്റയ്ക്ക് പ്രാർഥിക്കുന്ന പതിവ് അദ്ദേഹം ഉപേക്ഷിച്ചില്ല, താത്പര്യമുള്ള വിദ്യാർഥികൾക്ക് പങ്കെടുക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. എന്നാൽ, ഒരു കോച്ചായി ജോലിയിലിരിക്കെ പ്രാർഥിക്കാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് സ്കൂൾ അദ്ദേഹത്തെ ശമ്പളത്തോടുകൂടിയ അവധിയിൽ പ്രവേശിപ്പിക്കുകയും, ജില്ല, സ്കൂൾ നേതൃത്വം പിന്നീട് അദ്ദേഹത്തെ ജോലിയിൽ നിന്നും പിരിച്ചുവിടുകയും ചെയ്തതാണ് പിന്നീട് വിവാദമായത്. ഏറെ ചർച്ചയായ ഈ കേസ്, പ്രാദേശിക, സംസ്ഥാന കോടതികൾ താണ്ടി അവസാനം സുപ്രീം കോടതിയിലെത്തുകയും ചെയ്തു. തുടർന്ന് 2023ൽ കെന്നഡിക്കു അനുകൂലമായ സുപ്രീംകോടതി വിധിയുണ്ടാവുകയും അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു. കോടതിവിധിയെ തുടർന്ന് ബ്രിമെർട്ടൺ സ്കൂൾ ബോർഡ് ഏതാണ്ട് 20 ലക്ഷം ഡോളറിന്റെ ഒത്തുതീർപ്പിലെത്തുകയായിരുന്നു. മൈതാനത്ത് പ്രാർഥിക്കാനുള്ള കെന്നഡിയുടെ അവകാശം അമേരിക്കയുടെ ഒന്നാം ഭരണഘടനാ ഭേദഗതിയിലൂടെ സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണെന്നു സുപ്രീംകോടതി വിധിച്ചു. കെന്നഡിയുടെ വക്കീൽ ഫീസ് തിരികെ നൽകുവാനും സ്കൂൾ ഡിസ്ട്രിക്റ്റ് തീരുമാനിച്ചു.

ബ്രിമെർട്ടൺ ഹൈസ്കൂളിലെ 2023 സീസണിൽ സ്കൂളിലെ അസിസ്റ്റന്റ് ഫുട്ബോൾ കോച്ചായി കെന്നഡി നിയമിതനായി. അതിനായുള്ള കെന്നഡിയുടെ ജോലി സംബന്ധമായ പേപ്പർവർക്കുകൾ എല്ലാം പൂർത്തിയായി. മറ്റുള്ള എല്ലാ അസിസ്റ്റന്റ് കോച്ചുകളേയും പോലെ കോച്ചിംഗ് സ്റ്റാഫിന്റെ ആശയവിനിമയങ്ങളിലും യോഗങ്ങളിലും ഫുട്ബോൾ പരിശീലനങ്ങളിലും കെന്നഡിയെക്കൂടി ഉൾപ്പെടുത്താനും സ്കൂൾ തീരുമാനിച്ചു.

"അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5, 16).




*#TakeAKneeWithCoach എന്ന ഹാഷ്ടാഗുകൾ വഴി നിരവധിപേർ ജോസഫ് കെന്നഡിയ്ക്കു പിന്തുണ പ്രഖ്യാപിച്ചിരുന്നു. ഇത് 2023 സെപ്റ്റംബർ 1ന് അമേരിക്കയിലെ വയർലെസ് ദാതാക്കളായ പാട്രിയറ്റ് മൊബൈൽ കമ്പനി ജീവനക്കാർ ജോസഫ് കെന്നഡിയ്ക്കു പിന്തുണ പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രാർഥനാ കൂട്ടായ്മയാണ്.*



**ഫമിലിയ/മൈസ്റ്റോറി** - നവീൻ ജോസ്, തിരുവനന്തപുരം

# ബേത്‌ലെഹെമിൽ വിരിഞ്ഞ ഒരു ക്രിസ്മസ് പൂവ്

**വിവാഹം വേണ്ടാ, കുട്ടികൾ വേണ്ടേവേണ്ട എന്ന് ചിന്തിക്കുന്ന കാലത്ത്, വിവാഹം കുദാശയാണെന്നും മക്കൾ ദൈവദാനമാണെന്നും തിരിച്ചറിയുന്ന ദമ്പതികൾ സമൂഹത്തിനു മാതൃകയാണ്.**

അന്ന് പതിവുപോലെ അതിരാവിലെ ഞങ്ങൾ പള്ളിയിൽ വി. കുർബാനയ്ക്ക് പോയി. സുവിശേഷ വായന മറിയത്തിന്റെ സ്തോത്രഗീതം ആയിരുന്നു. മങ്ങിയ പ്രതീക്ഷയിൽ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്ന ഞങ്ങളുടെ ജീവിതത്തിൽ ഈശോ പ്രവർത്തിച്ച മറക്കാനാവാത്ത ആ ദിവസം 2024 ഏപ്രിൽ 17.

ഞങ്ങളുടെ വിവാഹം കഴിഞ്ഞ് പരസ്പരം മനസ്സിലാക്കി മുന്നോട്ടു പോയിക്കൊണ്ടിരുന്ന ആദ്യ നാളുകളിൽ ഈശോ ഞങ്ങളെ തെരഞ്ഞെടുത്തു കൂട്ടിച്ചേർത്തതാണെന്ന് മനസ്സിലാക്കി തരുന്ന ഒരുപാട് അടയാളങ്ങൾ ഞങ്ങളുടെ ജീവിതത്തിലുണ്ടായിരുന്നു. ഒരു കുഞ്ഞിനായി ആഗ്രഹിച്ചു തുടങ്ങിയ നാളുകളിൽ ആരോഗ്യവും ബുദ്ധിയും ദൈവഭയവും വിശുദ്ധിയുമുള്ള ഒരു കുഞ്ഞിനായി പ്രാർഥിച്ചു.

അങ്ങനെ മൂന്നുവർഷത്തെ കാത്തിരിപ്പിനുശേഷം 2016ൽ ജീവിതത്തിൽ ഒരു പുതു പ്രതീക്ഷ നൽകിക്കൊണ്ട് ഗർഭംധരിച്ചുവെങ്കിലും ഗർഭപാത്രത്തിൽ രണ്ടുമാസത്തെ ആയുസ്സ് മാത്രമേ ആ കുഞ്ഞിനു ഉണ്ടായിരുന്നുള്ളൂ. ആ വിയോഗത്തിൽ നിന്ന് തിരിച്ചു സാധാരണ ജീവിതത്തിലേക്ക് ഞങ്ങൾ മടങ്ങിവരാൻ കുറേ സമയമെടുത്തു. ഒരു നോക്കു കാണാൻ കഴിയാതെ നഷ്ടപ്പെടുന്നവരുടെ വേദന അത്രയ്ക്ക് ഞങ്ങൾ അനുഭവിച്ചെങ്കിൽ കൺമുന്നിൽ കുഞ്ഞുങ്ങൾ നഷ്ടപ്പെടുന്നവരുടെ വേദന എത്രയോ തീവ്രമാണെന്ന് ഞങ്ങൾ ചിന്തിച്ചു.

ഒരു വർഷത്തിനുശേഷം പലരുടെയും നിർബന്ധത്തിനു വഴങ്ങി ഞങ്ങൾ വന്ധ്യത ചികിത്സയ്ക്ക് പോകാൻ തീരുമാനമെടുത്തു. ഒരു പ്രമുഖ സ്ഥാപനത്തിൽ ഞങ്ങൾ മനസ്സില്ലാമനസ്സോടെ പോയി. വൈദ്യ ചികിത്സ ആരംഭിക്കുന്നതിനു മുൻപ് ഒരു ഗർഭാശയ ശസ്ത്രക്രിയ വേണമെന്ന് ഡോക്ടർ ഉപദേശിച്ചു. ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള മരുന്ന് ചികിത്സകൾ തുടർന്നു. മാസങ്ങൾ കഴിഞ്ഞിട്ടും ഫലമൊന്നും കാണുന്നില്ലെന്ന് കണ്ടപ്പോൾ ആ ഡോക്ടർ ഞങ്ങളെ ഐ.വി.എഫ്. ചെയ്യാൻ പ്രേരിപ്പിച്ചു. ഞങ്ങൾക്ക് ഇനി അതു മാത്രമേ ഒരു മാർഗമുള്ളൂവെന്നും വൈകുന്തോറും സാധ്യതകൾ കുറയുമെന്നും ഉപദേശിച്ചു. ഐ.വി.എഫ്. എന്നത് ആരോഗ്യമുള്ള ഭ്രൂണങ്ങളെ വേർതിരിച്ചെടുത്ത് ആരോഗ്യമില്ലാത്ത ഭ്രൂണങ്ങളെ നശിപ്പിച്ചു കളയുന്നതാണെന്ന് ഞങ്ങൾക്കറിയാമായിരുന്നു. ഓരോ ഭ്രൂണവും ഓരോ മനുഷ്യജീവൻ ആണെന്നിരിക്കെ അത് ഗർഭച്ഛിദ്രത്തിനു തുല്യമായതിനാൽ ഞങ്ങളത് നിരസിച്ചു. ഒരു ജീവനുവേണ്ടി അനേകം ജീവനുകളെ നശിപ്പിക്കാൻ കൂട്ടു നിൽക്കുന്നതിനേക്കാൾ നല്ലത് കുട്ടികൾ ഇല്ലാതിരിക്കുന്നതാണെന്ന് ഞങ്ങൾ തീരുമാനമെടുത്തു. ആ സ്ഥാപനത്തിലെ ചികിത്സകളെല്ലാം മതിയാക്കി ഞങ്ങൾ ദൈവത്തിൽ ആശ്രയിച്ചു, അവിടത്തെ വിശ്വസിച്ചു.

2018ൽ ഒരു പരിശുദ്ധാത്മാഭിഷേക ധ്യാനം കൂടാനിടയായി. അതിനുശേഷം വിശുദ്ധ കുർബാന ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമായി. ഈ കാലയളവിൽ ഞങ്ങൾ ചികിത്സയുടെ ഭാഗമായി ആയുർവേദവും ഹോമിയോപ്പതിയും പരീക്ഷിച്ചു നോക്കിയിരുന്നു. പക്ഷേ, ശസ്ത്രക്രിയയുടെ പരിണിതഫലമായി ഗർഭധാരണത്തിനുള്ള സാധ്യത അസ്തമിച്ചതായി ഞങ്ങൾക്ക് തോന്നി.

2021ൽ സ്വന്തമായി ഒരു വീടിനു വേണ്ടി ഞങ്ങൾ ആഗ്രഹിച്ചു പ്രാർഥിച്ചു. ഒരുപാട് അന്വേഷിച്ചെങ്കിലും ഞങ്ങളുടെ ആഗ്രഹപ്രകാരം ഒത്തിണങ്ങിയ ഒരു വീട് കണ്ടെത്താനായില്ല. എന്നാൽ, ദൈവം അവിടെ അത്ഭുതകരമായി ഇടപെട്ടു ഞങ്ങൾക്ക് ഒരു നല്ല ഭവനം നൽകി അനുഗ്രഹിച്ചു അവിടന്ന് നൽകിയ പ്രേരണയനുസരിച്ച് ഞങ്ങൾ ആ വീടിന് 'ബേത്‌ലെഹെം' എന്ന പേരിട്ടു.

2023. അന്നുമുതൽ എല്ലാവിധത്തിലുള്ള ചികിത്സാരീതികളും ഞങ്ങൾ പൂർണമായും അവസാനിപ്പിച്ചു. ഒരു കുഞ്ഞ് എന്ന സ്വപ്നത്തെക്കാൾ ഈശോയോട് ചേർന്നുനിന്ന് ജീവിക്കാൻ ഞങ്ങൾ പഠിച്ചു തുടങ്ങി. ഞങ്ങൾ സ്വപ്നം കണ്ടതുപോലെ ഒരു കുഞ്ഞിനെ സ്വീകരിക്കണമെങ്കിൽ ആദ്യമേ ഞങ്ങളും സ്വയമേവ അതിനുവേണ്ടി ഒരുങ്ങണമെന്ന് ഈശോ ഓർമപ്പെടുത്തി. അതിനായി അനുദിന കുർബാന, കുമ്പസാരം അങ്ങനെ ആത്മീയമായി ഞങ്ങൾ ഒരുങ്ങിത്തുടങ്ങി. 2023 നവംബർ 30ന് ഞങ്ങൾ ഒരു ആശയടക്കത്തിന് തയ്യാറായി. അന്നുമുതൽ ഒരു വർഷത്തേക്ക് സിനിമ, മറ്റു ദൃശ്യവിനോദങ്ങൾ ആസ്വദിക്കുന്നത് ഈശോയ്ക്കുവേണ്ടി ത്യജിക്കാൻ തീരുമാനിച്ചു. 2023 ഡിസംബറിൽ

ഇടവകയിലെ ക്രിസ്മസ് കരോൾ സമയത്ത് ഉണ്ണീശോയുടെ രൂപം ഒരു രാത്രിമുഴുവൻ ഞങ്ങളുടെ രൂപക്കൂടിനോടുചേർത്ത് കിടത്താൻ അവസരമുണ്ടായി. അന്നുരാത്രി കുടുംബ പ്രാർഥനയിൽ ഉണ്ണീശോയോട് ചേർന്ന് അടുത്തവർഷം ഇതുപോലെ ഒരു ഉണ്ണിയെ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് മനമുരുകി പ്രാർഥിച്ചു.

2024 വലിയ നോമ്പ് കാലഘട്ടത്തിൽ ദിവസവും രാത്രി ഉറങ്ങുന്നതിനു മുൻപ് സുവിശേഷം ഒരധ്യായം ഒരുമിച്ചു വായിച്ച് ഒരു കുഞ്ഞിനായി ഒരുങ്ങി. യോഹന്നാന്റെ സുവിശേഷം മുഴുവൻ വായിച്ചു. ഗർഭപരിശോധന നടത്തിയപ്പോൾ ഈശോ ഞങ്ങളുടെ പ്രാർഥനകൾക്ക് ഉത്തരം നൽകിയെന്ന് മനസ്സിലായി. ആ ദിവസമാണ് കുർബാനയിൽ മറിയത്തിന്റെ സ്തോത്ര ഗീതം വായിച്ചത്. ഇതൊന്നും ഒരു യാദൃച്ഛിക സംഭവമായി ഞങ്ങൾക്ക് തോന്നിയില്ല. ഈശോ നൽകിയ സമ്മാനമാണ് ആ കുഞ്ഞ് എന്നുഞങ്ങൾ വിശ്വസിച്ചു.

പിന്നീടങ്ങോട്ട് പരീക്ഷണങ്ങളുടെ ഒരു കാലഘട്ടമായിരുന്നു. ഗർഭാവസ്ഥയിൽ ആദ്യ മൂന്നു മാസത്തിനിടയിൽ പലതവണ രക്തസ്രാവമുണ്ടായി. ആദ്യകുഞ്ഞ് നഷ്ടപ്പെട്ട ഓർമകൾ ഞങ്ങളെ വീണ്ടും ഭയപ്പെടുത്തിയെങ്കിലും ഈശോ ഈ കുഞ്ഞിനെ സംരക്ഷിച്ചുകൊള്ളുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിച്ച് യാത്ര തുടർന്നു. സ്കാനിംഗിൽ കുഞ്ഞിന് കുഴപ്പമൊന്നും കണ്ടില്ല. പ്രസവം നടത്താൻ ഡോക്ടർ നിശ്ചയിച്ചിരുന്നത് 2024 ഡിസംബർ 23ന് ആയിരുന്നു. ഗർഭധാരണപ്രായം കൂടുതലായതുകൊണ്ടും ചില സങ്കീർണതകൾ ഉണ്ടായതുകൊണ്ടും പൂർണവിശ്രമം ഡോക്ടർ നിർദേശിച്ചു. ഓഡിയോ ബൈബിൾ, ക്രിസ്തീയ ഭക്തിഗാനങ്ങൾ എപ്പോഴും കേൾക്കുമായിരുന്നു. ഗർഭകാലഘട്ടത്തിൽ ഞങ്ങളുടെ കുടുംബാംഗങ്ങളും ബന്ധുക്കളും കൂടാതെ കുറച്ചു വൈദികരും സിസ്റ്റേഴ്സും കൂട്ടുകാരും കുഞ്ഞിനു വേണ്ടി നിരന്തരം പ്രാർഥിക്കാറുണ്ടായിരുന്നു. എട്ടാം മാസമായപ്പോൾ പ്രസവത്തിന് സങ്കീർണതകൾ ഉള്ളതിനാൽ ഡിസംബർ എട്ടിന് സിസേറിയൻ ചെയ്യാമെന്ന് ഡോക്ടർ നിർദേശിച്ചു.

കുഞ്ഞ് ജനിക്കുന്ന ദിവസം രാവിലെ വിശുദ്ധ കുർബാനയിൽ ഈശോയെ സ്വീകരിച്ച് ഒരുങ്ങി പോകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. സ്കാനിംഗിൽ കുഞ്ഞിന് അനക്കം കുറവാണെന്ന് കണ്ടെത്തി ഉടനെതന്നെ എമർജൻസി സിസേറിയൻ ചെയ്യാൻ ഡോക്ടർ തീരുമാനമെടുത്ത് ലേബർ റൂമിലോട്ട് മാറ്റി. അന്നുച്ചകഴിഞ്ഞ് കുഞ്ഞിനെ സുരക്ഷിതമായി പുറത്തെടുത്തു. കുറച്ചുകൂടി വൈകിയിരുന്നെങ്കിൽ കുഞ്ഞിനെ നഷ്ടപ്പെടുമായിരുന്നുവെന്ന് ഡോക്ടർ പറഞ്ഞു. അങ്ങനെ ഈശോ ഞങ്ങൾക്ക് ആരോഗ്യമുള്ള ഒരു പെൺകുഞ്ഞിനെ നൽകിയനുഗ്രഹിച്ചു. അത്ഭുതമെന്നു പറയട്ടെ, ഞങ്ങളാരംഭിച്ച ആശയടക്കം പൂർത്തിയായ കൃത്യം ഒരു വർഷം കഴിഞ്ഞപ്പോളാണ് കുഞ്ഞുണ്ടായത്.

ആ ചെറിയ നോമ്പുകാലത്ത് അവളായിരുന്നു ഞങ്ങൾക്ക് ഉപവാസം, അവളായിരുന്നു ഞങ്ങൾക്ക് പ്രാർഥന, അവളായിരുന്നു ഞങ്ങൾക്ക് കുമ്പസാരവും കുർബാനയും. ഉറക്കമില്ലാതെ ആശുപത്രി വരാന്തകളിൽ ഓടി നടന്ന ഒരുപാട് രാത്രികളും പകലുകളും. അവസാനം മൂന്നരയാഴ്ചയ്ക്കു ശേഷം ആശുപത്രി വിട്ട് 2024 ഡിസംബർ 24ന് ക്രിസ്മസ് രാത്രി 11:30ന് കുഞ്ഞിനെയുംകൊണ്ട് ഞങ്ങളുടെ 'ബേത്‌ലെഹെമിൽ' കയറി. അതുവരെ നേരിട്ട എല്ലാ പരീക്ഷണങ്ങളും ആ ഒരു ദിവസത്തിനായി ഈശോ ഒരുക്കിയതാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു. 11 വർഷത്തെ ദാമ്പത്യ ജീവിതത്തിനിടയിൽ ഈശോ ഞങ്ങൾക്ക് നൽകിയ ക്രിസ്മസ് സമ്മാനം. ഞങ്ങൾ അവളെ ഗിഫ്റ്റ് ഓഫ് ഗോഡ് എന്നർഥം വരുന്ന 'നതാനിയ' എന്ന് വിളിച്ചു. കീറിമുറിച്ച് തുന്നിക്കെട്ടി വികൃതമാക്കി, ഒന്നുമല്ലാതാക്കി എന്ന് ഞങ്ങൾ ധരിച്ചിരുന്ന ആ ഗർഭപാത്രത്തിൽ അവിടന്ന് തന്റെ ചൈതന്യം നിറച്ച് ജീവന്റെ വിത്തുവിതച്ചു. അവിടത്തെ കരങ്ങൾ കൊണ്ട് വേരുകൾ പിടിപ്പിച്ചു, സ്നേഹത്തോടെ ഇലകളും ശിഖരങ്ങളും പൊട്ടിമുളപ്പിച്ചു. സ്വർഗീയ സൗന്ദര്യം തുളുമ്പുന്ന ഒരു കുഞ്ഞു പൂവിനായി!!

"ജനതകളുടെ ഇടയിലേക്ക് നോക്കി വിസ്മയഭരിതരാകുവിൻ പറഞ്ഞാൽ വിശ്വസിക്കാനാവാത്ത ഒരു പ്രവൃത്തി നിങ്ങളുടെ നാളുകളിൽ ഞാൻ ചെയ്യാൻ പോകുന്നു" (ഹബക്കുക്ക് 1, 5).

***ടെക്നോപാർക്കിൽ ജോലി ചെയ്യുന്ന നവീൻ, ഭാര്യ ജോസിനോടും മകൾ നതാനിയയ്ക്കുമൊപ്പം തിരുവനന്തപുരത്ത് താമസിക്കുന്നു.***



ഒരു ജീവനുവേണ്ടി അനേകം ജീവനുകളെ നശിപ്പിക്കാൻ കൂട്ടുനിൽക്കുന്നതിനെക്കാൾ നല്ലത് കുട്ടികൾ ഇല്ലാതിരിക്കുന്നതാണെന്ന് ഞങ്ങൾ തീരുമാനിച്ചു.

# പുഷ്പ
## വിശ്വസിച്ച





# ിരുന്നു

വിശ്വാസത്തിന്റെ ഏറ്റവും നല്ല വചനമായി കണക്കാക്കപ്പെടുന്നത് സാധാരണയായി കേട്ട് പരിചയമുള്ള "വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്" (ഹെബ്രാ 11,1).

എന്നാൽ, ഇനി പറയാൻ പോകുന്ന ഒരു ജീവിത സാക്ഷ്യം വിശ്വാസത്തിന്റെ മറ്റൊരു തലത്തെക്കുറിച്ച് ചിന്തിക്കാൻ നമ്മളെ പ്രേരിപ്പിക്കും. സാധാരണയായി നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നത് പ്രതിസന്ധി ഘട്ടങ്ങളിലാണ്. ആ പ്രതിസന്ധിയെ തരണം ചെയ്യുമ്പോൾ വിശ്വാസം വിജയിച്ചതായി ഞാൻ കണക്കാക്കിയിരുന്നു. ഓരോ തവണ വിജയിക്കുമ്പോഴും ഞാൻ ദൈവത്തോടുള്ള വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുന്നതായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. ഞാൻ പറയാൻ പോകുന്ന സാക്ഷ്യം എന്റെ വിശ്വാസ ജീവിതത്തെത്തന്നെ ചോദ്യമുനയിൽ നിറുത്തി.

നഴ്സസ് മിനിസ്ട്രിയുടെ ഔട്ട്റീച്ച് പ്രോഗ്രാമിനെ സംബന്ധിച്ച മീറ്റിംഗിൽ പങ്കെടുക്കുമ്പോഴാണ് ഞങ്ങളുടെ ടീം മെമ്പറായ പുഷ്പ, തന്റെ ജീവിതത്തിൽ സംഭവിച്ച ഒരു വിഷമകരമായ അവസ്ഥയിൽ ദൈവത്തിന്റെ കരുതലിനെ അനുഭവിക്കാൻ കഴിഞ്ഞു എന്ന് പങ്കുവച്ചത്. പുഷ്പയുടെ ജീവിതത്തിൽ സംഭവിച്ച കാര്യങ്ങൾ എനിക്കറിയാവുന്നതുകൊണ്ട്, എങ്ങനെയാണവൾ അവതരിപ്പിക്കുന്നത് എന്നറിയാൻ ഞാൻ കാത്തിരുന്നു. വർഷങ്ങളായി ജീസസ് യൂത്തിൽ സജീവമായി പ്രവർത്തിക്കുന്നയാളാണ് പുഷ്പ. മാട്രിമോണിയൽ സൈറ്റിൽ പോലും വിവാഹശേഷം ജീസസ് യൂത്ത് പ്രവർത്തനം തുടരാൻ സമ്മതിക്കുന്നവർ മാത്രം മതിയെന്ന് അവൾ നിർബന്ധം പിടിച്ചിരുന്നു. വിവാഹിതയായി ഒരു വർഷത്തിനു ശേഷം തനിക്കൊരു കുഞ്ഞ് ജനിക്കാൻ പോകുന്ന കാര്യം അറിഞ്ഞപ്പോൾ മുതൽ ആ കുഞ്ഞിനുവേണ്ടി അവർ പ്രാർഥിച്ചു തുടങ്ങിയിരുന്നു. അങ്ങനെയിരിക്കെ അഞ്ചാം മാസത്തെ സ്കാനിംഗിൽ ഡോക്ടർ ഞെട്ടിക്കുന്ന ആ സത്യം അവരോട് പറഞ്ഞു. കുഞ്ഞിന്റെ ഹൃദയം ശരിയായി രൂപപ്പെട്ടിട്ടില്ലായെന്നും ജനിച്ചു കഴിഞ്ഞാലും അധികം ആയുസ്സ് കാണില്ലായെന്നും ഡോക്ടർ പറയാതെ തന്നെ നഴ്സായ പുഷ്പയ്ക്കു മനസ്സിലായി. കുഞ്ഞിനെ അബോർട്ട് ചെയ്യുന്നതാണ് നല്ലതെന്ന് ഡോക്ടർ പറഞ്ഞു. ജീവന്റെ വിലയറിയുന്ന അവൾ അതിനു തയ്യാറായില്ല. ഗർഭപാത്രത്തിൽ രൂപപ്പെടുമ്പോൾ മുതൽ കുഞ്ഞിനു ജീവനുണ്ട് എന്ന് പ്രോ-ലൈഫർ ആയ പുഷ്പ വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ അബോർഷൻ ഒരു കൊലപാതകമാണെന്ന് അവൾക്കറിയാമായിരുന്നു.

പ്രാർഥനയുടെയും ത്യാഗങ്ങളുടെയും ദിനങ്ങളായിരുന്നു പിന്നീട്. അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവത്തിൽ അവൾക്ക് വിശ്വാസമുണ്ടായിരുന്നു. അവരൊരുമിച്ച് ധ്യാനങ്ങളിലും പ്രാർഥനകളിലും പങ്കെടുത്തു. ദിവസങ്ങളും മാസങ്ങളും കടന്നുപോയി. പക്ഷേ, ഒരത്ഭുതവും നടന്നില്ല. അവസാനം സിസേറിയൻ വഴി ഒരാൺകുഞ്ഞിനു ജന്മം നൽകി. രണ്ടു ദിവസത്തെ പോരാട്ടത്തിനൊടുവിൽ അവൻ അവളുടെ കൈകളിൽ കിടന്നു ഈ ലോകത്തോട് വിട പറഞ്ഞു. മരിക്കുന്നതിന് മുൻപ് അവർ മാമോദീസ നൽകി അവനു പേരും നൽകി. ആരുമറിയാതെ ചവറ്റു കൂനയിൽ എറിയപ്പെടുന്ന ഒരു ഭ്രൂണമായി മാറാൻ അവനെ അവളനുവദിച്ചില്ല. അന്തസ്സുള്ള ഒരു മരണം അവർ ഉറപ്പാക്കി.

> കേട്ടിരുന്ന ചിലർ അത്ഭുതത്തോടെ കണ്ണുകൾ വിടർത്തി, മറ്റു ചിലരുടെ കണ്ണുകൾ നിറഞ്ഞൊഴുകി, ഇനിയും ചിലർ കണ്ണുകളടച്ച് അവൾക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടിരുന്നു.

പിന്നീടവൾ പറഞ്ഞത് എനിക്ക് പൂർണമായും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല; പക്ഷേ, അവളെ അറിയുന്നവർക്ക് മനസ്സിലാവും ആ വാക്കുകൾ അവളുടെ ഹൃദയത്തിൽ നിന്നാണ് വരുന്നതെന്ന്, "ഞാൻ ഭാഗ്യവതിയാണ്, കാരണം എന്റെ കുഞ്ഞിനെ എന്റെ കൈകളിൽ താലോലിക്കാൻ ദൈവം എന്നെ അനുവദിച്ചു. ആ കുഞ്ഞുമുഖത്ത് ഉമ്മവയ്ക്കാൻ അവസരം തന്നു, അവനുവേണ്ടി പ്രാർഥിക്കാൻ ഭൂമിയിൽ ഒരുതുണ്ട് നിലം കൊടുക്കാൻ എനിക്ക് പറ്റി, അവനെ ദൈവരാജ്യത്തിലേക്ക് പടികടത്തിവിടാൻ വേണ്ടി മാമോദീസ കൊടുക്കാനും എനിക്ക് സാധിച്ചു. ഏറ്റവും പ്രധാനമായി ചില അമ്മമാരെ പോലെ സ്വന്തം കുഞ്ഞിനെ കൊലക്ക് കൊടുത്തിട്ട് ജീവിതകാലം മുഴുവൻ ആ കുറ്റബോധത്തിൽ കഴിയാൻ ദൈവം എന്നെ അനുവദിച്ചില്ല. ഇതിൽ കൂടുതൽ എന്തുവേണം എനിക്ക് എന്റെ ഈശോയോട് നന്ദി പറയാൻ" അവൾ പറഞ്ഞു നിറുത്തി. കേട്ടിരുന്ന ചിലർ അത്ഭുതത്തോടെ കണ്ണുകൾ വിടർത്തി, മറ്റു ചിലരുടെ കണ്ണുകൾ നിറഞ്ഞൊഴുകി, ഇനിയും ചിലർ കണ്ണുകളടച്ച് അവൾക്കുവേണ്ടി പ്രാർഥിച്ചുകൊണ്ടിരുന്നു.

ഇന്നും അവൾ ഈശോയ്ക്കുവേണ്ടി ഓടിക്കൊണ്ടിരിക്കുന്നു, ലേശംപോലും പരിഭവമില്ലാതെ. അവളുടെ വാക്കുകൾ ഒരുപാട് അമ്മമാർക്ക് ധൈര്യം പകരുന്ന ഔഷധമായി. മാതൃത്വത്തിന്റെ മഹത്വം മനസ്സിലാക്കി, ഒരുങ്ങിക്കൊണ്ട് ആ ജീവിതത്തിലേക്ക് കടക്കാനും, തങ്ങളുടെ ഉള്ളിലുള്ള ജീവനെ, തന്നെപ്പോലെതന്നെ സ്നേഹിക്കാനും അവരെ സഹായിക്കുന്നു.

പ്രാർഥിച്ചിട്ട് ലഭിക്കുന്ന അനുഗ്രഹങ്ങൾക്ക് മാത്രമല്ല, ലഭിക്കാതെ പോയ കാര്യങ്ങൾക്കും നന്ദി പറയാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. തുടക്കത്തിൽ പറഞ്ഞ വചനം പോലെ കാണപ്പെടാത്തവ ഉണ്ട് എന്നുള്ള ബോധ്യവും വിശ്വാസം തന്നെയാണ്.

***ലേഖകൻ ബാംഗ്ലൂരിലെ ഈസ്റ്റ് പോയിന്റ് നഴ്സിങ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായി സേവനം അനുഷ്ഠിക്കുന്നു. ഭാര്യ സ്റ്റെഫിയോടും മകളോടുമൊപ്പം ബാംഗ്ളൂരിൽ താമസം.***



**മിഷൻ/മൈസ്റ്റോറി** - ഡോൺ ജോസഫ്, പാലാ

# മലമുകളിൽ ഒരു പ്രത്യാശയുടെ നക്ഷത്രം

ദൈവമേ, നന്ദിയെന്നല്ലാതെ എന്തു ഞങ്ങൾ പറയേണ്ടു. ചെറുപ്പത്തിൽ ആരോടോ ചോദിച്ചത് ഞാനോർക്കുന്നു, ചിരിക്കുന്ന മനുഷ്യർ സ്വാർഥരല്ലേ? ലോകത്ത് മനുഷ്യർ കരയുമ്പോൾ എങ്ങനെ ചിരിക്കാൻ സാധിക്കും? അന്ന് ഏതോ ഒരു മനുഷ്യൻ ചോദിച്ചു, ചെറുപ്പത്തിലേ നിനക്ക് വട്ടു പിടിച്ചോ? ഇല്ല, ഞങ്ങൾക്ക് ഇപ്പോഴാണ് വട്ടു പിടിച്ചത്. നന്ദി ക്രിസ്തുവേ, നിന്റെ സ്നേഹത്തിന്റെ ഒരു കിരണം ഞങ്ങളിൽ സ്പർശിക്കാൻ അങ്ങ് അനുവദിച്ചതിന്, നിന്റെ സ്നേഹം നിറച്ച് ഞങ്ങളെ ഭ്രാന്തരാക്കിയതിന്.

ഞങ്ങൾ പോയത് വസ്ത്രം കൊടുക്കാനായിരുന്നു ഒപ്പം ക്രിസ്തുവിന്റെ സ്നേഹവും. ഒറീസയിലെ മലനിരകളിൽ ഒളിഞ്ഞുകിടക്കുന്ന ഒരു ആദിവാസി ഗ്രാമം. നഗരങ്ങളുടെ ഒച്ചപ്പാടിൽനിന്ന് ഏറെ അകലെയായിരുന്നു ഇവിടം. ഞങ്ങൾ അവിടെയെത്തി. ദാരിദ്ര്യം മാത്രം... തകർന്ന കൂരകൾ, ഉപേക്ഷിക്കപ്പെട്ട വീടുകൾ, പാടുപെടുന്ന അമ്മമാർ, ശൂന്യമായ പാത്രങ്ങൾ ഇതൊക്കെ കാണാനായി. പക്ഷേ, അതിനകത്തും നാം കണ്ടു പുഞ്ചിരിയുള്ള മുഖങ്ങൾ, അതീവ ലാളിത്യം നിറഞ്ഞ ഹൃദയങ്ങൾ, ഒന്നുകൂടെ ആഴത്തിൽ നോക്കിയപ്പോൾ ഞങ്ങൾക്ക് മനസ്സിലായി ഞങ്ങൾ തേടിയ ക്രിസ്തു ഇവിടുണ്ടെന്ന്.

ഞങ്ങൾ കൊണ്ടുവന്നത് വസ്ത്രങ്ങളായിരുന്നു, കൂടെ അമ്മ മരിയയുടെ സ്കാപുലർ. നിങ്ങൾ ഒറ്റയ്ക്കല്ല എന്ന് ഓർമപ്പെടുത്താൻ, അമ്മയുടേതാണ് എന്ന് ഓർമിപ്പിക്കാൻ. ചില ചെറുപ്രോഗ്രാമുകൾ. ചെറുകളികൾ, ചിരികൾ, സംഗീതം, സ്നേഹത്തിന്റെയും ദൈവാനുഭവത്തിന്റെയും നിമിഷങ്ങൾ. ഒടുവിൽ, അവരെ അമ്മ മരിയയുടെ നിർമലഹൃദയത്തിന് സമർപ്പിച്ചു, അവർക്കുവേണ്ടി അമ്മ കനിവോടെയിരിക്കാൻ. ഇതിന് ഞങ്ങൾ പേരിട്ടത് Hope (പ്രത്യാശ).

ഇവരുടെ വേദനകൾ ഞങ്ങളുടെ ദൗത്യമായി. ഇവരുടെ പുഞ്ചിരി ഞങ്ങളുടെ പ്രതിഫലമായി. നാം കരുതിയത് വെളിച്ചം കൊണ്ടുവരാനാണെന്ന്; പക്ഷേ, അവർ തന്നെയാണ് നമ്മളെ പ്രകാശിപ്പിച്ചത്. പോപ്പ് ഫ്രാൻസിസ് പറഞ്ഞ പോലെ: 'ദരിദ്രർ നമ്മെ രക്ഷിക്കുന്നു. കാരണം അവരാണ് ക്രിസ്തുവിന്റെ മുഖം നമ്മെ കാണിക്കുന്നത്.'



**മിഷൻ/മൈസ്റ്റോറി** – ഡയാന ഡേവിസ്, തൃശൂർ

# എല്ലാം സ്നേഹത്തെപ്രതി

കുന്നിൻ മുകളിൽ സ്ഥാപിച്ചിരിക്കുന്ന 18 അടി ഉയരമുള്ള ഒരു വിശുദ്ധ കുരിശ്. താഴ്വാരത്തിൽ മനോഹരമായ ഒരു ദേവാലയം. കൂറ്റൻ പന്തലുകളും, ചുറ്റിനും തിങ്ങിനിറഞ്ഞ ജനങ്ങളും. എല്ലായിടത്തുനിന്നും ആരവങ്ങളും ആഘോഷങ്ങളും കേൾക്കാം. കൂട്ടത്തിൽ ഭക്തിസാന്ദ്രമായ ഒരു പ്രാർഥനയും. 'ദേവ വരപ്രസാദമു ചെയ്ത പൊന്ദിന മറിയമ്മ." അന്ന് വിജയവാഡയിലെ ഗുണദല മാതാവിന്റെ തിരുനാൾ ആയിരുന്നു. ഏറെ അത്ഭുതങ്ങൾ നടന്നിട്ടുള്ള ആ ഗുണദല മാതാവിന്റെ സന്നിധിയിൽ നിന്നാണ് എന്റെ മിഷന്റെ ആരംഭം.

പൊള്ളുന്ന വേനലിൽ ഏറെ സന്തോഷത്തോടെ സിസ്റ്റർ ദർശനയ്ക്കൊപ്പം വിജയവാഡയിലെ വീടുസന്ദർശനം. നെൽപാടങ്ങൾ നിറഞ്ഞ ഗ്രാമങ്ങളിൽ അനേകം ഒറ്റമുറി  വീടുകൾ. ഉൾപ്രദേശങ്ങളിലേക്ക് പോകുന്തോറും ഒരു വാഹന സൗകര്യവുമില്ലാത്ത പ്രദേശങ്ങൾ. എങ്കിലും ജപമാല ചൊല്ലി ഞാനും സിസ്റ്ററും നടന്നു നീങ്ങി. വളരെ സ്നേഹത്തോടെ ഓടിവന്ന് ഞങ്ങളെ അവർ വരവേറ്റു. ഒരുപാട് കാര്യങ്ങൾ ഞങ്ങളോട് അവർ പങ്കുവച്ചു. ഓടിപ്പോയി അടുത്തുള്ള കടയിൽനിന്ന് പാൽ വാങ്ങി ചായയുണ്ടാക്കി തന്നു. ആദ്യത്തെ വീട് സന്ദർശിച്ച് അടുത്ത വീട്ടിലേക്ക് പോകുമ്പോൾ ആ വീട്ടിലെ എല്ലാ കുട്ടികളും ഞങ്ങളുടെ ഒപ്പമുണ്ടായിരുന്നു. അങ്ങനെ ആ ഗ്രാമം മുഴുവൻ സന്ദർശിച്ച് കഴിയുമ്പോഴേക്കും ആ ഗ്രാമത്തിലെ എല്ലാ കുട്ടികളും ഞങ്ങളെ യാത്രയാക്കാൻ കൂടെയുണ്ടായിരുന്നു. അവർ നമുക്ക് നൽകുന്ന ബഹുമാനവും വാത്സല്യവും എല്ലാം വാക്കുകൾക്കതീതമാണ്. എന്നെ ഏറെ വിസ്മയിപ്പിച്ചത്, കുറേ ദൂരം നടന്ന് ഒരു ഓട്ടോ പോലും കിട്ടാതെ നിൽക്കുന്ന സമയത്ത് ഒരു ബൈക്കുകാരന്റെ മുന്നിൽ സിസ്റ്റർ കൈനീട്ടുമ്പോൾ വളരെ സ്നേഹത്തോടെ സിസ്റ്ററിനെ ആ ബൈക്കിൽ കൊണ്ടുപോയതാണ്. അവിടെ ഞാൻ കണ്ടത് യേശുവിന്റെ സ്നേഹവും കരുതലുമാണ്. അസഹ്യമായ ചൂടിലും ഒരു മടിയും കൂടാതെ സിസ്റ്റർ സുവിശേഷം പ്രഘോഷിക്കുന്നത് കണ്ടിട്ട് എന്റെ തീക്ഷ്ണത വർധിച്ചു.

ഒരു ഞായറാഴ്ച ഞങ്ങൾ മുസ്താബാദ് എന്ന ഗ്രാമത്തിൽ ദിവ്യബലി കഴിഞ്ഞ് അച്ചനെ കാണാൻ നിൽക്കുമ്പോൾ, പല ക്ലാസ്സിലുള്ള കുട്ടികളെ പല വട്ടങ്ങളായി അടക്കിയിരുത്തി അവർക്ക് ഈശോയെ പറഞ്ഞുകൊടുക്കാനായി അദ്ദേഹം വളരെ തിടുക്കത്തിൽ ഓടുകയായിരുന്നു. ഒരു വട്ടത്തിൽ നിന്ന് അടുത്ത വട്ടത്തിലേക്ക് ഓടികൊണ്ട് അദ്ദേഹം ഈശോയുടെ സ്നേഹം പങ്കുവയ്ക്കുന്നു. അങ്ങനെയാണ് ആ ഗ്രാമത്തിലെ വേദോപദേശ ക്ലാസ്സുകൾ നടക്കുന്നത്. ഒരു നിമിഷം ഞാൻ കേരളത്തെപ്പറ്റി ആലോചിച്ചുപോയി. ഒരുപറ്റം അധ്യാപകർ, സിസ്റ്റേഴ്സ്, വൈദികർ എല്ലാം നമുക്കുണ്ട്. എന്നിട്ടും നമ്മുടെ വിശ്വാസം പലപ്പോഴും ശുഷ്കിച്ചു പോകാറുണ്ട്. ആ സ്ഥലത്താണ് അങ്ങ് തെലങ്കാനയിൽ ആ വൈദികൻ ഒറ്റയ്ക്ക് കഷ്ടപ്പെടുന്നത്. ആ അച്ചന്റെ തീക്ഷ്ണത ശരിക്കും എന്റെ കണ്ണുകളെ ഈറനണിയിച്ചു.

മിഷൻ പ്രവർത്തനങ്ങൾക്കായി ജീവിതം പൂർണമായി മാറ്റിവച്ചിരിക്കുന്ന ഒരു പറ്റം വൈദികരെയും സിസ്റ്റേഴ്സിനെയും കണ്ടുമുട്ടാൻ എനിക്ക് സാധിച്ചു. വൈദ്യുതിയോ അടച്ചുറപ്പുള്ള ഒരു വീടോ ഇല്ലാത്ത അവരുടെ ദയനീയ അവസ്ഥ. എന്നാൽ, എല്ലാ സഹനങ്ങളും ഈശോയോടുള്ള സ്നേഹത്തെപ്രതി അവർ സന്തോഷത്തോടെ സ്വീകരിക്കുന്നു. ഒരു പ്രതിഫലവും ആഗ്രഹിക്കാതെ തങ്ങളനുഭവിച്ച രക്ഷകന്റെ സ്നേഹം അനേകരിലേക്ക് എത്തിക്കാൻ ഇന്നും അനേകം മിഷണറിമാർ ഓടിക്കൊണ്ടിരിക്കുന്നു. അവർ ഒരുപടി ഈശോയ്ക്കുവേണ്ടി എടുത്തുവച്ചാൽ ബാക്കി എല്ലാ പടികളും ഈശോ പൂർത്തീകരിക്കും. ഈശോയെ എല്ലാ മിഷണറിമാരെയും അനുഗ്രഹിക്കണമേ.

"നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16, 15).



**വാർത്താവിചാരം - സണ്ണി കോക്കാപ്പിള്ളിൽ**

# അന്തസ്സില്ലാത്തവർ

രാഷ്ട്രീയക്കാരെ, മാധ്യമപ്രവർത്തകരെ ഇനിയെങ്കിലും ഇമ്മാതിരി അന്തസ്സുകെട്ട പ്രചരണവുമായി നിങ്ങൾ വരരുതേ. നിങ്ങൾ വിചാരിക്കുന്നതുപോലെ അല്ലെങ്കിൽ നിങ്ങളെപ്പോലെ ആരുടെയെങ്കിലും ഗർഭക്കഥകൾ കേട്ട് രോമാഞ്ചം കൊള്ളുന്നവരാണ് ഞങ്ങളെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ അത് തെറ്റിപ്പോയി. നാട് അഭിമുഖീകരിക്കുന്ന ഒരു നൂറായിരം പ്രശ്നങ്ങളിൽ ചർച്ചകളും സംവാദങ്ങളും നടക്കേണ്ട ഒരു ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മാന്യത നഷ്ടപ്പെട്ടവരുടെ അവിഹിത കഥകൾ കൊണ്ട് നിറയ്ക്കുന്ന അധമ സംസ്കാരത്തെയോർത്ത് ലജ്ജിക്കുന്നു.



ഇക്കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ജനങ്ങളുടെയും ചിന്താഗതിയാണ് മേൽ വിവരിച്ചത്. ലോകപ്രസിദ്ധമായ ഒരു ക്ഷേത്രത്തിലെ സ്വർണം കട്ടുവിറ്റകാര്യം അലയടിച്ചു നിൽക്കുകയും ഭരണവർഗത്തിന് അത് ദോഷകരമായി ബാധിക്കുകയും ചെയ്ത നിമിഷത്തിൽ ജനങ്ങളുടെ ശ്രദ്ധയെ തിരിച്ചുവിടാൻ പൊതുജനസേവകൻ പാലിക്കേണ്ട മാന്യത കാക്കാതെ പോയ ഒരുവന്റെ അവിഹിത കഥകൾക്ക് പൊടിപ്പും തൊങ്ങലുംവച്ച് എല്ലിൻ കഷണം പട്ടിക്ക് ഇട്ടു കൊടുക്കുന്നതുപോലെ വിളമ്പി നൽകി ആരെയാണ് പറ്റിക്കുന്നത്?

ഈ ദിനങ്ങളിൽ ധാരാളം പേർ ടി.വി. ഓഫ് ചെയ്തു. യഥാർഥത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതും കേരളം അഭിമുഖീകരിക്കുന്നതുമായ എണ്ണിയാലൊടുങ്ങാത്ത വിഷയങ്ങൾ തത്പരകക്ഷികൾ മൂടിവച്ചാലും സാമാന്യജനം ചിന്തിക്കാതെ പോകരുത്.

# കടം ₹ 6 ലക്ഷം കോടി

ഏതാനും വർഷങ്ങൾക്കു മുമ്പ് കേരളത്തിന്റെ കടം ഒന്നര ലക്ഷം കോടി രൂപയായിരുന്നു. ഇപ്പോൾ ഏകദേശം 6 ലക്ഷത്തിലേക്ക് വളർന്നിരിക്കുന്നു. ഒരു വർഷം ഇത്രയും തുകയുടെ പലിശ അടയ്ക്കണമെങ്കിൽ എത്ര കണ്ടെത്തണം. കടമെടുത്തു പാപ്പരായ അനേകം രാജ്യങ്ങളുടെ അനുഭവം നമുക്ക് മുമ്പിലുണ്ട്. ഇത്രയും തുക കടമെടുത്തിട്ടും ഇവിടുത്തെ തൊഴിൽ സാധ്യത വർധിച്ചോ!?

ഓരോ വർഷവും ലക്ഷക്കണക്കിന് ചെറുപ്പക്കാർ ഇവിടെനിന്ന് വിദേശത്തേക്ക് പലായനം ചെയ്യുന്നതിന്റെ അടിസ്ഥാന കാരണം എന്താണ്? ഇവിടുത്തെ  അടിസ്ഥാനവർഗത്തിന് ജീവിതമാർഗം കണ്ടെത്താൻ കഴിഞ്ഞോ? സൗജന്യ അരിവിതരണം ഉള്ളതുകൊണ്ട് ഏറ്റവും പാവപ്പെട്ടവർ ജീവൻ നിലനിർത്തുന്നു എന്ന് മാത്രം.

സർക്കാർ ആശുപത്രികളിലെ സ്ഥിതി എത്ര പരിതാപകരം എന്ന് ഓരോ ദിനവും പത്രവാർത്തകളിലൂടെ നാമറിയുന്നു. വൻകിട ആശുപത്രികളിലേക്ക് സാധാരണക്കാർക്ക് എത്തി നോക്കാൻ പോലും കഴിയുന്നില്ല. തൊഴിലില്ലായ്മ അതിരൂക്ഷമായി നിലനിൽക്കുമ്പോൾത്തന്നെ കാർഷിക ജോലികൾക്കോ വീട്ടുജോലികൾക്കോ ഇവിടെ ആളെ കിട്ടാനുമില്ലെന്ന വൈരുധ്യം നിലനിൽക്കുന്നു.



# അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ക്രൈസ്തവർ

പ്രത്യേക സംവരണങ്ങൾ ഒന്നുമില്ലാത്ത ക്രൈസ്തവരുടെ ഉദ്ധാരണത്തിന് പ്രത്യേക നിർദേശങ്ങളുള്ള ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യം ഇപ്പോൾ കേൾക്കാനില്ല. മുസ്ലിങ്ങളുടെ ഉന്നമനത്തിനു വേണ്ടിയുള്ള പാലൊളി കമ്മിറ്റി റിപ്പോർട്ട് കിട്ടിയപാടെ നടപ്പിലാക്കാൻ എന്തുത്സാഹമായിരുന്നു. യഥാർഥത്തിൽ ഇന്ന് നിലവിലുള്ള എല്ലാ സംവരണങ്ങളും നിറുത്തുകയും, സാമ്പത്തിക സ്ഥിതിയനുസരിച്ച് എല്ലാവർക്കും സംവരണം ഏർപ്പെടുത്തുകയും ചെയ്യേണ്ട കാലം അതിക്രമിച്ചു. നീതിയുക്തമായി എല്ലാവരിലേക്കും ആനുകൂല്യം കിട്ടാൻ അതാണ് വഴി.

വനാതിർത്തി നിശ്ചയിക്കൽ, വന്യമൃഗ ആക്രമണം, ഈ.ഡബ്ലിയു.എസ്., ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ തരംതിരിവ്, ഭിന്നശേഷി നിയമന ഉത്തരവ്, മുനമ്പം പോലുള്ള വഖഫ് വിഷയങ്ങൾ എന്ന് തുടങ്ങി നിരവധി പ്രശ്നങ്ങൾ ക്രൈസ്തവ സമുദായത്തിന്റെ മുമ്പിലുണ്ട്. ഇങ്ങനെ നിരവധിയായ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടേണ്ട ഒരു അവസരത്തെയാണ് അവിഹിത കഥകളുമായി തരംതാണ രീതിയിൽ മറച്ചുവയ്ക്കുന്നത്. വർഷങ്ങൾക്ക് മുമ്പ് ഒരു ജനകീയ നേതാവിനെ ഒരു അഭിസാരികയെക്കൊണ്ട് തറപറ്റിച്ച സംഭവമുണ്ട്. അവിഹിതമെന്ന എന്തുകേട്ടാലും വായിൽ വിഴുങ്ങുന്ന ജീർണ സംസ്കാരമുള്ള ജനത അന്ന് പറ്റിക്കപ്പെട്ടെങ്കിലും ഒട്ടനകം പേർ ഇത്തരം കുതന്ത്രങ്ങളെ തിരിച്ചറിയുകയും ഇത്തരം കേട്ടുകേൾവികളെ വിവേകത്തോടെ സമീപിക്കുകയും ചെയ്ത കാര്യം അധമ സംസ്കാരത്തിൽ ജീവിക്കുന്നവർ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ലെന്ന് വേണം കരുതാൻ..

## 'ഇര'കളോട് ഒരു വാക്ക്

മുൻകാലങ്ങളിൽ പ്രണയത്തിന്റെ മൂർധന്യത്തിൽ ശാരീരിക ബന്ധത്തിലേക്ക് ചിലരെങ്കിലും കടന്നുപോകുമായിരുന്നു. എന്നാൽ, ഇന്ന് ശാരീരിക ബന്ധത്തിലൂടെയാണുപോലും പ്രണയത്തിലേക്ക് കടക്കുന്നത്. പ്രണയ പരവശനായി ഒരു പുരുഷൻ ലോഡ്ജിലേക്കോ റിസോർട്ടിലേക്കോ വിളിക്കുന്നത് പുത്തൻ പടത്തിന്റെ കഥപറയാനല്ലെന്ന് മനസ്സിലാക്കാനുള്ള സാമാന്യബുദ്ധി നിങ്ങൾക്ക് ഇല്ലാതെ പോകുന്നു. ഗർഭംധരിക്കുക എന്നൊരു ബാധ്യത അടച്ചിട്ട മുറിക്കുള്ളിലുണ്ടെന്നും, അത് ലാഘവത്തോടെ കരുതാനുള്ളതല്ലെന്നും നിങ്ങൾ പഠിക്കുന്നില്ലേ!? ഉഭയസമ്മതത്തോടെ എല്ലാം നടത്തിയിട്ട് പരസ്പരം അകന്നു കഴിയുമ്പോൾ ഇരവാദം ഉയർത്തിയാൽ അത് യുക്തിസഹജമല്ലെന്ന് പരമോന്നത കോടതിതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പൊതുജനവും ഇപ്പോൾ മുൻകാലത്തേതുപോലെ പിന്തുണയ്ക്കുന്നുമില്ല.

## സ്വർണക്കൊള്ള വിഷയം

ഒരു മതത്തിന്റെ ആത്മീയ കേന്ദ്രത്തിലേക്ക് ഭക്തർ നൽകുന്ന കാണിക്കകൾ യാതൊരുളുപ്പുമില്ലാതെ പോക്കറ്റിലാക്കുന്ന ഭരണകർത്താക്കളെ എന്ത് പേരിട്ടാണ് വിളിക്കുക. ഈശ്വരന് നിവേദിച്ച ഒന്നിനെ സ്വാർഥപരമായി തട്ടിയെടുക്കുന്നുവെങ്കിൽ ദൈവവിശ്വാസമോ ഭയമോ ഇല്ലാത്തതാണ് അടിസ്ഥാന കാരണം. അവിശ്വാസികൾ ആത്മീയ മേഖല കൈകാര്യം ചെയ്താൽ എങ്ങനെയായിരിക്കും എന്നുള്ളതിന് ദൃഷ്ടാന്തമാണ് ശബരിമല ക്ഷേത്രത്തിലെ സ്വർണക്കൊള്ള.

# പൊതുപ്രവർത്തകർ ശുദ്ധരാകണം

രാജ്യത്തിന്റെ നിയമത്തിന് വിരുദ്ധമായി ഞാൻ ഒന്നും ചെയ്തിട്ടില്ല എന്നുപറയുമ്പോഴും ധാർമികതയും മാന്യതയും പാലിക്കാൻ ഒരു പൊതുപ്രവർത്തകൻ പരിശ്രമിക്കണം. എത്രമാത്രം കഴിവുറ്റവനെങ്കിലും സുതാര്യതയും നീതിയും സത്യസന്ധതയും പുലർത്തണം. മറ്റുള്ളവർക്ക് പറയാൻ ഇടം കൊടുക്കത്തക്കവിധം ബലഹീനതകൾ സംഭവിക്കാതെ സൂക്ഷിക്കണം. പ്രസംഗത്തിലും പ്രവർത്തനങ്ങളിലും മാത്രം മിടുക്ക് കാണിച്ചാൽ പോരാ, സ്വഭാവ ശുദ്ധിയിലും മികവ് പുലർത്തണം. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാതെ വരുമ്പോൾ അവരുടെ നേരെ തുണിപൊക്കി കാണിക്കുന്നത് പോലെയാണ് ഇപ്പോഴത്തെ സംഭവവികാസങ്ങൾ ജനങ്ങൾക്ക് അനുഭവപ്പെടുന്നത്. ഇത്തരം കൂത്താട്ടങ്ങളെ കാണുമ്പോൾ അറപ്പും വെറുപ്പും കഷ്ടവും തോന്നുന്നു.

**സ്മാർട്ട് കിഡ്സ് – ചിത്രീകരണം:** വെങ്കി



**കഥ:** സെറീൻ ഏയ്ഞ്ചൽ

# ഈശോകാത്തു

'ഈശോകാത്തു' എന്നാണ് കാത്തു എന്ന കുഞ്ഞുമോളെ സ്കൂളിൽ കൂട്ടുകാരെല്ലാവരും വിളിക്കുന്നത്. കുഞ്ഞുമോളുടെ വീട്ടിൽവിളിക്കുന്ന പേരാണ് കാത്തു. ഇതറിഞ്ഞ കൂട്ടുകാർ അവളെ കാത്തു എന്നുതന്നെയാണ് സ്കൂളിലും വിളിക്കുന്നത്. നാലാം ക്ലാസ്സിലെത്തിയപ്പോൾ കാത്തുവിനെ ഈശോകാത്തു എന്ന കൂട്ടുകാർ വിളിച്ചു തുടങ്ങി. കാരണം, കാത്തു എപ്പോഴും ഈശോയെപ്പറ്റിയാണ് കൂട്ടുകാരോട് പറയുന്നത്. എന്ത് കാര്യത്തിനും അവൾ ഈശോയെ കൂട്ടുപിടിക്കും. ഈശോയാണ് അവളുടെ ചങ്ങാതി. ഈശോ തരും, ഈശോ പറയും, ഈശോ കാത്തുകൊള്ളും, ഈശോ അനുഗ്രഹിക്കും ഈശോയോട് പ്രാർഥിക്കണം എന്നൊക്കെയാണ് എന്തുപറഞ്ഞാലും അവളുടെ വർത്തമാനം. അങ്ങനെയാണവൾക്ക് ഈശോകാത്തു എന്ന പേര് വന്നത്. ടീച്ചേഴ്സിനും അവളുടെ ഈ സ്വഭാവത്തെപ്പറ്റി നന്നായിട്ടറിയാം. അവരും അവളെ ഈശോകാത്തു എന്നുതന്നെ വിളിക്കാനാണ് ഇഷ്ടപ്പെടുന്നത്.

ഒരിക്കൽ കാത്തുവും അവളുടെ കൂട്ടുകാരി തെരേസയും ഒരുമിച്ച് വൈകിട്ട് സ്കൂൾ വിട്ടുപോവുകയാണ്. നടന്നാണ് ഇരുവരും പോകുന്നത്. പ്രധാന റോഡിൽ നിന്ന് വീട്ടിലേക്കുള്ള ചെറിയ റോഡുവഴി അവർ നടക്കുകയാണ്. പെട്ടെന്നാണ് കുരച്ചുകൊണ്ട് ഒരു പട്ടി അവർക്കുനേരെ വന്നത്. രണ്ടുപേരും ഞെട്ടിത്തിരിഞ്ഞു നോക്കി. അതാ പട്ടി തൊട്ടടുത്ത്. ഒരു പ്രത്യേക സ്വരമുണ്ടാക്കി പട്ടി അവരെത്തന്നെ തുറിച്ചു നോക്കി നിൽക്കുകയാണ്. തെരേസ ബഹളംവച്ച് കരയാൻ തുടങ്ങി. ഉടനെ കാത്തു അവളുടെ കൈക്കുപിടിച്ച് അവളെ സമാധാനിപ്പിച്ചു. കാത്തു കണ്ണുമിഴിച്ച് പട്ടിയുടെ നേരെ നോക്കിക്കൊണ്ടു പറഞ്ഞു: "എന്താടാ ഇങ്ങനെ നോക്കുന്നത്, പേടിപ്പിക്കാതെ വേഗം പൊയ്ക്കോണം." പട്ടി വീണ്ടും മുരണ്ടു മുരണ്ട് കുരച്ചു. 'ഈശോയെ കാത്തുകൊള്ളണേ' എന്ന് മനസ്സിൽ പറഞ്ഞ് അവൾ പട്ടിയോട് പറഞ്ഞു: "ഈശോ നിന്നെ ശരിയാക്കും. മര്യാദയ്ക്ക് ഉപദ്രവിക്കാതെ പൊയ്ക്കോണം... പോടാ." ഇതു കേട്ടതും ആ പട്ടി കുരയൊക്കെ നിറുത്തി തിരികെ പോയി. ആപത്തിൽ ഈശോ കാത്തതോർത്ത്



കാത്തുവിന് വീണ്ടും അത്ഭുതം. കൂട്ടുകാരി തെരേസയും അതുകണ്ട് അത്ഭുതപ്പെട്ടു. അന്നാണ് കാത്തുവിന്റെ ഈശോയുടെ സഹായം തെരേസ നേരിട്ടുകണ്ടത്. പട്ടി തിരികെ പോയി കഴിഞ്ഞപ്പോൾ തെരേസ കാത്തുവിനോടു പറഞ്ഞു എനിക്ക് ഇപ്പഴാ മനസ്സിലായത് വെറുതെയല്ല കൂട്ടുകാർ നിന്നെ ഈശോകാത്തു, ഈശോകാത്തു എന്ന് വിളിക്കുന്നത്. ഈശോ ശരിക്കും കാത്തല്ലോ! കാത്തു ചിരിച്ചുകൊണ്ട് തെരേസയോടൊപ്പം വീട്ടിലേക്ക് നടന്നു.

പിറ്റേന്ന് വീണ്ടും എല്ലാവരും സ്കൂളിലെത്തി. രാവിലത്തെ ക്ലാസ്സുകൾ കഴിഞ്ഞ് ഉച്ചയ്ക്ക് ഭക്ഷണത്തിനുള്ള ബെല്ലടിച്ചു. എല്ലാവരും കൈകഴുകി വന്ന് ലഞ്ച് ബോക്സ് തുറന്ന് ഭക്ഷണത്തിനിരുന്നു. വർത്തമാനം പറഞ്ഞും തമാശ പറഞ്ഞും എല്ലാവരും ഭക്ഷണം കഴിക്കുന്നതിനിടയിലാണ് കാത്തു അനന്തുവിനെ ശ്രദ്ധിച്ചത്. അവൻ ഇടതു കൈകൊണ്ട് പാത്രം മറച്ചുപിടിച്ച് ബ്രഡ് തിന്നുന്നത് അവൾ കണ്ടു. ചുവന്ന നിറത്തിലുള്ള ജാം പുരട്ടിയ ബ്രഡ് ആണ് അവൻ കഴിക്കുന്നത്. ചിരിച്ചു കളിച്ചുകൊണ്ട് എല്ലാവരും ഭക്ഷണം കഴിക്കുന്നതിനിടയിൽ കാത്തു തന്റെ പാത്രവുമായി അനന്തുവിന് അടുത്തെത്തി. ആരും അറിയാതെ അവളുടെ പാത്രത്തിൽനിന്ന് താൻ കഴിച്ചു കൊണ്ടിരുന്ന ബിരിയാണിയിൽ കുറച്ചെടുത്ത് അവന്റെ പാത്രത്തിലേക്ക് കൈകൊണ്ട് ഇട്ടുകൊടുത്തു. എന്നിട്ട് അവൾ അനന്തുവിനെ കണ്ണടച്ചു കാണിച്ചു. ആരും കണ്ടിട്ടില്ല കഴിച്ചോളൂ എന്നാണവൾ പറഞ്ഞതെന്ന് അവന് മനസ്സിലായി. അനന്തു ചിരിച്ചുകൊണ്ട് ബിരിയാണി കഴിച്ചു. കൈ കഴുകാൻ ക്ലാസ്സിൽ നിന്നിറങ്ങിയപ്പോൾ വാതിൽക്കൽ നിന്നിരുന്ന അവരുടെ ക്ലാസ്സ് ടീച്ചർ ആനി ടീച്ചർ കാത്തുവിനെയും അനന്തുവിനെയും കണ്ടു."കാത്തു, ബിരിയാണി എങ്ങനെയുണ്ട് അടിപൊളിയാണല്ലേ!? അനന്തൂ, നിനക്കിഷ്ടപ്പെട്ടോ?" ചിരിച്ച് തോളത്തു തട്ടി കാത്തുവിനോട് ടീച്ചർ പറഞ്ഞപ്പോൾ അവൾക്ക് കാര്യം മനസ്സിലായി. താൻ ഭക്ഷണം പങ്കുവച്ചത് ടീച്ചർ കണ്ടിരിക്കുന്നു. "മോളെ കാത്തു, നിന്നെ വെറുതെയല്ല എല്ലാവരും ഈശോകാത്തു" എന്ന് വിളിക്കുന്നത്. നീ ശരിക്കും ഈശോയുടെ കാത്തു തന്നെയാണെടീ. അതുകൊണ്ടാണല്ലോ എല്ലാവരെയും സഹായിക്കാൻ നിനക്ക് മനസ്സ് വരുന്നത്. അവൾ ചിരിച്ചുകൊണ്ട് കൈ കഴുകാൻ പോയി.

അന്നുച്ചകഴിഞ്ഞ് ആനി ടീച്ചർ ക്ലാസ്സിലെത്തിയപ്പോൾ ഉച്ചയ്ക്ക് താൻകണ്ട ഭക്ഷണം പങ്കുവയ്ക്കലിനെ കുറിച്ച് ആരുടെയും പേര് പറയാതെ ആനി ടീച്ചർ കുട്ടികളോട് സംസാരിച്ചു. അവസാനം ടീച്ചർ ഇങ്ങനെ പറഞ്ഞു: "കാത്തു പറയുന്നതുപോലെ ഈശോ നമ്മെ കാത്തുകൊള്ളും. എന്ത് ബുദ്ധിമുട്ടുണ്ടായാലും അത് ഈശോയോട് പറഞ്ഞാൽ അത് നമുക്ക് മാറ്റി തരും. എന്താവശ്യമുണ്ടെങ്കിലും ഈശോയോട് പറഞ്ഞാൽ മതി. ഈശോയാണ് നമ്മുടെ ദൈവം. നമ്മുടെ ഈശോകാത്തുവാണ് ഇക്കാര്യങ്ങൾ പറയാൻ എന്നെയും പ്രേരിപ്പിച്ചത്."

ടീച്ചർ ഇത് പറഞ്ഞു കഴിഞ്ഞപ്പോൾ എല്ലാവരും കാത്തുവിനെ നോക്കി ചിരിച്ചുകൊണ്ട് കൈകളടിച്ചു. പിന്നെ കുറേ നേരത്തേക്ക് ക്ലാസ്സ് നിറയെ കരഘോഷമായിരുന്നു.



# വഴുതന മാത്തൻ



കാർട്ടൂൺ - സിനിൽ കെ.ജെ.






SUBSCRIBE!
TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos MEDIA
Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Date of publication: 01/01/2026, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662